# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2016 ജൂലൈ
വില ₹15




ഇരട്ടി പുണ്യം
കാരുണ്യയും കാരുണ്യ പ്ലസും
കാരുണ്യ പ്ലസ്
എല്ലാ വ്യാഴാഴ്ചയും
ഒന്നാം സമ്മാനം
₹1 കോടി
രണ്ടാം സമ്മാനം
₹15 ലക്ഷം
മൂന്നാം സമ്മാനം
₹5 ലക്ഷം
1 ലക്ഷം വീതം 5 പേർക്ക്
ടിക്കറ്റ് വില ₹50
10000, 5000, 1000, 500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ
കാരുണ്യ
ചികിത്സാ ധനസഹായ പദ്ധതി
കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ
നിന്നുള്ള ലാഭം വിനിയോഗിക്കുന്നു
ഇതുവരെ ചികിത്സാ സഹായമായി 92458
രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ
കാരുണ്യ, കാരുണ്യ പ്ലസ്
ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...
ഇതു നമ്മുടെ
കടമ കൂടിയാണ്
കാരുണ്യ
എല്ലാ ശനിയാഴ്ചയും
ഒന്നാം സമ്മാനം
1 കോടി
ടിക്കറ്റ് വില ₹50
രണ്ടാം സമ്മാനം
₹10 ലക്ഷം
മൂന്നാം സമ്മാനം
₹5 ലക്ഷം
1 ലക്ഷം വീതം 5 പേർക്ക്
10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം
സുതാര്യം
ജനകീയം

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജൂലൈ 2016
വില ₹15
വാർഷികവരിസംഖ്യ ₹160

ഉള്ളടക്കം

## എന്റെ കുട്ടിക്കാലം

**ആർ രാമചന്ദ്രൻ നായർ** 12

കുടുംബത്തിൽ ഒരു ചീഫ്സെക്രട്ടറി വേണം എന്ന് അച്ഛന് ഒരാഗ്രഹം. അവസാനം മകൻ രാമചന്ദ്രൻ അതു സാധിച്ചുകൊടുക്കുക തന്നെ ചെയ്തു. ബാല്യത്തിൽനിന്നും ചീഫ്സെക്രട്ടറിയിലേക്കുള്ള കഥ പറയുകയാണ് ലേഖകൻ എന്റെ കുട്ടിക്കാലം എന്ന പംക്തിയിൽ.



## ഹരിഹരിമാടപ്രാവ്

**പുനരാഖ്യാനം: ഡോ. കെ ശ്രീകുമാർ** 6



'കായാപ്ലാവിൻ പൊത്തിൽ
ഞാനിട്ട പത്തു മുട്ടയെടുത്തു
തരാത്ത തച്ചനാരുടെ ചേമ്പു
കുത്താത്ത കാട്ടുപന്നിയെ
അമ്പെയ്യാത്ത കാട്ടാളന്റെ വില്ലും
ശരവും കുത്തിയൊടിക്കാത്ത
എലിയെ പിടിക്കാത്ത പൂച്ചയെ
കടിക്കാത്ത നായയെ എറിയാത്ത
നായരുടെ മീശ കരിക്കാമോ
തീയേ?'
എന്നിട്ട് തീ എന്തു ചെയ്തെന്നോ?

## കുറ്റസമ്മതം

**ഇ ജിനൻ** 16

തൊട്ടാൽ പിണങ്ങും
ചെടിയേ നിന്നെ
തൊട്ടതെൻ കുറ്റമാണാവോ!

ഇത്രയൊളിക്കുവാ-
നെന്തേ, നിന-
ക്കത്രയ്ക്ക് നാണമാകുന്നോ?



**മുൻമൊഴി** ....................5
സുഗതകുമാരി
**സ്കൂൾഡേയ്സ്**....................9
രാജീവ് എൻ ടി
**കവിതാപരിചയം**....................10
വിഷ്ണുനാരായണൻ നമ്പൂതിരി
**വിൽമ റുഡോൾഫ്**....................18
മോഹൻദാസ് അമ്പാട്ട്
**ജാംബവമാമൻ പറഞ്ഞത്**........21
എം എസ് കുമാർ
**ഉറുമ്പ്**....................24
ഡി പ്രദീപ് കുമാർ
**ജാതകകഥ**....................26
വെങ്കി
**ഇതുവഴി വരുമോ?**....................29
രാജു പാമ്പാടി
**കണക്കിന്റെ അടിസ്ഥാനശിലകൾ**....................30
സൂരജ് പ്രകാശ്
**ഐസ് ബർഗുകൾ** ....................34
ജോസ് ജേക്കബ് മണ്ണിൽ
**കണിയും കൈനീട്ടവും**............36
എം എൻ കാരശ്ശേരി
**വിസ്മൃതമായ രണ്ടു വിദ്യാലയങ്ങൾ**....................38
ഡോ. എം ജി ശശിഭൂഷൺ
**അദ്വൈതാശ്രമത്തിലെ മാവ്**...40
ജോസഫ് പനയ്ക്കൽ
**മഹാഭാരതം**....................48
സുഗതകുമാരി
**ഉണ്ടാക്കാം**....................50
അരവിന്ദ് ഗുപ്ത/ K V Potdar
**അക്ഷരചിത്രം**....................51
ഭരണിക്കാവ് കൃഷ്ണൻ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ & ഡയറക്ടർ
**ഡോ. പോൾ മണലിൽ**
എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ
**സചീന്ദ്രൻ കാറഡ്ക്ക**
ആർട്ട്, ലേ ഔട്ട്
**അരുണ ആലഞ്ചേരി**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# ഒരമ്മയുടെ പ്രഭാതം

**അമ്മ അങ്ങോട്ടോടി ഇങ്ങോട്ടോടി വഴക്കുകളൊതുക്കി മക്കളെ ഒരുക്കി പ്രാതൽ കഴിപ്പിച്ച് ഉച്ചഭക്ഷണം രണ്ടാൾക്കും വേറേ വേറെ പൊതിഞ്ഞുകെട്ടി വഴക്കു പറഞ്ഞത് അവസാനിപ്പിച്ച് കൊച്ചുനെറ്റികളിൽ ഉമ്മ കൊടുത്തു പറഞ്ഞയച്ച്, ഗൃഹനാഥന്റെ പ്രാതൽ മേശപ്പുറത്തു കൊണ്ടുവന്ന് അടച്ചുവച്ച് അദ്ദേഹത്തിന്റെ ഉച്ചഭക്ഷണം ലഞ്ചു ബോക്സിലാക്കി ഒതുക്കിവെച്ച് കിടപ്പുമുറിയിലേക്കോടി അദ്ദേഹത്തിന് ഓഫീസിൽ പോകാനുള്ള ഡ്രസ്സൊക്കെയെടുത്തുകട്ടിലിൽ വച്ച് ഒരു ഞെട്ടലോടെ ക്ലോക്കിൽ നോക്കുന്നു. മണി പത്താകുന്നു!**

കൂട്ടുകാരേ, എനിക്കൊരു സംശയം. എനിക്കറിയാവുന്ന ഒരുപാടു വീടുകളിലെ ദിനചര്യ ഇങ്ങനെയാണ്. നിങ്ങളുടെ വീടോ? വൻ പണക്കാരെപ്പറ്റിയല്ല ഞാൻ പറയുന്നത്. സാധാരണക്കാരെപ്പറ്റി മാത്രം.

പുലരിയിൽ ആദ്യമെഴുന്നേൽക്കുന്നത് വീട്ടമ്മയായിരിക്കും. വേഗംതന്നെ പല്ലുതേപ്പും മറ്റും കഴിച്ചിട്ട് അമ്മ അടുക്കളയിലേക്കു കയറുന്നു. ഒരടുപ്പിൽ പ്രാതലിനുള്ള ഇഡ്ഡലിയോ എന്തെങ്കിലുമോ ഉണ്ടാക്കിത്തുടങ്ങുന്നു. അതിനിടയ്ക്ക് മറ്റൊരടുപ്പിൽ അരിയും അടുപ്പത്തിടുന്നു. പിന്നെ ഓടിച്ചെന്ന് കുട്ടികളെ വിളിച്ചുണർത്തുന്നു. അത്ര എളുപ്പമല്ലെന്നു നിങ്ങൾക്കറിയാമല്ലോ. വീണ്ടും അടുക്കളയിലേക്കോടുന്നു. പ്രഭാതഭക്ഷണം, പിന്നെ ഉച്ചയ്ക്കു വേണ്ട കറികൾ തയ്യാറാക്കുന്നു. അതിനിടയ്ക്ക് മക്കളെ ഉറക്കെ വിളിക്കും. ''എടാ ഉണ്ണീ, എണീറ്റില്ലേ ഇതുവരെ? ഞാനങ്ങോട്ടു വരണോ? മോളെവിടെ?



പല്ലുതേച്ചോ? വേഗം കുളിക്കാൻ നോക്ക്.'' ഇങ്ങനെ ദൂരഭാഷണങ്ങൾ, ഓടിപ്പോയി നോക്കൽ, വേണമെങ്കിൽ ഒരു കിഴുക്കൽ. യൂണിഫോമൊക്കെ തലേദിവസമേ തേച്ചുവച്ചിരിക്കുന്നു. പ്രാതലും ഉച്ചഭക്ഷണവുമൊക്കെ തയ്യാറാക്കുന്ന തിടുക്കത്തിനിടയിൽ ഒരു വിളി കേൾക്കാം. ''ചായ?''. ''ഇതാ വരുന്നു.'' അമ്മ ചായ തയ്യാറാക്കി അതുമായി ഉമ്മറത്തേക്കോടുന്നു. ഗൃഹനാഥൻ മിക്കവാറും അവിടെയൊരു കസേരയിൽ ഉറക്കമുണർന്നു വന്നു വിശ്രമത്തിലാവും. ചായ വാങ്ങിയിട്ട് അദ്ദേഹം ഗേറ്റിലേക്കു ചൂണ്ടുന്നു. ''പേപ്പർ!''. സൈക്കിൾപയ്യൻ എറിഞ്ഞിട്ടുപോയ പത്രം ഗേറ്റിനരികിൽ തന്നെ കിടക്കുകയാണ്. അമ്മ ഓടിയിറങ്ങിച്ചെന്ന് പത്രമെടുത്ത് ഗൃഹനാഥനെ ഏൽപ്പിക്കുന്നു. അതിനിടെ അകത്തു ചേട്ടനും അനിയത്തിയും കൂടെയുള്ള കലശൽ കേൾക്കാം. അതു തീർക്കാൻ അങ്ങോട്ടോടണം. ''എന്റെ പേന കണ്ടില്ല. നോട്ടുബുക്ക് ആരെടുത്തു? ഇവൾ എന്റെ പെൻസിലെടുത്തു!'' തുടങ്ങിയ ആരോപണങ്ങൾ. കൊച്ചുപെണ്ണിന്റെ വിമ്മിക്കരച്ചിൽ. ''അമ്മേ അമ്മേ'' വിളികൾ. ''നീ എവിടെ പോയിക്കിടക്കുന്നു? പത്രം വായിക്കാനും സ്വൈരമില്ല.'' എന്ന് ചാരുകസേരയിൽ നിന്നുള്ള ഗർജനം.

അമ്മ അങ്ങോട്ടോടി ഇങ്ങോട്ടോടി വഴക്കുകളൊതുക്കി മക്കളെ ഒരുക്കി പ്രാതൽ കഴിപ്പിച്ച് ഉച്ചഭക്ഷണം രണ്ടാൾക്കും വേറേ വേറെ പൊതിഞ്ഞുകെട്ടി വഴക്കു പറഞ്ഞത് അവസാനിപ്പിച്ച് കൊച്ചുനെറ്റികളിൽ ഉമ്മ കൊടുത്തു പറഞ്ഞയച്ച്, മുറ്റം തൂക്കാൻ വന്ന ജോലിക്കാരിക്കു നിർദ്ദേശങ്ങൾ നൽകി, ഗൃഹനാഥന്റെ പ്രാതൽ മേശപ്പുറത്തു കൊണ്ടുവന്ന് അടച്ചുവച്ച് അദ്ദേഹത്തിന്റെ ഉച്ചഭക്ഷണം ലഞ്ചു ബോക്സിലാക്കി ഒതുക്കിവെച്ച് കിടപ്പുമുറിയിലേക്കോടി അദ്ദേഹത്തിന് ഓഫീസിൽ പോകാനുള്ള ഡ്രസ്സൊക്കെയെടുത്തു കട്ടിലിൽവച്ച് ഒരു ഞെട്ടലോടെ ക്ലോക്കിൽ നോക്കുന്നു. മണി പത്താകുന്നു!

ഈ അമ്മയ്ക്കും ഓഫീസുണ്ട്. കുറെ ദൂരെയാണ്. ബസ്സു കയറിപ്പോകണം. 10.30 ന് പഞ്ചു ചെയ്യണം. അല്ലെങ്കിൽ കുഴപ്പമാണ്. കുളിക്കാതെ വസ്ത്രം മാറാതെ പാറിപ്പറന്ന തലമുടിയും വിയർത്തൊലിച്ച മുഖവുമായി അമ്മ തലയ്ക്കു കൈകൊടുത്ത് ഒരു മിനിട്ട് ഇരുന്നുപോകുന്നു.

ഏതാണ്ടിങ്ങനെയൊക്കെയാണോ നിങ്ങളുടെ വീട്? അതോ അച്ഛനും മക്കളും അമ്മയെ സഹായിക്കാറുണ്ടോ? സ്വന്തം കാര്യമെങ്കിലും അമ്മയെ ബുദ്ധിമുട്ടിക്കാതെ നോക്കാറുണ്ടോ?

ഇന്ത്യയിലെ ഭൂരിപക്ഷം വീടുകളും ഇന്നും ഇങ്ങനെയാണെന്നറിയുക. പുതിയ തലമുറയിലെ കുറെ യുവതിയുവാക്കൾ ഇങ്ങനെയല്ലായിരിക്കാം. പക്ഷേ കോടിക്കണക്കിനു വീടുകളിലെ അമ്മമാരുടെ ഒരു പ്രഭാതം മിക്കവാറും ഇങ്ങനെയൊക്കെയാണ്.

പക്ഷേ ഇങ്ങനെയാണോ വേണ്ടത്? നിങ്ങളുടെ അഭിപ്രായമെഴുതുക. ഏറ്റവും നല്ല കത്തുകൾക്ക് സമ്മാനം. പ്രസിദ്ധീകരിക്കുകയും ചെയ്യാം, നിങ്ങളുടെ ചന്തമുള്ള ഫോട്ടോ സഹിതം.

സ്നേഹത്തോടെ
**സുഗതകുമാരി**



വര: സുധീർ പി വൈ

# ഹരിഹരിമാടപ്രാവ്

(നാടോടിക്കഥ)

**പുനരാഖ്യാനം : ഡോ. കെ ശ്രീകുമാർ**

മരക്കൊമ്പിൽ ദുഃഖിച്ചിരുന്ന ഹരിഹരിമാടപ്രാവിനോട് തച്ചനാര് ചോദിച്ചു.

''ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?''

''കായാപ്ലാവിൻ പൊത്തിൽ ഞാൻ പത്തു മുട്ടയിട്ടു. ഇപ്പോഴെനിക്ക് അതെടുക്കാൻ പറ്റണില്ല്യ. അതൊന്നെടുത്തു തരോ തച്ചനാരേ?''

''എനിക്കുവയ്യേ, എനിക്കു വയ്യേ!''

തച്ചനാർ പോയതും അതിലേ വന്ന കാട്ടുപന്നി ഹരിഹരിമാടപ്രാവിനോടു ചോദിച്ചു.

''ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?''

''കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ചനാരുടെ ചേമ്പു കുത്താമോ കാട്ടുപന്നീ?''

''എനിക്കുവയ്യേ, എനിക്കു വയ്യേ!''

പന്നി അമറിക്കൊണ്ടു പോയി. പുറകേ വന്ന കാട്ടാളൻ പ്രാവിനോടു ചോദിച്ചു.

''ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?''

''കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ചനാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെയ്യാമോ കാട്ടാളാ?''

''എനിക്കുവയ്യേ, എനിക്കു വയ്യേ!''

കാട്ടാളൻ പുലമ്പിക്കൊണ്ട് അവിടുന്നുപോയി. പിന്നെ വന്നത് ഒരെലിയാണ്. പ്രാവിന്റെ ദുഃഖംകണ്ട് എലി ചോദിച്ചു.

''ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?''

''കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ചനാരുടെ ചേമ്പു കുത്താത്ത



വര: അരുണ ആലഞ്ചേരി

കാട്ടു
പന്നിയെ
അമ്പെയ്യാത്ത
കാട്ടാളന്റെ വില്ലും
ശരവും കുത്തി
യൊടിക്കാമോ
പൊന്നെലീ?''

''എനിക്കുവയ്യേ,
എനിക്കുവയ്യേ!''

എലി ചീറ്റിക്കൊണ്ട് ഓടിപ്പോയി. കുറച്ചു കഴിഞ്ഞ് അതിലേവന്ന പൂച്ച പ്രാവിനോടു ചോദിച്ചു.

''ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?''

''കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ച നാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെ യ്യാത്ത കാട്ടാളന്റെ വില്ലും ശരവും കുത്തിയൊടിക്കാത്ത എലിയെ പിടിക്കാമോ പുന്നാരപ്പൂച്ചേ?''

''എനിക്കുവയ്യേ, എനിക്കു വയ്യേ!''

മൂട്ടിലെ പൊടി തട്ടി പൂച്ച സ്ഥലം വിട്ടു. പുറകെയെത്തിയ നായ പ്രാവിനോടു ചോദിച്ചു.


''ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?''

''കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ച നാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെയ്യാത്ത കാട്ടാളന്റെ വില്ലും ശരവും കുത്തിയൊടിക്കാത്ത എലി യെ പിടിക്കാത്ത പൂച്ചയെ കടിക്കാമോ നായേ?''

''എനിക്കുവയ്യേ, എനിക്കു വയ്യേ!''

നായ മുരണ്ടുകൊണ്ട് ഓടിപ്പോയി. അപ്പോഴേക്കും അവിടെയെത്തിയ നായർ ചോദിച്ചു.

''ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?''



**കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ചനാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെയ്യാത്ത കാട്ടാളന്റെ വില്ലും ശരവും കുത്തിയൊ ടിക്കാത്ത എലിയെ പിടിക്കാത്ത പൂച്ചയെ കടിക്കാത്ത നായയെ എറിയാത്ത നായരുടെ മീശ കരിക്കാമോ തീയേ?**

''കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ച നാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെയ്യാത്ത കാട്ടാളന്റെ വില്ലും ശരവും കുത്തിയൊടിക്കാത്ത എലി യെ പിടിക്കാത്ത പൂച്ചയെ കടിക്കാത്ത നായയെ എറി യാമോ നായരേ?''

''എനിക്കുവയ്യേ, എനിക്കു വയ്യേ!''

നായരും പെരുവഴി താ ണ്ടിപ്പോയി. പിന്നെ ഒരു തീ അതിലെ ആളിപ്പടർന്നുവന്നു. തീ പ്രാവിനോടു ചോദിച്ചു:

''ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?''

''കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ച നാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെ യ്യാത്ത കാട്ടാളന്റെ വില്ലും ശരവും കുത്തിയൊടി ക്കാത്ത എലിയെ പിടി ക്കാത്ത പൂച്ചയെ കടിക്കാത്ത നായയെ എറിയാത്ത നായ രുടെ മീശ കരിക്കാമോ തീയേ?''

''എനിക്കുവയ്യേ, എനിക്കു വയ്യേ!''

തീ പടർന്നുപടർന്ന് ഓടിപ്പോയി. തൊട്ടുപുറകെ





വെള്ളം ഒഴുകിയെത്തി. വെള്ളം പ്രാവിനോടു ചോദിച്ചു.

"ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?"

"കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ചനാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെയ്യാത്ത കാട്ടാളന്റെ വില്ലും ശരവും കുത്തിയൊടിക്കാത്ത എലിയെ പിടിക്കാത്ത പൂച്ചയെ കടിക്കാത്ത നായയെ എറിയാത്ത നായരുടെ മീശ കരിക്കാത്ത തീയിനെ കെടുത്താമോ വെള്ളമേ?"

"എനിക്കുവയ്യേ, എനിക്കു വയ്യേ!"

വെള്ളം ഇളകിമറിഞ്ഞ് ഒഴുകിപ്പോയി. തുടർന്ന്, ഒരാന മദിച്ചുവന്ന് പ്രാവിനോടു ചോദിച്ചു.

"ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?"

"കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ചനാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെയ്യാത്ത കാട്ടാളന്റെ വില്ലും ശരവും കുത്തിയൊടിക്കാത്ത എലിയെപിടിക്കാത്ത പൂച്ചയെ കടിക്കാത്ത നായയെ എറിയാത്ത നായരുടെ മീശകരിക്കാത്ത തീയിനെ കെടുത്താത്ത വെള്ളം കലക്കാമോ കൊമ്പനാനേ?"

"എനിക്കുവയ്യേ, എനിക്കു വയ്യേ!"

ചിന്നംവിളിച്ച് ആനയും പോയി. അപ്പോൾ അതിലെ വന്ന കട്ടുറുമ്പ് പ്രാവിനോടു ചോദിച്ചു.

"ഹരിഹരിമാടപ്രാവെന്തു വന്നെന്തുവന്നു?"

"കായാപ്ലാവിൻ പൊത്തിൽ ഞാനിട്ട പത്തു മുട്ടയെടുത്തു തരാത്ത തച്ചനാരുടെ ചേമ്പു കുത്താത്ത കാട്ടുപന്നിയെ അമ്പെയ്യാത്ത കാട്ടാളന്റെ വില്ലും ശരവും കുത്തിയൊടിക്കാത്ത എലിയെ പിടിക്കാത്ത പൂച്ചയെ കടിക്കാത്ത നായയെ എറിയാത്ത നായരുടെ മീശ കരിക്കാത്ത തീയിനെ കെടുത്താത്ത വെള്ളം കലക്കാത്ത ആനയെ കടിക്കാമോ കട്ടുറുമ്പേ ?"

"ഓഹോ..."

കട്ടുറുമ്പ് സമ്മതിച്ചു.

കട്ടുറുമ്പ് ആനയെ കടിച്ചു. ആന വെള്ളം കലക്കി, വെള്ളം തീയിനെ കെടുത്തി. തീ നായരുടെ മീശ കരിച്ചു. നായർ നായയെ എറിഞ്ഞു. നായ പൂച്ചയെ കടിച്ചു. പൂച്ച എലിയെ പിടിച്ചു. എലി കാട്ടാളന്റെ വില്ലും ശരവും കുത്തിയൊടിച്ചു. കാട്ടാളൻ കാട്ടുപന്നിയെ അമ്പെയ്തു. കാട്ടുപന്നി തച്ചനാരുടെ ചേമ്പു കുത്തി. തച്ചനാർ കായാപ്ലാവിൽ കയറി പത്തുമുട്ടയെടുത്ത് പ്രാവിനു കൊടുത്തു. ഹരിഹരിമാടപ്രാവ് ആ മുട്ടകൾ സുരക്ഷിതസ്ഥാനത്തുവച്ച് അവയ്ക്കു മുകളിൽ അടയിരുന്നു. ഒരുനാൾ ആ മുട്ടകൾ വിരിഞ്ഞ് പത്തു പ്രാവിൻ കുഞ്ഞുങ്ങൾ പുറത്തുവന്നു. അതുകണ്ട് പ്രാവ് ആഹ്ലാദത്തോടെ നീട്ടികൂവി.

## അറിയിപ്പ്

തളിര് വായനാമത്സരത്തിന്റെ റിസൽറ്റ് ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്
വിലാസം: www.ksicl.org

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# ഗാന്ധിജിയുടെ അതിഥി

വിഷ്ണുനാരായണൻ നമ്പൂതിരി

1

പുകൾപെറും വാർധയിലന്നൊരു നാൾ
പുലരിക്കതിരിനോടൊപ്പമൊപ്പം
പടികടന്നാശ്രമത്തിന്റെ നേർക്കായ്
ഒരു പിഞ്ചു കാലടിപ്പാടു കാണായ്.

കീറിപ്പൊളിഞ്ഞതവന്റെ വേഷം,
ഏറെത്തളർന്നു കുഴഞ്ഞഭാവം.
ചുറ്റുമണഞ്ഞു ചോദ്യങ്ങൾ തൂകും
ഉത്സുകരാകും മുഖങ്ങളോടായ്
ഉത്തരമൊന്നേ പറഞ്ഞിതുണ്ണി:
'ഇക്ഷണം ബാപ്പുവെ കണ്ടിടേണം!'

2

പത്തുനൂറാൾക്കാർ വരിവരിയായ്
തിക്കിനിൽക്കും കാര്യശാലയിങ്കൽ
ഒരു കൊച്ചു പായമേൽ പുഞ്ചിരിനൂൽ-
ത്തിരി നൂറ്റിരിക്കുന്ന കർമയോഗി
അക്കൊച്ചു സന്ദർശകനെ നേരിൽ
വെക്കമടുക്കൽ വിളിച്ചിരുത്തി
തൃക്കരംകൊണ്ടൊന്നുഴിഞ്ഞവാറേ
ഗദ്ഗദംകൊണ്ടു മൊഴിഞ്ഞിതുണ്ണി:
'പോയിതെന്നച്ഛനുമമ്മയും, ഞാൻ
ഏകൻ, എനിക്കിനിയാരുമില്ല.'
തുടരാൻ കഴിഞ്ഞില്ല കണ്ണുനീരാൽ,
ഇടരാറ്റുമാറപ്പോളോതി താതൻ:
'കുഞ്ഞേ, നിനക്കുള്ളതാണീക്കാണും
ഞങ്ങളും, നമ്മുടെയാശ്രമവും.
ഇവിടെ നീയെന്നോമലുണ്ണി, വേറി-
ട്ടിനിമേൽ നീയെങ്ങുമേ പോയിടേണ്ട!'

3

നേതാക്കൾ, പത്രക്കാർ, ചക്രവർത്തി-
ദൂതന്മാർ, എല്ലാം പിരിഞ്ഞുപോകേ
മഴ പെയ്തു തീർന്നിട്ടും വീശിനിൽക്കും
കുളിർതെന്നൽപോലവൻ മാത്രമായി.
അക്ഷീണമന്ദസ്മിതവുമായി-
ട്ടപ്പൊഴും നൂൽക്കും ഗുരുവുരച്ചു:

'മകനേ, പറഞ്ഞോളൂ വേണ്ട കാര്യം!'
അരികിലണഞ്ഞു പറഞ്ഞിതുണ്ണി:
'അറിയില്ലെനിക്കൊരു വേലപോലും,
അലസനായെമ്മട്ടു പാർത്തിടും ഞാൻ?'
ഉതിരുമഭിമാനബാഷ്പമോടേ
മുകരുകയായ് താതനുണ്ണി തന്നെ:
'ഒന്നല്ല, പത്തല്ല, കുഞ്ഞേ, മക്കൾ
ഒരു നൂറു കോടിയെ പോറ്റിയിട്ടും
ഇനിയുമമ്മയ്ക്കു മടിത്തടത്തിൽ
ഇടമുണ്ടു നിങ്ങൾക്കു വേല നൽകാൻ.
ഉണ്ണിക്കരമിതു പെറ്റ നാടിൻ
കണ്ണുനീരൊപ്പാൻ കരുത്തിയന്നാൽ
അമ്മയ്ക്കു പിന്നെന്തു ദുഃഖം, അമ്മ
യുള്ളപ്പോൾ നമ്മൾക്കുമെന്തു ദുഃഖം?'



വര: ബാബുരാജൻ

# ദൈവം നയിച്ച വഴിയിലൂടെ...

**ആർ രാമചന്ദ്രൻ നായർ**

സംസ്കൃതപണ്ഡിതനും കവിയും കേരള സർക്കാരിന്റെ മുൻചീഫ് സെക്രട്ടറിയും കാലടിയിലെ ശ്രീ ശങ്കര സംസ്കൃത സർവകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലറുമായ ആർ രാമചന്ദ്രൻനായർ തന്റെ കുട്ടിക്കാലം അയവിറക്കുന്നു.

ഇന്ത്യാമഹാരാജ്യം അന്ന് ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്നു. ശ്രീമൂലംതിരുനാൾ തിരുവിതാംകൂർ ഭരിക്കുന്ന കാലം. അന്നൊരു ദിവസം സായാഹ്ന സവാരിക്കായി ഇറങ്ങിയതായിരുന്നു തിരുവനന്തപുരത്ത് വിദ്യാർത്ഥിയായ എന്റെ അച്ഛൻ. പെട്ടെന്നാണ് പിന്നിൽ ഒരു കുതിരക്കുളമ്പടി ശബ്ദം കേട്ടത്. അച്ഛൻ തിരിഞ്ഞുനോക്കി. തിരുവിതാംകൂർ രാജ്യത്തെ പോലീസ്വകുപ്പിന്റെ തലവനായ സായിപ്പ് കുതിരപ്പുറത്തു വരികയാണ്. അച്ഛനെ മറികടന്ന് ആ കുതിര മുന്നോട്ടുപോയി.

അപ്പോഴാണ് റോഡിന് എതിർദിശയിൽ നിന്നും ജുബയും മുണ്ടും ധരിച്ച ഒരാൾ നടന്നുവന്നത്. പെട്ടെന്ന് സായിപ്പ് കുതിരയുടെ കടിഞ്ഞാൺ വലിച്ചു. എന്നിട്ടു കുതിരപ്പുറത്തു നിന്നും ചാടിയിറങ്ങി കാൽനടക്കാരനെ സല്യൂട്ട് ചെയ്തു. സായിപ്പിനെ പ്രത്യഭിവാദ്യം ചെയ്തശേഷം ആ കാൽനടക്കാരൻ നടന്നുനീങ്ങി. സായിപ്പാകട്ടെ കുതിരപ്പുറത്തു കയറിപ്പോവുകയും ചെയ്തു. ഇതെല്ലാം കണ്ട് അതിശയിച്ചു നിൽക്കുകയായിരുന്നു എന്റെ അച്ഛൻ. ആരായിരിക്കും ആ മനുഷ്യൻ? പോലീസ്വകുപ്പുതലവൻ സായിപ്പ് എന്താണ് ഇത്രയേറെ ആദരവ് ആ മനുഷ്യനോടു കാട്ടിയത്? അടുത്തു നിന്ന ആളോട് അച്ഛൻ ഇതേക്കുറിച്ച് അന്വേഷിച്ചു.

''അറിയില്ലേ അതാരാണെന്ന്? അതു തിരുവിതാംകൂറിന്റെ ചീഫ് സെക്രട്ടറിയല്ലേ?'' അയാൾ മറുപടി നൽകി.

അന്ന് അച്ഛന്റെ മനസ്സിൽ ഒരാഗ്രഹം മൊട്ടിട്ടു. ''ഒരു കാലത്ത് എന്റെ കുടുംബത്തിൽ ഒരു ചീഫ് സെക്രട്ടറിയുണ്ടായിക്കാണണം.''



ആർ രാമചന്ദ്രൻ നായർ

കാവാലത്തെ മഠത്തിൽ കുടുംബം. അതായിരുന്നു ഞങ്ങളുടെ തറവാട്. കാവാലത്തെ മഠത്തിൽ കുടുംബത്തിന്റെ ഒരു ശാഖ കോട്ടയം തിരുനക്കരയിൽ വന്നു താമസമാക്കി. 'മങ്കൊമ്പിൽ' എന്നായിരുന്നു കോട്ടയത്തെ വീടിന്റെ പേര്. അവിടെയാണ് ഞാൻ പിറന്നത്. ഹൈസ്കൂൾ ടീച്ചറായിരുന്ന രാമകൃഷ്ണപിള്ളയുടെയും മങ്കൊമ്പിൽ ഭാരതിയമ്മയുടെയും ഒമ്പതു മക്കളിൽ അഞ്ചാമനായിരുന്നു ഞാൻ.

സംസ്കൃതത്തിലും മലയാളത്തിലും എന്റെ അമ്മയ്ക്ക് നല്ല വ്യുത്പത്തിയുണ്ടായിരുന്നു. മഹാപണ്ഡിതനായ പന്തളം കൃഷ്ണവാരിയർ* മങ്കൊമ്പിൽ വീട്ടിൽ വന്നാണ് അമ്മയെ കുട്ടിക്കാലത്ത് പഠിപ്പിച്ചിരുന്നത്. കാവാലത്തായിരുന്നു തറവാടെങ്കിലും ഞാൻ ജനിച്ചത് കോട്ടയത്ത് തിരുനക്കരയിലെ മങ്കൊമ്പിൽ വീട്ടിലാണെന്ന് പറഞ്ഞല്ലോ. പക്ഷേ എനിക്ക്

* കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ ശങ്കുണ്ണിയുടെ ജീവചരിത്രം എഴുതിയത് ഇദ്ദേഹമായിരുന്നു.



വര: സചീന്ദ്രൻ കാറഡ്ക്ക



ഓർമവച്ചകാലം മുതൽ പൂഞ്ഞാറ് ഗ്രാമത്തിലായിരുന്നു ഞങ്ങളുടെ താമസം. മീനച്ചിലാറിന്റെ കരയിലാണ് പൂഞ്ഞാറെന്ന കൊച്ചുഗ്രാമം.

വേനൽക്കാലത്ത് മീനച്ചിലാറ്റിൽ വെള്ളം കുറവാണ്. അക്കരെ പോകണമെങ്കിൽ ആറ്റിലൂടെ നടന്നുകയറാം. ആറ്റിനക്കരെയുള്ള സ്കൂളിലേക്ക് ജ്യേഷ്ഠന്മാർ പോയത് അങ്ങനെയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം മൂത്തജ്യേഷ്ഠൻ സ്കൂളിൽ നിന്നും തിരിച്ചുവരുന്നതിനു മുമ്പേ മലയിൽ എവിടെയോ ഉണ്ടായ ഉരുൾപൊട്ടൽ മൂലം മീനച്ചിലാറ്റിലേക്ക് വെള്ളം കുതിച്ചുപാഞ്ഞെത്തി. ആറ് കവിഞ്ഞൊഴുകി. അതുകണ്ട അച്ഛന് ആധിയായി. സ്കൂൾ വിട്ടുവരുമ്പോൾ ജ്യേഷ്ഠൻ പതിവുപോലെ ആറ്റിലിറങ്ങി നടന്ന് അപകടത്തിൽ പെടുമോ? പക്ഷേ ജ്യേഷ്ഠൻ സുരക്ഷിതനായി അങ്ങേക്കരയിൽ നിലയുറപ്പിച്ചിട്ടുണ്ടായിരുന്നു.

എന്നാൽ ഈ സംഭവത്തോടെ പൂഞ്ഞാറ്റിലെ ആ വീട്ടിൽ നിന്നും ഞങ്ങൾ മാറി. മീനച്ചിലാറിന് മറുകരയിൽ അൽപ്പം അകലെയായി പതിനഞ്ച് ഏക്കർ വരുന്ന വിശാലമായ പറമ്പിനു നടുവിൽ ഒരു തേങ്ങാപ്പുരയിൽ ആയിരുന്നു പിന്നെ ഞങ്ങളുടെ താമസം. അതിനെ ഒരു വീടെന്നു പറയാൻ കഴിയുമോ എന്നെനിക്കറിയില്ല. പുതുക്കി പണിത ഒരു ഷെഡ്. ചുറ്റുപാടും തിങ്ങി നിറഞ്ഞ മരങ്ങൾ. രാത്രിയായാൽ ചീവിടിന്റെ മുരളൽ. ഏതാണ്ട് കാട്ടിനകത്തു

താമസിക്കുന്ന പ്രതീതി. അക്കാലത്ത് പൂഞ്ഞാറ്റിൽ വൈദ്യുതി വന്നെത്തിയിരുന്നില്ല. മണ്ണെണ്ണവിളക്കിനു മുന്നിലിരുന്നാണു പഠിത്തം. ആ നാളുകളിൽ രാത്രിയാകുന്നതുതന്നെ എനിക്കു ഭയമായിരുന്നു. ജ്യേഷ്ഠൻമാർ പഠിച്ചിരുന്ന സ്കൂൾ അവിടെ നിന്നും ഒരു കിലോമീറ്റർ അകലെയായിരുന്നു. പക്ഷേ നദി മുറിച്ചു കടക്കേണ്ടതില്ല എന്നുള്ളതാണ് ആശ്വാസം. ടൗണിലേക്കു പോകാൻ ശരിക്കും ഒരു വഴിപോലുമില്ല. വീടുകളുടെ മുറ്റത്തുകൂടിയും പറമ്പുകളിൽ കൂടെയും ഒക്കെ ആയിരുന്നു യാത്ര. പിന്നീട് നാലഞ്ചു വർഷങ്ങൾക്കുശേഷം കരപ്രമാണിയായിരുന്ന എന്റെ മുത്തച്ഛനാണ് ആ പ്രദേശത്ത് ഒരു റോഡു വെട്ടിയുണ്ടാക്കിയത്.

എന്റെ പഠനത്തെക്കുറിച്ചു പറയുകയാണെങ്കിൽ ആറു വയസ്സുവരെ ഞാൻ സ്കൂളിൽ പോയിട്ടില്ല. എന്നെ വീട്ടിലിരുത്തി പഠിപ്പിക്കുകയായിരുന്നു. പ്രശസ്ത സംസ്കൃതപണ്ഡിതൻ വിദ്വാൻ പി രാമപ്പണിക്കർ (ഹരിപ്പാട്), കൃഷ്ണയ്യർ എന്നീ അധ്യാപകരുടെ ശിക്ഷണത്തിൽ ഞാൻ വീട്ടിലിരുന്ന് പഠിച്ചു. രാമപ്പണിക്കർസാർ അന്നേ അമ്മയോടു പറയുമായിരുന്നു രാമചന്ദ്രന് വളരെ ശോഭനമായ ഭാവിയുണ്ട് എന്ന്.

ആറുവയസ്സുവരെ എന്തുകൊണ്ടാണ് എന്നെ സ്കൂളിൽ അയയ്ക്കാതിരുന്നതെന്നു കുറച്ചുമുതിർന്നപ്പോഴാണ് മനസ്സിലായത്. എന്റെ നേരെ മൂത്ത ജ്യേഷ്ഠൻ ഒന്നര വയസ്സുള്ളപ്പോൾ മരിച്ചുപോയിരുന്നു. അതുകൊണ്ടുതന്നെ എന്റെ സുരക്ഷിതത്ത്വത്തെപ്പറ്റി അച്ഛന് വല്ലാത്ത ആശങ്കയായിരുന്നു. ഞാൻ സ്കൂളിൽ ചേരുന്ന സമയമായപ്പോൾ എന്റെ മൂന്നു ജ്യേഷ്ഠൻമാരും 'ഇംഗ്ലീഷ് സ്കൂളി'ലേക്കു മാറിയിരുന്നു. എന്നെ ഒറ്റയ്ക്കു ലോവർ പ്രൈമറി സ്കൂളിൽ വിടുവാൻ അച്ഛനു ധൈര്യം പോരാ. അങ്ങനെയാണ് ആദ്യകാലങ്ങളിൽ എന്റെ പഠനം വീട്ടിനുള്ളിൽ തന്നെ ഒതുങ്ങിപ്പോയത്.

എന്റെ ആറാമത്തെ വയസ്സിൽ ജ്യേഷ്ഠന്മാർ പഠിക്കുന്ന സ്കൂളിൽ എന്നെയും ചേർത്തു. അതും അഞ്ചാം ക്ലാസ്സിൽ! അന്ന് അഞ്ചാം ക്ലാസ്സിനെ 'പ്രിപ്പറേറ്ററി ക്ലാസ്' എന്നാണ് പറഞ്ഞിരുന്നത്. സഹപാഠികളെല്ലാം എന്നേക്കാൾ മൂന്നു വയസ്സോ അതിലധികമോ കൂടുതലുള്ളവർ ആയിരുന്നു. അതുകൊണ്ടുതന്നെ ആരും എന്നെ ഒപ്പം കൂട്ടിയിരുന്നില്ല.

പഠനത്തിൽ ഞാൻ അത്ര മോശമായിരുന്നില്ല. അധ്യാപകർക്ക് എന്നോട് പ്രത്യേകം വാത്സല്യമുണ്ടായിരുന്നു. എന്നെ പഠിപ്പിച്ച അധ്യാപകരിൽ ഞാനിന്നും ബഹുമാനത്തോടെ ഓർക്കുന്ന രണ്ടു പേരാണ് ചരിത്രാധ്യാപകനായിരുന്ന കേരളവർമ തമ്പുരാനും ഇഷ്ടവിഷയമായിരുന്ന കണക്ക് പഠിപ്പിച്ച മാധവൻ പിള്ളസ്സാറും.

കുട്ടിക്കാലത്ത് ഞാൻ നന്നായി വായിക്കുമായിരുന്നു. ഞാൻ വായിച്ച ആദ്യപുസ്തകം കാളിദാസന്റെ 'രഘുവംശ'ത്തിന്റെ മലയാളത്തിലുള്ള ഒരു ഗദ്യപരാവർത്തനമായിരുന്നു. പിന്നീട് അടുത്തുള്ള വായനശാലയിൽ നിന്നു പുസ്തകമെടുത്തു വായിക്കുന്നതു പതിവാക്കി. കവിതയോടായിരുന്നു കൂടുതൽ കമ്പം-പ്രത്യേകിച്ചും വള്ളത്തോൾക്കവിതകളോട്.

വള്ളത്തോളിനോടുള്ള എന്റെ ഇഷ്ടം കുഞ്ഞുനാൾ മുതൽ തുടങ്ങിയതാണ്. കവിത ഏറെ ഇഷ്ടപ്പെട്ടിരുന്ന അച്ഛൻ ധാരാളം വള്ളത്തോൾക്കവിതകൾ ചൊല്ലി കേൾപ്പിക്കുമായിരുന്നു. അച്ഛൻ വള്ളത്തോളിന്റെ ആരാധകനായിരുന്നു. അങ്ങനെ അച്ഛനെപ്പോലെ ഞാനും വള്ളത്തോളിന്റെ ആരാധകനായി മാറി.

അങ്ങനെയിരിക്കുമ്പോഴാണ് വള്ളത്തോളിനെ നേരിട്ടുകാണാൻ അവസരം കൈവന്നത്. അന്നു ഞാൻ പൂഞ്ഞാർ എസ് എം വി ഹൈസ്ക്കൂളിൽ സ്കൂൾ ഫൈനലിനു പഠിക്കുകയാണ്. സ്കൂൾ വാർഷികാഘോഷത്തിനു മുഖ്യാതിഥിയായി എത്തിയത് വള്ളത്തോളായിരുന്നു. മറ്റൊരു ഭാഗ്യം കൂടി എനിക്കുണ്ടായി. സ്കൂളിൽ നടത്തിയ ഇംഗ്ലീഷ് പ്രസംഗമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ എനിക്ക് ആ സമ്മാനം തന്നത്

**അങ്ങനെയിരിക്കുമ്പോഴാണ് വള്ളത്തോളിനെ നേരിട്ടു കാണാൻ അവസരം കൈവന്നത്. അന്നു ഞാൻ പൂഞ്ഞാർ എസ് എം വി ഹൈസ്ക്കൂളിൽ സ്കൂൾ ഫൈനലിനു പഠിക്കുകയാണ്. സ്കൂൾ വാർഷികാഘോഷത്തിനു മുഖ്യാതിഥിയായി എത്തിയത് വള്ളത്തോളായിരുന്നു. മറ്റൊരു ഭാഗ്യം കൂടി എനിക്കുണ്ടായി. സ്കൂളിൽ നടത്തിയ ഇംഗ്ലീഷ് പ്രസംഗ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയ എനിക്ക് ആ സമ്മാനം തന്നത് സാക്ഷാൽ വള്ളത്തോൾ തന്നെയായിരുന്നു.**

സാക്ഷാൽ വള്ളത്തോൾ തന്നെയായിരുന്നു. അദ്ദേഹം രചിച്ച സാഹിത്യമഞ്ജരി ഏഴാം ഭാഗവും മറ്റൊരു പുസ്തകവും ചേർത്താണ് സമ്മാനം നൽകിയത്.

സംസ്കൃതം പഠിക്കുക എന്നത് എന്റെ വലിയൊരു ആഗ്രഹമായിരുന്നു. വാസ്തവത്തിൽ അത് എന്നേക്കാൾ ആഗ്രഹിച്ചത് എന്റെ അമ്മതന്നെയാണ്. സംസ്കൃതത്തിന്റെ പ്രാഥമികപാഠം തുടങ്ങിവച്ചത് പ്രശസ്ത പണ്ഡിതനായ വിദ്വാൻ രാമപ്പണിക്കർ സാറായിരുന്നു. പക്ഷേ ഒന്നരവർഷം മാത്രമേ അദ്ദേഹത്തിനു കീഴിൽ പഠിക്കാൻ എനിക്കു സാധിച്ചുള്ളൂ. അദ്ദേഹത്തിനു ഹരിപ്പാടു ഹൈസ്കൂളിലെ മലയാളം അധ്യാപകനായി സ്ഥലംമാറ്റം ലഭിച്ചതോടെ എന്റെ സംസ്കൃതപഠനം മുടങ്ങി. പിന്നീട് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ചേർന്നതിനുശേഷം ആണ് ഞാൻ സംസ്കൃതം പഠിച്ചെടുത്തത്.

അച്ഛൻ അധ്യാപകനായിരുന്നു എന്നു പറഞ്ഞല്ലോ. അച്ചടക്കത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിനു വളരെ നിഷ്കർഷ ഉണ്ടായിരുന്നു. സ്നേഹവും കരുതലും ഞങ്ങളോട് ആവശ്യത്തിലേറെ ഉണ്ടായിരുന്നെങ്കിലും ചെറിയ തെറ്റിനുപോലും അച്ഛൻ ഞങ്ങളെ കഠിനമായി ശിക്ഷിച്ചിരുന്നു. അച്ഛന്റെ മെതിയടി ശബ്ദം കേൾക്കുമ്പോഴേ ഞങ്ങൾക്ക് ഭയം തോന്നിയിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും അവസാനം വരെയും ഞാൻ അച്ഛന്റെ അനുസരണാശീലനായ പ്രിയപ്പെട്ട മകൻ തന്നെയായിരുന്നു. എന്നിൽ അച്ഛന് ഉയർന്ന പ്രതീക്ഷയും ഉറച്ച വിശ്വാസവും ഉണ്ടായിരുന്നു.


രാമകൃഷ്ണപിള്ള(അച്ഛൻ)


മങ്കൊമ്പിൽ ഭാരതിയമ്മ(അമ്മ)

കുട്ടിക്കാലത്ത് എനിക്ക് ഐ എ എസ് മോഹമൊന്നും ഉണ്ടായിരുന്നില്ല. ഞാൻ സിവിൽ സർവീസ് രംഗത്തേക്കു വരണമെന്ന് ആഗ്രഹിച്ചത് അച്ഛൻ തന്നെയായിരുന്നു. 1961 ൽ ഞാൻ ഐ എ എസിൽ ചേർന്നു. അച്ഛൻ ആഗ്രഹിച്ചതുപോലെ പിൽക്കാലത്ത് ഞാൻ ചീഫ് സെക്രട്ടറിയും ആയി. അച്ഛനോടുള്ള ഉത്തരവാദിത്തവും കടമയും നിർവഹിക്കാൻ എനിക്കതിലൂടെ സാധിച്ചു എന്ന് വിചാരിക്കാം. ഞാൻ ചീഫ് സെക്രട്ടറിയായി സ്ഥാനമേറ്റ് ഒരു വർഷം കഴിഞ്ഞാണ് തൊണ്ണൂറ്റിയൊന്നു വയസ്സായ അച്ഛൻ 1995-ൽ ദിവംഗതനായത്.

എന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളും ആകസ്മികങ്ങളായിരുന്നു. വലുതാകുമ്പോൾ വള്ളത്തോളിന്റെ മാതൃകയിൽ ഒരു കവിയായിത്തീരണം എന്നു ഞാനും എന്നെ ചീഫ് സെക്രട്ടറി ആയി കാണണമെന്ന് അച്ഛനും സ്വപ്നം കണ്ടു. അച്ഛന്റെ ആഗ്രഹമാണു നിറവേറിയത്. 'തുളസീവനം' എന്ന തൂലികാനാമത്തിൽ ഞാൻ കുറെ കവിതകൾ രചിച്ചിട്ടുണ്ട്. ഞാൻ എഴുതിയ 'മുക്തകമാല' എന്ന കൃതിക്ക് അവതാരിക എഴുതിയത് മുൻ മുഖ്യമന്ത്രിയായ സി അച്യുതമേനോൻ ആയിരുന്നു. ഡോ. എം ലീലാവതിയുടെ ഒരു വിശദ പഠനവും ആ കൃതിയിലുണ്ട്.

സിവിൽ സർവീസിൽ വരുന്നതിനുമുമ്പ് ഇംഗ്ലീഷ് അധ്യാപകനായി മൂന്നു വർഷം ഞാൻ കോളജുകളിൽ പഠിപ്പിച്ചിട്ടുണ്ട്.

ഞാനാഗ്രഹിച്ച പോലായിരുന്നില്ല എന്റെ ജീവിതം മുന്നോട്ടു നീങ്ങിയത്. ഒഴുക്കിനൊത്തു ജീവിക്കുകയായിരുന്നു ഞാൻ. ദൈവം നയിച്ച വഴിയിലൂടെ. വർഷങ്ങൾക്കു ശേഷം തിരിഞ്ഞുനോക്കുമ്പോൾ എനിക്ക് തീർച്ചയായും ചാരിതാർത്ഥ്യമുണ്ട്. അച്ഛന്റെയും അമ്മയുടെയും ആഗ്രഹങ്ങൾ സഫലീകരിക്കാൻ സാധിച്ച ഒരു മകന്റെ സംതൃപ്തി എപ്പോഴും എന്റെ മനസ്സിലുണ്ട്.

കവിത

# കുറ്റസമ്മതം

ഇ ജിനൻ

തൊട്ടാൽ പിണങ്ങും
ചെടിയേ നിന്നെ
തൊട്ടതെൻ കുറ്റമാണാവോ!

ഇത്രയൊളിക്കുവാ-
നെന്തേ, നിന-
ക്കത്രയ്ക്ക് നാണമാകുന്നോ?

ഒട്ടു നീ വാടി-
ക്കുഴഞ്ഞു ഞാന-
തൊട്ടും നിനച്ചതേയല്ല.

പെട്ടെന്നാണെല്ലാം
കഴിഞ്ഞു കണ്ണിൽ
പെട്ടത് പിന്നയാണല്ലോ.

2

ചുക്കിച്ചുളിഞ്ഞു നീ
ചാഞ്ഞു, തല-
ചുറ്റിയ പോലെയായല്ലോ.

നെറ്റി ചുളിച്ചു ഞാൻ
നോക്കി, നിന്നെ
തെറ്റിദ്ധരിച്ചതാണല്ലോ.



## 3

നീയൊരു പാവമാ-
ണെന്നേ തോന്നീ,
നിന്റെയാ ശീലങ്ങൾ കാൺകെ
നീയൊരു കൊച്ചു കു-
ഞ്ഞെന്നേ തോന്നീ
നിന്റെ ചിണുക്കങ്ങൾ കാൺകെ.

## 4

നീയൊന്നു പേടിച്ചു
പോയോ, കൈകൾ
നീട്ടി ഞാൻ വന്നടുത്തപ്പോൾ?

കൊഞ്ചുവാനല്ലേ, ഞാൻ
വന്നു, നിന്നെ
കൊല്ലുവാനായിരുന്നില്ല.

## 5

അറ്റകൈക്കാകണ-
മല്ലേ, മുള്ളി-
ന്നറ്റം കൊണ്ടെന്നെത്തടുത്തു!

ഉള്ളിൽ കലാപമുണ്ട-
ല്ലേ, നീയോ
മുള്ളിൽ മുളച്ചതുമല്ലേ!



വര: കെ പി മുരളീധരൻ

## 6

അല്ലാ നീയിങ്ങനെ-
യാണോ, നിന്റെ
അല്ലൽ കുറഞ്ഞില്ലേ തെല്ലും?

അല്ലാ, കരയുക-
യാണോ കണ്ണിൽ
വല്ല കരടും തടഞ്ഞോ?

വാടി ത്തളരുന്ന-
താകാം, തൊട്ടാ-
വാടിയെന്നായി നിൻ പേര്

അല്ലാതെ ഞങ്ങളി-
ലാരും നിന്നെ
വല്ലാതെയാക്കുകയില്ല.

## 7

നാട്ടുവഴികൾ
ക്കരികിൽ, നന്നായ്
താനേ, പടർന്നു നിൽക്കു
മ്പോൾ

നീളെ ചിരിച്ചുകൊ-
ല്ലേ, കാൺമൂ.
നീയൊരു നീരാളമായി.

## 8

കൊള്ളാമീ, പൂവുക-
ളെല്ലാം മങ്ങി
മിന്നും വിളക്കുകൾ പോലെ

മങ്ങിയതെങ്കിലും
നന്നൂ, നിന്റെ
മന്ദഹാസത്തിൻ വെളിച്ചം

ഉള്ളു തുറന്നു ചി-
രിക്കും, നിന്നെ
തള്ളുവാനാകില്ലെനിക്ക്

മുള്ളിനു മീതേയി-
തെല്ലാമെന്ന്
മുന്നമേ, ഞാനറിഞ്ഞില്ല.





# വിൽമ റുഡോൾഫ്

## ഇച്ഛാശക്തിയുടെ ആൾരൂപം

**മോഹൻദാസ് അമ്പാട്ട്**

**അമേരിക്കയിൽ വർണവിവേചനം രൂക്ഷമായിരുന്ന കാലത്ത്, പോളിയോ വന്ന് നടക്കാൻ പോലും കഴിയാതിരുന്നിടത്തുനിന്നും ലോകത്തെ ഏറ്റവും വേഗതയേറിയ ഓട്ടക്കാരി എന്ന ബഹുമതി നേടിയ വിൽമ റുഡോൾഫിന്റെ ജീവിതം കുട്ടികൾ ഒരു പാഠപുസ്തകമാക്കേണ്ടതാണ്. വിൽമ പ്രതിസന്ധികളെ തരണം ചെയ്തത് വായിക്കുക.**

1940കൾ. അമേരിക്കയിൽ കറുത്ത വർഗക്കാർക്കു മനുഷ്യൻ എന്ന പരിഗണനപോലും ലഭിക്കാതിരുന്ന കാലം. പരമദരിദ്രമായ അത്തരം ഒരു കുടുംബത്തിൽ പൂർണവളർച്ചയെത്താതെ ഒരു പെൺകുഞ്ഞു ജനിച്ചത് അക്കാലത്താണ്. ചുമട്ടുതൊഴിലാളിയായിരുന്ന എഡ് റുഡോൾഫിന്റെയും ബ്ലാങ്ക് റുഡോൾഫിന്റെയും ഇരുപതാമത്തെ സന്തതിയായിരുന്നു അവൾ. വിട്ടുമാറാത്ത രോഗങ്ങൾ അവളുടെ ശൈശവത്തിന്റെ നിറംകെടുത്തി. വിധിയുടെ ക്രൂരത അവിടെയും തീർന്നില്ല. പോളിയോ ബാധിച്ച് നാലാംവയസ്സിൽ അവളുടെ ഇടതുകാലിന്റെ ചലനശേഷി നഷ്ടപ്പെട്ടു. ഒരിക്കലും അവൾക്കിനി സ്വന്തം കാലിൽ നടക്കാനാവില്ലെന്നു ഡോക്ടർമാർ വിധിയെഴുതി.

പക്ഷേ അതൊന്നും ആ വീട്ടുകാരുടെ പ്രതീക്ഷയെ കെടുത്തിയില്ല. നിത്യവും തിരുമ്മിക്കൊടുത്താൽ കാലിന് അൽപ്പം ചലനശേഷി തിരികെ ലഭിച്ചേക്കാം എന്നു ചില ഡോക്ടർമാർ ഉപദേശിച്ചു. ഈ ഉപദേശം അവളുടെ അമ്മയും സഹോദരങ്ങളും ശിരസാവഹിച്ചു. സഹോദരങ്ങളോരോരുത്തരും മാറിമാറി അവളെ ശുശ്രൂഷിച്ചു. മണിക്കൂറുകളോളം അവർ അവളുടെ ശോഷിച്ച കാൽ തടവിക്കൊടുത്തു. അമ്മ ആഴ്ചയിലൊരി

ക്കൽ തൊണ്ണൂറു കിലോമീറ്റർ യാത്രചെയ്ത് ആശുപത്രിയിൽ കൊണ്ടുപോയി മരുന്നു വാങ്ങിച്ചു.

അമ്മയുടെയും സഹോദരങ്ങളുടെയും ശ്രമങ്ങൾ ആ കുഞ്ഞിലും ഇച്ഛാശക്തി വളർത്തി. ഒടുവിൽ ഇരുപതാം വയസ്സിൽ 'ലോകത്തിലെ വേഗതയേറിയ വനിത' എന്ന ബഹുമതിക്ക് അവൾ അർഹയായി. ആരായിരുന്നു ഇച്ഛാശക്തിയുടെ ആൾരൂപമായി മാറിയ ആ പെൺകുട്ടിയെന്നോ? 'അമേരിക്കയുടെ കറുത്തമുത്ത്' എന്ന് അറിയപ്പെട്ട വിൽമ റുഡോൾഫ്.


'എനിക്കിനിയൊരിക്കലും നടക്കാൻ കഴിയില്ലെന്ന് ഡോക്ടർമാർ പറഞ്ഞു. കഴിയുമെന്ന് എന്റെ അമ്മ പറഞ്ഞു. അമ്മയെ ഞാൻ വിശ്വസിച്ചു.' വിൽമ തന്റെ ആത്മകഥയിൽക്കുറിച്ചു.

1947 ൽ ഏഴാം വയസ്സിൽ വിൽമയെ ക്ലാർക്സ്വില്ലിലെ കോബ് എലിമെന്ററി സ്കൂളിൽ ചേർത്തു. കറുത്ത വർഗക്കാർ മാത്രം പഠിക്കുന്ന ആ സ്കൂളിൽ സൗകര്യങ്ങൾ തീരെ കുറവായിരുന്നു. എങ്കിലും വിൽമ സ്കൂളിനെ സ്നേഹിച്ചു. അവിടത്തെ കൂട്ടുകാരെയും. പന്ത്രണ്ടു വയസ്സായപ്പോഴേക്കും ഓർത്തോപീഡിക് ഷൂ ഉപേക്ഷിച്ച് ഊന്നുവടിയുടെ സഹായത്തോടെ നടക്കാൻ വിൽമയ്ക്കായി. വീടിനു മുമ്പിൽ ഒരുക്കിയ കോർട്ടിൽ വിൽമയുടെ സഹോദരങ്ങൾ ബാസ്കറ്റ്ബോൾ കളിക്കുമായിരുന്നു. ഒരു ദിവസം വിൽമയും അവരോടൊപ്പം കൂടി. ആ കുടുംബത്തിന് ഒരു ഉത്സവദിനമായിരുന്നു അത്.

നിത്യേനയുള്ള ബാസ്കറ്റ്ബോൾ കളിയും സഹോദരങ്ങളുടെ തടവലും വിൽമയുടെ കാലുകൾക്ക് ശക്തി പകർന്നു. ഒരു ദിവസം അവൾ ഊന്നുവടി വലിച്ചെറിഞ്ഞ് സ്വന്തം കാലുകളിൽ നടന്നു. അല്ല, ഓടി. അണപൊട്ടിയൊഴുകിയ ഒരു നദിയുടെ അവസ്ഥയിലായിരുന്നു അപ്പോൾ വിൽമ. വർഷങ്ങളോളം തടഞ്ഞു നിർത്തപ്പെട്ട ഊർജം ശക്തമായി പുറത്തേക്കു പ്രവഹിക്കുന്ന അവസ്ഥ.

ഏഴാം തരത്തിലെത്തിയപ്പോൾ, അവൾ ബർട്ട് ഹൈസ്കൂളിൽ ചേർന്നു. അധികം വൈകാതെ തന്നെ സ്കൂളിലെ ഏറ്റവും മികച്ച കായികതാരമായി അവൾ






റോം ഒളിംപിക്സിൽ 100 മീറ്റർ ഓട്ടത്തിൽ
വിൽമയുടെ വിജയക്കുതിപ്പ്.



വിൽമ അമേരിക്കൻ പ്രസിഡന്റ്
ജോൺ എഫ് കെന്നഡിക്കൊപ്പം.



മാറി. ബാസ്കറ്റ് ബോളിലും അത്‌ലറ്റിക്സിലും ഒരു പോലെ തിളങ്ങി.

വിൽമ ബാസ്കറ്റുബോൾ കളിക്കുന്നത്, ടെന്നെസ്സി സംസ്ഥാനത്തെ അത്‌ലറ്റിക് കോച്ച് എഡ്ടെമ്പിൾ കാണാനിടയായതാണ് അവളുടെ ജീവിതത്തിലെ വഴിത്തിരിവായത്. വിൽമയുടെ കാലുകളുടെ വേഗതയാണ് എഡ്ടെമ്പിളിന്റെ ശ്രദ്ധ പിടിച്ചുപറ്റി.

വിൽമയുടെ സാമ്രാജ്യം 'അത്‌ലറ്റിക്സ്' ആണെന്ന് പ്രഖ്യാപിച്ച എഡ്ടെമ്പിൾ അവളെ തന്റെ പരിശീലനക്കളരിയിൽ ചേർത്തു. എഡ്ടെമ്പിളിന്റെ കീഴിലുള്ള രണ്ടു വർഷത്തെ തീവ്രപരിശീലനം 1956 ലെ മെൽബൺ (ആസ്ട്രേലിയ) ഒളിമ്പിക്സിനുള്ള അമേരിക്കൻ അത്‌ലറ്റിക് ടീമിൽ വിൽമയ്ക്ക് ഇടം നേടിക്കൊടുത്തു.

അമേരിക്കൻ ഒളിമ്പിക് ടീമിലെ ഏറ്റവും പ്രായം കുറഞ്ഞ കായികതാരം എന്ന ബഹുമതിയോടെ മെൽബൺ ഒളിമ്പിക്സിൽ മത്സരിച്ച വിൽമ 4X100 മീറ്റർ റിലേയിൽ വെങ്കലമെഡൽ നേടി. ഇരുന്നൂറുമീറ്റർ ഓട്ടത്തിൽ മത്സരിച്ചെങ്കിലും മെഡലൊന്നും നേടാനായില്ല.

1960 ലെ റോം ഒളിമ്പിക്സിൽ 100 മീറ്റർ, 200 മീറ്റർ, 4 X100 മീറ്റർ റിലേ എന്നീ ഇനങ്ങളിൽ സ്വർണം നേടിയ വിൽമ ലോകത്തിലെ ഏറ്റവും വേഗത കൂടിയ വനിത എന്ന ബഹുമതിയും കരസ്ഥമാക്കി. 100 മീറ്ററിൽ 11 സെക്കൻഡിന്റെ ലോകറെക്കോർഡു സൃഷ്ടിച്ചുവെങ്കിലും കാറ്റിന്റെ ആനുകൂല്യം ഉണ്ടായിരുന്നതിനാൽ റെക്കോർഡ് അംഗീകരിക്കപ്പെട്ടില്ല. 200 മീറ്ററിൽ 23.20 സെക്കൻഡിന്റെ ഒളിമ്പിക് റെക്കോർഡുമായി സ്വർണതിലകമണിഞ്ഞപ്പോൾ 4 X 100 മീറ്റർ റിലേയിൽ വിൽമ നേതൃത്വം നൽകിയ അമേരിക്കൻ ടീം ജേതാക്കളായത് 44.50 സെക്കൻഡിന്റെ ലോകറെക്കോർഡു തന്നെ സൃഷ്ടിച്ചുകൊണ്ടാണ്.

1962 ൽ കായികരംഗത്തു നിന്നും വിരമിച്ച ശേഷം പഠിച്ച സ്കൂളിൽ തന്നെ അധ്യാപികയായി ജോലി സ്വീകരിച്ച വിൽമ റുഡോൾഫ് കറുത്ത വർഗക്കാരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങളിലും പങ്കാളിയായി.

1994 ൽ വിൽമയ്ക്കു മസ്തിഷ്കാർബുദം സ്ഥിരീകരിക്കപ്പെട്ടു. അതേ വർഷം നവംബർ 12 ന് മരണവും സംഭവിച്ചു.

ലോകകായിക ചരിത്രത്തിലെ തിളക്കമാർന്ന ഒരധ്യായമാണ് വിൽമ ഗ്ലോഡിയൻ റുഡോൾഫ്. ഒപ്പം പ്രതിസന്ധികളിൽ പകച്ചു നിൽക്കുന്ന ഓരോ മനുഷ്യനും ഹൃദിസ്ഥമാക്കേണ്ട പാഠപുസ്തകവും.





# ജാംബവമാമൻ പറഞ്ഞത്

എം എസ് കുമാർ

മംഗലാംകുന്നിലെ മാമരക്കൂട്ടത്തിന്റെ ആദ്യത്തെ അരയാൽമരത്തിലാണ് ജാംബവമാമന്റെ സ്ഥിരവാസം. ഈ വൃദ്ധൻ കുരങ്ങ് എന്നുവന്നെന്നോ എവിടെനിന്നു വന്നെന്നോ പരിസരവാസികളായ പക്ഷികൾക്കോ മൃഗങ്ങൾക്കോ അറിവില്ല. ആരെയും ഉപദ്രവിക്കാത്ത ജാംബവാൻ കുരങ്ങിനെ പക്ഷികളും മൃഗങ്ങളും ജാംബവമാമൻ എന്നു വിളിച്ചുവന്നു.

കാലത്ത് ഇരതേടാനിറങ്ങുന്ന പ്രാവുകളും പരുന്തുകളും ആദ്യമെത്തുന്നത് ജാംബവമാമന്റെ മുന്നിലായിരിക്കും. മംഗലാംകുന്നിലോ അപ്പുറത്ത് ഏതെങ്കിലും ഭാഗത്തോ വല്ല അപായങ്ങളുമുണ്ടെങ്കിൽ മാമന്റെ ദൃഷ്ടിയിൽപ്പെട്ടിരിക്കും. മാമൻ അവരോടു പറയും, 'മക്കളേ ഇന്ന് ആരും ചെരുവിലേക്കു പോവേണ്ട. ഒരുകൂട്ടം വേടന്മാർ അമ്പും വില്ലുമായി ഇറങ്ങിയിട്ടുണ്ട്. നിങ്ങൾ വടക്കോട്ടു പൊയ്ക്കൊള്ളുക.' പക്ഷികൾ അനുസരിക്കും.

മാനുകളും മുയലുകളും ഇറങ്ങുന്നതുകണ്ടാൽ മാമൻ പറയും, 'ആ അരുവിയുടെ

**"ഞങ്ങളിടുന്ന മുട്ടകൾ ഓരോ ദിവസവും കരിമൂർഖൻപാമ്പു പൊക്കിയെടുത്തുകൊണ്ടുപോകുന്നു. ഞങ്ങളില്ലാത്ത തക്കം നോക്കിയാണു മോഷണം. ഞങ്ങളെന്തു ചെയ്യണം? ആ പാമ്പിനെ കൊല്ലാൻ ജാംബവമാമൻ ഞങ്ങളെ സഹായിക്കണം."**

അടുത്തുള്ള പൊന്തയ്ക്കടുത്തുകൂടി പോവരുത്. ഒരു കടുവ അവിടെ പതിയിരിപ്പുണ്ട്.' ദീർഘദൃഷ്ടിയുള്ള ജാംബവാൻ അങ്ങനെ പല വന്യജീവികളെയും ആപത്തിൽനിന്നും രക്ഷപ്പെടുത്തിയിട്ടുണ്ട്.

അരയാലിന്നടുത്ത ആഞ്ഞിലിമരത്തിന്റെ കീഴേയുള്ള മൺപുറ്റിൽനിന്ന് ഒരു കരിമൂർഖൻ പാമ്പ് പുറത്തിറങ്ങുന്നതും എങ്ങോപോയി വായിലെന്തോ നിറച്ചു തിരിച്ചുവരുന്നതും പതിവായി മാമൻ കാണാറുണ്ട്. തന്നെ ശ്രദ്ധിക്കാത്ത പാമ്പിനെ മാമനും കണക്കിലെടുത്തിരുന്നില്ല. ഒരുദിവസം ഒരു കൂട്ടം കൊറ്റികൾ കൂട്ടമായി പറന്നുവന്ന് ജാംബവമാമന്റെ അടുത്തു വന്നിരുന്നു പരാതി പറഞ്ഞു.

''ഞങ്ങളിടുന്ന മുട്ടകൾ ഓരോ ദിവസവും കരിമൂർഖൻപാമ്പു പൊക്കിയെടുത്തുകൊണ്ടുപോകുന്നു. ഞങ്ങളില്ലാത്ത തക്കം നോക്കിയാണു മോഷണം. ഞങ്ങളെന്തു ചെയ്യണം? ആ പാമ്പിനെ കൊല്ലാൻ ജാംബവമാമൻ ഞങ്ങളെ സഹായിക്കണം.''

വൃദ്ധൻ അൽപ്പം ആലോചിച്ചുകൊണ്ടുപറഞ്ഞു.

''കൊല്ലേണ്ടുന്നകാര്യം നമുക്ക് അവസാനത്തെ നടപടിയായെടുക്കാം. അവൾ ദിവസവും കൊണ്ടുപോകുന്ന മുട്ടകൾ എന്തുചെയ്യുന്നു എന്നു നോക്കാം. ഒരു പാമ്പിന് ഇത്രയും മുട്ടകൾ തിന്നുതീർക്കാനാകുമോ?''

പത്തിരുപതു കൊറ്റികൾ ഒരുമിച്ചു ബഹളം കൂട്ടി.

''ഞങ്ങളുടെ മുട്ടകൾ അപ്പാടെ അപഹരിച്ച ആ കള്ളനെ കൊല്ലരുതെന്നാണോ മാമൻ പറയുന്നത്? ഞങ്ങൾക്കു സഹിക്കാൻവയ്യ. മാമൻ ഇപ്പോൾ ഞങ്ങളുടെ കൂടെ വരണം.''

''ക്ഷമിക്കിൻ, ഞാൻ നിങ്ങളെ സഹായിക്കാം. ഇപ്പോൾ മൂർഖൻ ഇതുവഴി പോയിരിക്കുന്നു. വരിൻ നമുക്ക് അവന്റെ മാളത്തിൽ



വര: സചീന്ദ്രൻ കാറഡുക്ക

പ്പോയി നോക്കാം.''

കൊറ്റിക്കൂട്ടവും ജാംബവാനും ശബ്ദമുണ്ടാക്കാതെ ആഞ്ഞിലിമരത്തിന്റെ കടയ്ക്കലെ മൺപ്പുറ്റുകൾക്കടുത്തെത്തി. പാമ്പിൻ മാളത്തിലേക്കു തലയിട്ട് ഒരു കണ്ണു ചിമ്മി ഒറ്റക്കണ്ണാൽ നോക്കി. കുരങ്ങൻ പറഞ്ഞു

''നോക്കൂ, ഓരോരുത്തരായി തലയിട്ട് സൂക്ഷിച്ചു നോക്കൂ.''

ഒരുഭാഗത്ത് കൊറ്റികളുടെ മുട്ടകളും മറുഭാഗത്ത് മാല പോലെവൃത്താകൃതിയിൽ കൂട്ടിയ പാമ്പിൻമുട്ടകളും അവർ കണ്ടു. പക്ഷികൾക്കു സംശയമായി. വലിയ കൊറ്റി പറഞ്ഞു.

''ഇതിൽ എന്തോ ചതിയുണ്ട് ജാംബവമാമാ. സർപ്പ മുട്ടകൾ വിരിഞ്ഞാൽ അവയ്ക്കു ഞങ്ങളുടെ മുട്ടകൾ കൊത്തിത്തിന്നാൻ കൊടുക്കാനായി കരുതിവച്ചിരിക്കുകയാവാം.''

"ആവാം." വൃദ്ധൻ പറഞ്ഞു. "നിങ്ങൾക്കങ്ങനെ കരുതാം. ആദ്യം വിരിയുന്നത് കൊറ്റിമുട്ടകളാണെങ്കിലോ? നമുക്ക് ഏതാനും ദിവസം കൂടി കാത്തിരിക്കുക. എന്താണു സംഭവിക്കുന്നത് എന്നു നോക്കാമല്ലോ?''

എല്ലാ ദിവസവും കൊറ്റികൾ ജാംബവാന്റെ അടുത്തെത്തും. വൃദ്ധൻ അവരെത്തും മുമ്പുതന്നെ സർപ്പമാളത്തിൽ നോട്ടമിട്ടിരിക്കും. അദ്ദേഹം പറയും ആയില്ല, സമയമായില്ല.

ഒരു ദിവസം കൊറ്റികളെത്തുംമുമ്പേ കുരങ്ങച്ചൻ പുറത്തിറങ്ങി നിൽക്കുന്നു. അദ്ദേഹം കൊറ്റികളെ വിളിച്ചു. ''വരിൻ... വരിൻ... ഒരു പുതുമയുള്ള കാഴ്ചകാണാൻ വരിൻ....''

ജാംബവമാമനും കൊറ്റിക്കൂട്ടവും കരിമൂർഖന്റെ മാളത്തിനടുത്തേക്കു കൂട്ടമായി നീങ്ങി. അവർ തന്റെ മാളം ആക്രമിക്കാൻ വരികയാണെന്നു കരുതി സർപ്പം ഫണം വിടർത്തി നിന്നു. ജാംബവമാമൻ കൈയുയർത്തി വിലക്കി. അവർ കണ്ടു. മാളത്തിനകത്തും പുറത്തുമായി കൊറ്റിക്കുഞ്ഞുങ്ങളും സർപ്പക്കുഞ്ഞുങ്ങളും ഒരുമിച്ചു കളിക്കുന്നു. തമ്മിൽത്തമ്മിൽ മേൽകയറുന്നു. നിലത്ത് ഉരുണ്ടുപിരണ്ടു കളിക്കുന്നു.

ജാംബവമാമൻ ചോദിച്ചു.

''നിങ്ങൾക്കിവരെ വേർതിരിക്കാനാകുമോ? മൂർഖന് അവളുടെ കുട്ടികളെ ഇവരിൽ നിന്ന് അടർത്തിയെടുക്കാൻ പറ്റുമോ? അവർക്കുവേണമെന്നു തോന്നുമ്പോൾ കൊറ്റിയും പാമ്പുമായിക്കോട്ടെ. ഇപ്പോളവർ കുഞ്ഞുങ്ങളാണ്. അവർ കളിക്കട്ടെ. സ്നേഹിച്ചു വളരട്ടെ...''

കൊറ്റികളും മൂർഖൻ പാമ്പും ഒരുമിച്ചു കുഞ്ഞുങ്ങളുടെ കളിയാട്ടം നോക്കി രസിച്ചു. ജാംബവമാമൻ രണ്ടു കൂട്ടരുടെയും നടുവിൽ ആ ദൃശ്യം ആസ്വദിച്ചു.



## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു

തളിര് മാസികയിൽ പ്രസിദ്ധീകരിക്കാനുതകുന്ന രചനകൾ ക്ഷണിക്കുന്നു. പത്തിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നവയാകണം രചനകൾ. കഥ, കവിത, ലേഖനം, കാർട്ടൂൺ, നാടകം, ഫീച്ചർ, ഫോട്ടോഫീച്ചർ തുടങ്ങി ഏതു തരത്തിലുള്ള രചനയും ആവാം. പുതുമയുള്ളതും ആധുനികശൈലിയിലുള്ളവയുമാകണം രചനകൾ. കൂടാതെ തളിര് മാസികയുടെ നാലു പേജുകളിൽ ഒതുങ്ങിനിൽക്കുകയും വേണം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയ്ക്കുന്നതല്ല. thaliru@ksicl.org എന്ന ഇമെയിലിലും രചനകൾ അയയ്ക്കാം.

# ഉറൂബ്

**ഡി പ്രദീപ് കുമാർ**

എല്ലാ മനുഷ്യരും സുന്ദരികളും സുന്ദരന്മാരുമാണെന്നു പറഞ്ഞുതന്ന കഥാകാരനാണ് ഉറൂബ്. നന്മയുടെ തൂവെളിച്ചം പ്രസരിക്കുന്ന കഥകളും നോവലുകളുമെഴുതി അദ്ദേഹം അതു കാണിച്ചുതന്നു. 'സുന്ദരികളും സുന്ദരന്മാരും', 'ഉമ്മാച്ചു' തുടങ്ങിയ നോവലുകളിലൂടെ, 'രാച്ചിയമ്മ' ഉൾപ്പെടെയുള്ള ചെറുകഥകളിലൂടെ ഉറൂബ് അനശ്വരനായി. കുട്ടിക്കാലമാണ് കഥയുടെ ലോകത്തേക്ക് ഉറൂബിനെ ആനയിച്ചത്.

കഥയുടെ ലോകത്തിലേക്കു കടന്നുവരുന്നതിനുമുമ്പ് ബാല്യത്തിൽ ഉറൂബിനെ ഏറെ ആകർഷിച്ച വ്യക്തിത്വമായിരുന്നു ഗാന്ധിജി. ഗാന്ധിജി ഗുരുവായൂരിൽ വരുന്നതറിഞ്ഞു 16 മൈൽ കാൽനടയായി അദ്ദേഹത്തെ കാണാൻ പുറപ്പെട്ടു. കുട്ടിക്കൃഷ്ണൻ അന്ന് പൊന്നാനി ഹൈസ്കൂളിൽ പഠിക്കുകയാണ്. ഗാന്ധിജിയെ കണ്ട്, നമസ്കരിക്കണമെന്ന മോഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മുൻകൂർ അനുമതി വാങ്ങിയവരെ മാത്രമേ അന്നു ഗാന്ധിജി കാണുന്നുണ്ടായിരുന്നുള്ളൂ. കുറച്ചുനേരം അവിടെ ചുറ്റിപ്പറ്റി നിന്നപ്പോൾ ശ്രീലങ്കയിൽ നിന്ന് ഒരു അഞ്ചംഗ സംഘം ഗാന്ധിജിയെ കാണാൻ അനുവാദം വാങ്ങിയെത്തി. അവർക്കായി തുറക്കപ്പെട്ട ഗേറ്റിലൂടെ കുട്ടിക്കൃഷ്ണനും അകത്തു കടന്നു. ചർക്കയിൽ നൂൽ നൂറ്റുകൊണ്ടിരുന്ന ഗാന്ധിജി തലയുയർത്തി എല്ലാവരെയുമൊന്ന് നോക്കി. ശേഷം ഇങ്ങനെ ചോദിച്ചു, ''നിങ്ങൾ അഞ്ചല്ല ആറുപേരുണ്ടല്ലോ?'' അപ്പോഴായിരുന്നു തങ്ങളോടൊപ്പമെത്തിയ കുട്ടിയെ സംഘം ശ്രദ്ധിക്കുന്നത്.

''നീ ഏതാണ്?'' ഗാന്ധിജി അവനെ തുറിച്ചൊന്നു നോക്കി.

''ഞാനൊരു വിദ്യാർത്ഥിയാണ്, ബാപ്പുജീ.''


''നീ ഇവിടെന്തിന് വന്നു?''

''അങ്ങയെ കണ്ടു നമസ്കരിക്കാനായി 16 മൈൽ നടന്നു വന്നതാണ്.'' ഇത്രയും പറഞ്ഞ് കുട്ടിക്കൃഷ്ണൻ ഗാന്ധിജിയുടെ പാദങ്ങളിൽ നമസ്കരിച്ചു അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടെ സ്നേഹത്തോടെ ആ കുട്ടിയെ പിടിച്ചെഴുന്നേൽപ്പിച്ച് അവനെ ഉപദേശിച്ചു.

''കുട്ടീ, ജീവിതത്തിൽ ഒരിക്കലും എവിടെയും അതിക്രമിച്ചു കടക്കരുത്.''

ഗാന്ധിജി കുട്ടിക്കൃഷ്ണന്റെ ജീവിതത്തിൽ വഴിത്തിരിവായി. ഗാന്ധിജിയുടെ ഉപദേശം ജീവിതത്തിലുടനീളം ശിരസ്സാ വഹിച്ചു, കുട്ടിക്കൃഷ്ണൻ. ആരോടും പരിഭവമില്ലാതെ, ശാന്തനും സൗമ്യനുമായി ജീവിച്ചു. ബാല്യം





**കുട്ടിക്കൃഷ്ണൻ ഗാന്ധിജിയുടെ പാദങ്ങളിൽ നമസ്കരിച്ചു. അദ്ദേഹം ഒരുചെറുപുഞ്ചിരിയോടെ സ്നേഹത്തോടെ ആ കുട്ടിയെ പിടിച്ചെഴുന്നേൽപ്പിച്ചു.**

മുതൽക്കുതന്നെ ആദ്ധ്യാത്മിക കാര്യങ്ങളിലും തത്ത്വശാസ്ത്രത്തിലും ഏറെ താത്പര്യമുണ്ടായിരുന്നു. ബാല്യകാലത്താണ് വിവേകാനന്ദസാഹിത്യം വായിക്കുന്നത്. കുമാരനാശാന്റെ പദ്യകൃതികളും നാലപ്പാട് നാരായണമേനോന്റെ കാവ്യങ്ങളും ആർത്തിയോടെയാണ് അദ്ദേഹം വായിച്ചത്. ആ വായനശാലയിലെ കൈയെഴുത്ത് മാസികയിൽ കുട്ടിക്കൃഷ്ണൻ കവിതകളെഴുതിത്തുടങ്ങി. ആദ്യമായി അച്ചടിക്കപ്പെട്ടതും ഒരു കവിതയായിരുന്നു. 1932 ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ''പിറ്റേന്ന്'' എന്ന പേരിൽ അത് പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ ഫിഫ്ത്ത് ഫോമിൽ പഠിക്കുകയായിരുന്നു കുട്ടിക്കൃഷ്ണൻ. ഇടശ്ശേരിയാണ് ആ കവിതയുടെ കൈയെഴുത്തുപ്രതി വായിച്ച് ചില തിരുത്തലുകൾ വരുത്തി, ആഴ്ചപ്പതിപ്പിനയയ്ക്കാൻ നിർദ്ദേശിച്ചത്. വായനശാലയുടെ പതിവു സദസ്സിൽ കവിത വായിച്ചു കേൾപ്പിച്ചു. അത് ഒരാൾക്കു മാത്രമിഷ്ടപ്പെട്ടില്ല. കുട്ടിക്കൃഷ്ണമാരാർക്ക്. അദ്ദേഹം ചോദിച്ചു, ''നിങ്ങൾക്കു വേറെ തൊഴിലൊന്നുമില്ലേ?''

ഇനി കവിതകൾ എഴുതണോ എന്ന ശങ്ക ഉണ്ടായെങ്കിലും നിർത്തിയില്ല. പക്ഷേ വായന വിശ്വോത്തരക്ലാസിക് കഥകളിലേക്കും നോവലുകളിലേക്കും പടർന്നു. അങ്ങനെ ഒരുനാൾ ഒരു കഥയെഴുതി. ''വേലക്കാരിയുടെ ചെക്കൻ.'' അതു വായനശാലാസദസ്സിൽ വായിച്ചവതരിപ്പിച്ചതു കേട്ടു കുട്ടിക്കൃഷ്ണമാരാർ പറഞ്ഞു. ''കൊള്ളാം.'' അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ''നിങ്ങളിനി കഥകളെഴുതൂ.'' 1936ൽ ആ കഥ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ അച്ചടിച്ചുവന്നു. പിന്നെ തുടർച്ചയായി കഥകളെഴുതാൻ തുടങ്ങി. പക്ഷേ, മനസ്സ് അസ്വസ്ഥമായിരുന്നു. സ്കൂൾപഠനശേഷം കോളജിൽ പോയില്ല. പത്തൊൻപതാം വയസ്സിൽ ആരോടും പറയാതെ കുട്ടിക്കൃഷ്ണൻ ഒരുനാൾ വീടുവിട്ടിറങ്ങി. ദക്ഷിണേന്ത്യ മുഴുവൻ അലഞ്ഞുനടന്നു. പല തരം ജോലികൾചെയ്തു. ആറു വർഷം നീണ്ടുനിന്ന ആ യാത്രയിലെ പല സംഭവങ്ങളും അദ്ദേഹത്തിന്റെ കഥകളിൽ കാണാം.

**ആകാശവാണിയിൽ ജോലിചെയ്തിരുന്ന കാലത്താണ് അദ്ദേഹം ഉറൂബ് എന്ന തൂലികാനാമം സ്വീകരിച്ചത്. നിത്യയൗവനം എന്നാണ് ആ വാക്കിന്റെ അർത്ഥം. സംഗീതജ്ഞനായ സഹപ്രവർത്തകൻ കെ രാഘവനെക്കുറിച്ച് ഒരു ലേഖനമെഴുതാൻ വേണ്ടിയായിരുന്നു ഉറൂബ് എന്ന അറബി വാക്ക് തൂലികാനാമമാക്കിയത്. നിത്യയൗവനം എന്നു മാത്രമല്ല, സമയം, കാലം എന്നും ആ വാക്കിനർത്ഥമുണ്ട്.**

ആകാശവാണിയിൽ ജോലി ചെയ്തിരുന്ന കാലത്താണ് അദ്ദേഹം ഉറൂബ് എന്ന തൂലികാനാമം സ്വീകരിച്ചത്. നിത്യയൗവനം എന്നാണ് ആ വാക്കിന്റെ അർത്ഥം. സംഗീതജ്ഞനായ സഹപ്രവർത്തകൻ കെ രാഘവനെക്കുറിച്ച് ഒരു ലേഖനമെഴുതാൻ വേണ്ടിയായിരുന്നു 'ഉറൂബ്' എന്ന അറബി വാക്ക് തൂലികാനാമമാക്കിയത്. നിത്യയൗവനം എന്നു മാത്രമല്ല, സമയം, കാലം എന്നും ആ വാക്കിനർത്ഥമുണ്ട്. മലയാളത്തിലെ എക്കാലത്തെയും മികച്ച നോവലുകളിലൊന്നായ, 'സുന്ദരികളും സുന്ദരൻമാരും' എഴുതിയതോടെ ഓരോ കഥയ്ക്കു പിന്നിലും ഓരോ കഥയുണ്ടെന്ന് അദ്ദേഹം വെളിപ്പെടുത്തി. മുസ്ലിം പശ്ചാത്തലത്തിൽ എഴുതപ്പെട്ട പ്രേമകഥയാണ് 'ഉമ്മാച്ചു'. കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച ഈ നോവലിലുടനീളം മലബാറിലെ മുസ്ലീങ്ങളുടെ സംസാരഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. രണ്ടു തലമുറകളുടെ കഥ പറയുന്ന 'സുന്ദരികളും സുന്ദരന്മാരും' ഇതിഹാസമാനമുള്ള നോവലാണ്. തുല്യപ്രാധാന്യമുള്ള ഒട്ടേറെ കഥാപാത്രങ്ങളുള്ള ഈ നോവലിൽ ഒന്നാം ലോകമഹായുദ്ധം, മാപ്പിള ലഹള, രണ്ടാം ലോകമഹായുദ്ധം, ഇന്ത്യൻ സ്വാതന്ത്ര്യ സമരം എന്നിവയും പ്രതിപാദ്യവിഷയമാകുന്നു. മനുഷ്യന്റെ നന്മയും മഹത്ത്വവും വായനക്കാരിൽ അരക്കിട്ടുറപ്പിക്കുന്ന മഹത്തായ രചനയാണിത്. ഇന്ത്യാവിഭജനകാലത്ത് പൊട്ടിപ്പുറപ്പെട്ട വർഗീയ ലഹളയിൽ കൊല്ലപ്പെട്ട സുന്ദരിയായ യുവതിയുടെ ദാരുണമായ കഥ പറയുന്ന 'ആമിന', ഇന്ദിര എന്ന യുവതിയുടെ വികാര തരംഗങ്ങൾ കാവ്യാത്മകമായ ഭാഷയിൽ എഴുതിയ 'ചുഴിക്കു പിമ്പേ ചുഴി', പ്രണയകഥയായ 'മിണ്ടാപ്പെണ്ണ്' ഒരു കവിയുടെ മനോവ്യാപാരങ്ങളുടെ ആവിഷ്കാരമായ 'അണിയറ', 'പിഴച്ച കാലങ്ങൾ' തുടങ്ങിയ നോവലുകളടക്കം ഉറൂബിന്റേതായി 40 കൃതികളുണ്ട്. കൂടാതെ നൂറു കണക്കിന് ചെറുകഥകളും.

കുട്ടികൾക്കുവേണ്ടിയും അദ്ദേഹം എഴുതിയിട്ടുണ്ട്. അപ്പുവിന്റെ ലോകം, മല്ലനും മരണവും, അങ്കവീരൻ എന്നീ കഥാസമാഹാരങ്ങൾ കുട്ടിക്കഥകളാണ്. കുഞ്ഞുനാളിൽ ആനയെ കളിപ്പിക്കുന്നതു കണ്ട് രസം പിടിച്ച് ആനക്കാരനാകാൻ കൊതിച്ച ഉറൂബ് അപ്പുവായി മിക്ക കഥകളിലും വരുന്നതു കാണാം.

# കുറുക്കന്റെ ഗർജനം

(ജാതകകഥ)
ചിത്രീകരണം വെങ്കി




ഹിമാലയ താഴ്‌വരയിലുള്ള ഒരു കാട്ടിൽ ഒരു സിംഹമായി കഴിയുകയായിരുന്നു ബോധേശ്വരൻ. കൂട്ടിന് ഭാര്യ കുറുനരിയും മകനും. മകൻ കാഴ്ചയിൽ ഒരു സിംഹക്കുട്ടിയെപ്പോലെതന്നെ.



വളരെ സന്തോഷത്തോടെ അവർ കാട്ടിൽ താമസിച്ചുവരികയായിരുന്നു. അപ്രതീക്ഷിതമായുണ്ടായ രോഗത്തിൽ കുറുനരി പെട്ടെന്നു മരണമടഞ്ഞു.

നാളുകൾ കുറെക്കഴിഞ്ഞു. സിംഹം വീണ്ടും ഒരു കല്യാണം കഴിച്ചു. ഇത്തവണ ഒരു സിംഹത്തെത്തന്നെയായിരുന്നു വിവാഹം കഴിച്ചത്.



താമസിയാതെ മൂന്നുപേരും മറ്റു സിംഹങ്ങൾ പാർക്കുന്നിടത്തേക്ക് താമസം മാറ്റി. അധികം വൈകാതെ സിംഹത്തിന് ഒരു മകൻ കൂടി പിറന്നു. ജീവിതം സന്തോഷ കരമായി മുന്നോട്ടുപോയി.






അങ്ങനെയിരിക്കെ കാട്ടിൽ വലിയ ഒരു മഴ പെയ്തു. താഴ്വരയിലെ സിംഹക്കുട്ടി കളെല്ലാം മഴയത്തു കളിക്കാനിറങ്ങി. അവർ ഗർജിക്കാനും ചാടിമറിയാനും തുടങ്ങി. കുറുനരിയുടെ മകനും കൂട്ടത്തിൽക്കൂടി. പക്ഷേ എത്ര ശ്രമിച്ചിട്ടും അവനു സിംഹ ക്കുട്ടികളെപ്പോലെ ഗർജിക്കാൻ കഴിഞ്ഞില്ല.



അവൻ ദുഃഖിച്ചു മാറിയിരുന്നു. അപ്പോൾ അങ്ങകലെ കുറുക്കൻമാരുടെ ഓരിയിടൽ കേട്ടു. അപ്പോൾ അവന് ഓരിയിട്ടാലോ എന്നു തോന്നി. “കൂ....കൂ...” താൻ എത്ര നന്നായി ഓരിയിടുന്നു.



അവന് എന്തെന്നില്ലാത്ത സന്തോഷമായി. അവന്റെ ഈ ഓരിയിടൽ കണ്ട അനുജൻ സിംഹക്കുട്ടി അച്ഛനോടു പറഞ്ഞു.
“അച്ഛാ,ചേട്ടൻ അവിടെ കുറുനരികൾക്കൊപ്പം ഓരിയിടാൻ തുടങ്ങിയിരിക്കുന്നു. കാണാൻ സിംഹത്തെപ്പോലെയുണ്ടെങ്കിലും ഓരിയിടുന്നതു കുറുക്കൻമാരെ പോലാണല്ലോ. അവൻ സിംഹക്കുട്ടി അല്ലെന്നു തോന്നുന്നു. ഞാനവനെ ഇനി ചേട്ടനെന്നു വിളിക്കില്ല.”



പക്ഷേ സിംഹം മകനെ വിലക്കി.
“ അങ്ങനെയൊന്നും പറയരുത്. അവൻ നിന്റെ ചേട്ടൻ തന്നെയാണ്. കൂവുന്നവരെല്ലാം കുറുക്കൻമാരല്ല. ഗർജിക്കുന്നവരെല്ലാം സിംഹങ്ങളുമല്ല. അവരുടെ ജീവിതമാണ് അവരാരാണ് എന്നു തീരുമാനിക്കുന്നത്.”



പിന്നെ സിംഹം മൂത്തമകനെ വിളിച്ചുപറഞ്ഞു.
“നീയിനി കൂവരുത്. കൂവിയെന്നു കരുതി കുറുക്കനാവില്ല. അങ്ങനെ ചെയ്താൽ സിംഹങ്ങൾ പിന്നെ നിന്നെ കൂട്ടത്തിൽ കൂട്ടണമെന്നില്ല.”
അതവൻ അംഗീകരിച്ചു. എന്നിട്ട് സിംഹക്കുട്ടികൾക്കൊപ്പം കളിച്ചും ചിരിച്ചും സന്തോഷത്തോടെ കഴിഞ്ഞു.








# ഇതുവഴി വരുമോ?

**രാജു പാമ്പാടി**

ഇതുവഴി വരുമോ
കാറ്റേ നീയൊരു
കഥ ചൊല്ലിത്തരുമോ?

ഇതുവഴി വരുമോ
കാറ്റേ പനിനീർ-
കുളിരു പകർന്നിടുമോ?

ഇതുവഴി വരുമോ
കാറ്റേ മുല്ല-
പ്പൂമണമേകിടുമോ?

ഇതുവഴി വരുമോ
കാറ്റേ നീയെൻ
സ്നേഹിതനായിടുമോ?

# കണക്കിന്റെ അടിസ്ഥാനശിലകൾ

## വിവിധ സംഖ്യകളെയും അവയുടെ വിശേഷങ്ങളെയും കുറിച്ച്...

സൂരജ് പ്രകാശ്

അഞ്ചാം ക്ലാസിലെ 'സംഖ്യാലോകം', 'സംഖ്യകൾക്കുള്ളിൽ', ആറാം ക്ലാസിലെ 'സംഖ്യകൾ', ഏഴാംക്ലാസിലെ 'ആവർത്തനഗുണനം' എന്നീ യൂണിറ്റുകളിലൂടെ കടന്നുപോയപ്പോൾ സംഖ്യകളുടെ വിവിധ പ്രത്യേകതകൾ കൂട്ടുകാർ മനസിലാക്കിയിരിക്കുമല്ലോ.. ഇതാ അധിക വായനയ്ക്കായി രസകരമായ ചില സംഖ്യാവിശേഷങ്ങൾ. ഗണിതത്തെ മധുരമാക്കാൻ ഇതു കൂട്ടുകാരെ സഹായിക്കും തീർച്ച...

### ഗൂഗോൾ (Googol ) എന്ന ഭീമൻസംഖ്യ

1 നുശേഷം 100 പൂജ്യമെഴുതിയാൽ കിട്ടുന്ന സംഖ്യയാണ് ഗൂഗോൾ. $10^{100}$ എന്ന് നമുക്കിതിനെ ചുരുക്കി എഴുതാം. 1938 ൽ ഒരു അമേരിക്കൻ ഗണിതശാസ്ത്രകാരനാണ് ഈ ആശയം മുന്നോട്ടുവച്ചത്. പ്രത്യേകിച്ച് അർത്ഥമൊന്നുമില്ലാത്ത 'ഗൂഗോൾ'. എന്ന പേരു നൽകിയത് ഒൻപതുവയസ്സുകാരനായ 'മിൽട്ടൺ സിറോട്ട' യും.




### സമമിതസംഖ്യകൾ (Palindromic Numbers) തിരിച്ചാലും മറിച്ചാലും...

വലത്തുനിന്നും ഇടത്തുനിന്നും ഒരേപോലെ അക്കങ്ങളെ വായിക്കാൻ കഴിയുന്ന സംഖ്യകളാണ് സമമിത സംഖ്യകൾ...Malayalam എന്നും 'കറുക' എന്നും വായിക്കുന്നതുപോലെ...

ഉദാ: 54345

ഏതു സംഖ്യയിൽനിന്നും ഒരു സമമിത സംഖ്യയിലേക്ക് എത്തിച്ചേരുന്നതു എങ്ങനെയെന്നോ?

57 എന്ന സംഖ്യ വിചാരിക്കൂ. എന്നിട്ട് അക്കങ്ങൾ പരസ്പരം തിരിച്ചെഴുതി കൂട്ടുക.

57+75 = 132

ഇനി 132 നെയും തിരിച്ചെഴുതി കൂട്ടിനോക്കൂ...

132+231= 363

363 എന്നത് ഒരു സമമിത സംഖ്യയാണ്. കൂട്ടുകാരേ, മൂന്നക്ക സംഖ്യകളിലും ഇങ്ങനെ ചെയ്ത് ഒരു സമമിത സംഖ്യയിൽ എത്തിച്ചേരാം. പരിശ്രമിച്ചുനോക്കൂ.

മിക്കവാറും സംഖ്യകളിൽ പരമാവധി ആറുഘട്ടങ്ങൾക്കുള്ളിൽ ഈ ക്രിയയിലൂടെ നമുക്കൊരു സമമിതസംഖ്യ നിർമിക്കാവുന്നതാണ്.

എന്നാൽ നിങ്ങൾ 89 ആണ് വിചാരിച്ചതെങ്കിലോ. 24-ാം തവണമാത്രമേ നമുക്കൊരു സമമിതസംഖ്യയിൽ എത്തിച്ചേരാൻ കഴിയൂ. എല്ലാ സംഖ്യയിൽ നിന്നും നമുക്കിങ്ങനെ സമമിതസംഖ്യ ഉണ്ടാക്കാൻ സാധിക്കുമോ? ഇല്ലേയില്ല. 196 എന്ന മൂന്നക്ക സംഖ്യയിൽ നിന്ന് ഒരു സമമിതസംഖ്യ ഉണ്ടാക്കാൻ 70 കോടി തവണ ഈ പ്രക്രിയ ആവർത്തിച്ചു. എന്നിട്ടും സമമിതസംഖ്യയിലെത്തിയില്ല. അത്ഭുതം തന്നെ അല്ലേ.

## കാപ്രേക്കർ സ്ഥിര സംഖ്യ

മഹാരാഷ്ട്രക്കാരനായ ഡി ആർ കാപ്രേക്കർ എന്ന അധ്യാപകൻ കണ്ടെത്തിയ സ്ഥിരസംഖ്യയായ 6174' കാപ്രേക്കർ സ്ഥിരസംഖ്യ' എന്നറിയപ്പെടുന്നു. ഇതിന്റെ വിശേഷം കേട്ടോളൂ.

ഒരു നാലക്കസംഖ്യ വിചാരിക്കുക. മൂന്നക്കങ്ങൾ വരെ ആവർത്തിക്കാം. ഈ അക്കങ്ങളുപയോഗിച്ച് എഴുതാൻ കഴിയുന്ന വലിയസംഖ്യയും ചെറിയസംഖ്യയും തമ്മിലുള്ള വ്യത്യാസം കാണുക.

ഉദാ. സംഖ്യ 2111 എന്നിരിക്കട്ടെ

ഇതിലെ അക്കങ്ങളുപയോഗിച്ച് 2111 എന്ന വലിയ സംഖ്യയും 1112 എന്ന ചെറിയ സംഖ്യയും ഉണ്ടാക്കാം.

2111–1112 =0999

ഉത്തരത്തിലെ അക്കങ്ങളുപയോഗിച്ച് ഇതാവർത്തിക്കണേ

9990–0999 = 8991

9981–1899 = 8082

8820–0288 =8532

8532–2358 = 6174

ഒരിക്കൽ 6174 കിട്ടിയാൽ പിന്നെ ഇതു തന്നെ കിട്ടിക്കൊണ്ടിരിക്കും.

7641 –1457= 6174

ഏത് നാലക്ക സംഖ്യയിൽനിന്നും (എല്ലാ അക്കവും ആവർത്തിക്കാത്ത) നമുക്ക് 6174 ൽ എത്തിച്ചേരാം. അതും ഈ ആവർത്തനപ്രക്രിയ പരമാവധി 7 പ്രാവശ്യത്തിനുള്ളിൽ തന്നെ. കൂട്ടുകാരേ 6174 നെ ഇനി മറക്കില്ലല്ലോ.

## കാപ്രേക്കർ സംഖ്യകൾ

കാപ്രേക്കർ സ്ഥിരസംഖ്യ, 6174, നിങ്ങളുടെ ചങ്ങാതിയായില്ലേ. ഇതാ അദ്ദേഹം കണ്ടെത്തിയ ചില സംഖ്യാവിശേഷങ്ങൾകൂടി.

$(55)^2$ = 3025

3025 നെ രണ്ടു ഭാഗമാക്കി 30, 25 എന്ന് എഴുതി. ഇനിയാണു സൂത്രം. 30 + 25 = 55 തന്നെ കിട്ടുന്നു.

മറ്റൊരു സംഖ്യ പരിചയപ്പെട്ടോളൂ.

$(297)^2$ = 88209

88209 നെ രണ്ടുഭാഗമാക്കി 88 + 209 = 297 എന്നെഴുതാം.

ഒന്നുകൂടി നോക്കൂ

$(99)^2$ = 9801

98 + 01 = 99

1, 9, 45, 55, 99, 297, 703, 999 എന്നീ സംഖ്യകളാണ് 1000 നു താഴെയുള്ള കാപ്രേക്കർ സംഖ്യകൾ. കൂടാതെ 9, 99, 999, 9999.... എന്നിവയെല്ലാം കാപ്രേക്കർ സംഖ്യകളാണ്.


ഡി ആർ കാപ്രേക്കർ

## സമ്പൂർണരും സമൃദ്ധരും.

അഭാജ്യസംഖ്യകളെക്കുറിച്ച് കൂട്ടുകാർ പഠിച്ചല്ലോ. രണ്ടോ രണ്ടുഘടകങ്ങൾ മാത്രമുള്ള സംഖ്യകളാണ് അഭാജ്യ സംഖ്യകൾ. 2, 3, 5, 7, 11, 13 എന്നിങ്ങനെയാണ് അഭാജ്യ സംഖ്യകൾ. ഇതാ ഘടകങ്ങളുടെ പ്രത്യേകതയനുസരിച്ച് ചില വിളിപ്പേരുകൾ.

6 ന്റെ ഘടകങ്ങൾ 1,2,3,6 ആണല്ലോ. ഇതിൽ 6 ഒഴിവാക്കി ബാക്കി ഘടകങ്ങളുടെ തുക കാണാമോ.

1+2+3= 6

28 കൂടി നോക്കൂ.

28 ന്റെ ഘടകങ്ങൾ 1, 2, 4, 7, 14, 28.

28 ഒഴിവാക്കി ഘടകങ്ങളുടെ തുക 1+2+4+7+14=28 തന്നെ കിട്ടുന്നു. ഇങ്ങനെ ഘടകങ്ങളിൽ സംഖ്യ ഒഴിച്ചുള്ള ഘടകങ്ങൾ കൂട്ടുമ്പോൾ ആദ്യസംഖ്യതന്നെ കിട്ടുന്നു. ഇത്തരം സംഖ്യകളാണ് സമ്പൂർണസംഖ്യകൾ (അനഘസംഖ്യ, Perfect

സമമിതസംഖ്യ

2 1 0 2 0 1 2

Numbers). 48 അനഘസംഖ്യകൾ മാത്രമേ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളൂ.

6, 28, 496, 8128 എന്നിവരാണ് ആദ്യ 4 സമ്പൂർണർ. ഇതുവരെ കണ്ടെത്തിയ സമ്പൂർണ സംഖ്യകളെല്ലാം ഇരട്ട സംഖ്യകളാണ്.

ഇനി 12 ന്റെ ഘടകങ്ങൾ എഴുതി ഇതാവർത്തിച്ചുനോക്കാം. 1, 2, 3, 4, 6, 12 എന്നീ ഘടകങ്ങളിൽ 12 ഒഴിവാക്കി ബാക്കിയുടെ തുക കാണാം.

1+2+3+4+6=16

12 നെക്കാൾ വലിയ സംഖ്യയാണ് തുകയായി ലഭിച്ചത്. ഈ പ്രത്യേകതയുള്ള സംഖ്യകളാണ് സമൃദ്ധസംഖ്യകൾ (Abundant numbers)

12, 18, 20 എന്നിവയെല്ലാം സമൃദ്ധസംഖ്യകളാണ്. ആദ്യത്തെ ഒറ്റ സമൃദ്ധ സംഖ്യയാണ് 945.

15 ന്റെ ഘടകങ്ങൾ 1, 3, 5, 15 ഇതിൽ 15 ഒഴിവാക്കി ബാക്കി ഘടകങ്ങളുടെ തുക 1 + 3 + 5 = 9 ആണ്. 9 എന്ന തുക 15 നെക്കാൾ കുറവും. ഇത്തരം സംഖ്യകളെ ശുഷ്കസംഖ്യകൾ എന്നും പറയുന്നു. ഘടകങ്ങൾക്കു ഇങ്ങനെയും പ്രാധാന്യമുണ്ടെന്ന് മനസിലായല്ലോ.

## സന്തുഷ്ടരും അസന്തുഷ്ടരും

സംഖ്യകളിൽ ഒളിച്ചിരിക്കുന്ന അത്ഭുതങ്ങൾ തീർന്നില്ല കൂട്ടുകാരേ. ഇതാ സന്തുഷ്ടരും അസുന്തഷ്ടരുമായ സംഖ്യകൾ. സംഖ്യകളിലും സന്തോഷമുള്ളവരോ? കൊള്ളാമല്ലോ.

ഉദാഹരണമായി 31. അക്കങ്ങളായ 3 ന്റെയും 1 ന്റെയും വർഗങ്ങളുടെ തുക കാണാമോ?

$3^2 + 1^2 = 9 + 1 = 10$

വീണ്ടും 10 ലെ അക്കങ്ങളുടെ വർഗത്തുക കണ്ടുപിടിക്കൂ.

$1^2 + 0^2 = 1 + 0 = 1.$

ഇങ്ങനെ അവസാനം 1 കിട്ടുന്ന സംഖ്യകളാണ് സന്തുഷ്ടസംഖ്യകൾ (Happiest numbers)

മറ്റൊരുദാഹരണം കൂടി ചെയ്തുനോക്കിക്കൊള്ളൂ.

94⟶ $9^2 + 4^2 = 81 + 16 =$ 97⟶ $9^2 + 7^2 = 81 + 49 = 130$ ⟶ $1^2 + 3^2 + 0^2 = 1 + 9 + 0 = 10$⟶ $1^2 + 0^2 = 1 + 0 = 1$

1, 7, 10, 13, 19, 23, 28, 31, 32, 44, 49, 68, 70, 79, 82, 86, 91, 94, 97, 100 ഇവയാണ് ആദ്യത്തെ 20 സന്തുഷ്ടസംഖ്യകൾ.

24 ന്റെ കഥ നോക്കാം.

24⟶ $2^2 + 4^2 = 4 + 16 = 20$⟶ $2^2 + 0^2 = 4 + 0 = 4$⟶ $4^2 = 16$⟶ $1^2 + 6^2 = 1 + 36 = 37$⟶ $3^2 + 7^2 = 9 + 49 = 58$⟶ $5^2 + 8^2 = 25 + 64 = 89$⟶ $8^2 + 9^2 = 64 + 81 = 145$⟶ $1^2 + 4^2 + 5^2 = 1 + 16 + 25 = 42$⟶ $4^2 + 2^2 = 16 + 4 = 20$ ⟶ ഇങ്ങനെ വീണ്ടും 20 ന്റെ ക്രിയയിലെത്തി ആവർത്തിച്ചു കൊണ്ടേയിരിക്കും. അതായത് ഒരിക്കലും 1 ൽ എത്തില്ല. ഇത്തരം സംഖ്യകളാണ് അസന്തുഷ്ടർ.

## സുഹൃദ്സംഖ്യകൾ (Amiable numbers)

ഘടകങ്ങളെ നോക്കി സുഹൃദ് ബന്ധത്തിലേർപ്പെടുന്ന സംഖ്യകളെക്കുറിച്ചു നിങ്ങൾ കേട്ടിട്ടുണ്ടോ? 220 ഉം 284 ഉം ആണ് ഏറ്റവും ചെറിയ സുഹൃദ്സംഖ്യകൾ.

220 ന്റെ ഘടകങ്ങൾ 1, 2, 4, 5, 10, 11, 20, 22, 44, 55, 110

ഇവയുടെ തുക 1 + 2 + 4 + 5 + 10 + 11 + 20 + 22 + 44 + 55 + 110 = 284

284 ന്റെ ഘടകങ്ങൾ 1,2,4,71,142

1 + 2 + 4 + 71 + 142 = 220

ഇപ്പോൾ മനസിലായോ 220, 284 ഉം സുഹൃത്തുക്കളായതെങ്ങനെയെന്ന്? 1184,1210 എന്നിവയാണ് അടുത്ത സുഹൃദ്സംഖ്യകൾ. ഇപ്പോഴും സുഹൃദ്സംഖ്യകൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നുണ്ട്. നിങ്ങളും പരിശ്രമിക്കില്ലേ.

## ആംസ്ട്രോങ് സംഖ്യകൾ

153 ന്റെ അക്കങ്ങളുടെ മൂന്നാം കൃതിയുടെ തുക കാണാമോ?

$1^3 + 5^3 + 3^3 = 1 + 125 + 27 = 153$. ഈ പ്രത്യേകതയുള്ള സംഖ്യകളാണ് ആംസ്ട്രോങ് സംഖ്യകൾ.

153, 370, 371, 407 എന്നിവയാണ് മൂന്നക്കത്തിലെ ആംസ്ട്രോങ് സംഖ്യകൾ.

## 1089 അത്ഭുതസംഖ്യ

കാപ്രേക്കർ തന്റെ സ്ഥിര സംഖ്യ കണ്ടെത്തിയത് ഓർമയില്ലേ. നാലക്കത്തിനുപകരം മൂന്നക്കസംഖ്യകളുടെ കാര്യമെടുത്താലോ? ഒരു ചെറിയ വ്യത്യാസമുണ്ട്. നോക്കിക്കോളൂ കൂട്ടരേ.

ഉദാ: 749 ആണ് നിങ്ങൾ വിചാരിച്ച സംഖ്യ

749 തിരിച്ചെഴുതുമ്പോൾ 947. ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം 947 - 749 = 198

198 നെ തിരിച്ചെഴുതുന്ന 891 ഉം 198 ഉം തമ്മിലുള്ള തുക 198 + 891=1089 കിട്ടുന്നു.

മറ്റൊരുദാഹരണം 538 തിരിച്ചെഴുതുമ്പോൾ 835

835 - 538 = 297

297 + 792 = 1089 തന്നെ

വീണ്ടും കിട്ടുന്നു. അപൂർവം ചില മൂന്നക്കസംഖ്യകളിൽ ഈ വിദ്യ നടക്കില്ല. അതേതാണെന്നു നിങ്ങൾക്കു കണ്ടെത്താമോ?

> ശ്രീനിവാസ രാമാനുജൻ കണ്ടെത്തിയ പ്രത്യേകതയുള്ള ചെറിയ സംഖ്യയായ 1729 'രാമാനുജൻ സംഖ്യ' എന്നാണറിയപ്പെടുന്നത്. രണ്ടു വ്യത്യസ്തസംഖ്യകളുടെ ഘനങ്ങളുടെ തുകയായി രണ്ടുരീതിയിൽ എഴുതാൻ കഴിയുന്ന സംഖ്യകളാണ് പൊതുവേ രാമാനുജൻ സംഖ്യകളെന്നറിയപ്പെടുന്നത്.

## രാമാനുജൻ സംഖ്യയും ദേശീയഗണിതശാസ്ത്രദിനവും

സംഖ്യകളെ പ്രണയിച്ച വിഖ്യാത ഭാരതീയഗണിതശാസ്ത്രജ്ഞന്റെ പേരിലുണ്ടൊരു സംഖ്യ. ശ്രീനിവാസ രാമാനുജൻ കണ്ടെത്തിയ പ്രത്യേകതയുള്ള ചെറിയ സംഖ്യയായ 1729 'രാമാനുജൻ സംഖ്യ' എന്നാണറിയപ്പെടുന്നത്. രണ്ടു വ്യത്യസ്ത സംഖ്യകളുടെ ഘനങ്ങളുടെ തുകയായി രണ്ടുരീതിയിൽ എഴുതാൻ കഴിയുന്ന സംഖ്യകളാണ് പൊതുവേ രാമാനുജൻ സംഖ്യകളെന്നറിയപ്പെടുന്നത്

$1729 = 10^3 + 9^3 = 12^3 + 1^3$

4104, 13832,40035,64282 എന്നിവയാണ് ആദ്യത്തെ 5 രാമാനുജൻ സംഖ്യകൾ.

തീർന്നില്ല 1729 ന്റെ വിശേഷങ്ങൾ. ഇതിലെ അക്കങ്ങൾ പരസ്പരം കൂട്ടിനോക്കൂ.

1+7+2+9=19

19 തിരിച്ചെഴുതുമ്പോൾ 91

19 x 91 = 1729 അത്ഭുതം!


ഈ പ്രത്യേകതയുള്ള നാലുസംഖ്യകൾ മാത്രമേ ഇതുവരെ കണ്ടുപിടിച്ചിട്ടുള്ളൂ. 1, 81, 1458, 1729 എന്നിവയാണ് ആ സംഖ്യകൾ. അതിൽ ഏറ്റവും വലുതാണ് 1729. രാമാനുജനെ 'സ്വർഗത്തിന്റെ സമ്മാനം' എന്നാണ് വിളിക്കപ്പെട്ടത്. ആ മഹാന്റെ ജന്മദിനമായ ഡിസംബർ 22 ദേശീയഗണിതശാസ്ത്രദിനമായി നാം ആഘോഷിക്കുന്നത് നിങ്ങൾക്കോർമയുണ്ടല്ലോ അല്ലേ?



ശ്രീനിവാസ രാമാനുജൻ

## 'പൈ ദിനങ്ങൾ – മാർച്ച് 14 ഉം ജൂലൈ 22 ഉം

ഏതൊരു വൃത്തത്തിന്റെയും ചുറ്റളവിനെ അതിന്റെ വ്യാസം കൊണ്ട് ഹരിച്ചാൽ കിട്ടുന്ന സ്ഥിരസംഖ്യയാണ് 'പൈ( π )' ആദ്യമായി πയുടെ വില കണ്ടെത്തിയത് ആർക്കിമിഡീസ് ആണ്.



എന്നാൽ ഇന്ന് നാമുപയോഗിക്കുന്ന 3.14 എന്ന കൃത്യമായ വില കണ്ടെത്തിയത് ആര്യഭടനാണ്. 3.14 എന്ന സംഖ്യാക്രമം തീയതിയായി പരിഗണിച്ചാൽ 3/14 എന്നാണ്. അതായത് മാർച്ച് 14 ആണ് 'ലോക പൈ ദിനം'

πക്ക് മറ്റൊരു ഏകദേശ വില കൂടിയുണ്ട് 22/7. ഇത് തീയതിയായി പരിഗണിച്ചാൽ (22/7). ജൂലൈ 22 'ലോക പൈ ആകസ്മിക ദിനമായും (World π Casual Day) മാറി. ആദ്യമായി കണ്ടെത്തിയ അതീതസംഖ്യയായ πയെ ആദരിക്കാൻ അങ്ങനെ 2 ദിനങ്ങൾ മാർച്ച് 14 ഉം ജൂലൈ 22 ഉം.

തളിരിനെക്കുറിച്ചും പംക്തികളെക്കുറിച്ചും കുട്ടികളുടെ കാര്യമാത്രപ്രസക്തമായ അഭിപ്രായങ്ങൾ ക്ഷണിക്കുന്നു. പുകഴ്ത്തലുകൾ മാത്രമാവാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. തിരഞ്ഞെടുത്തവ പ്രസിദ്ധീകരിക്കുന്നതാണ്.

എഡിറ്റർ





# ഐസ് ബർഗുകൾ

ജോസ് ജേക്കബ് മണ്ണിൽ

ടൈറ്റാനിക് എന്ന പടുകൂറ്റൻ ബ്രിട്ടീഷ് കപ്പൽ അപകടത്തിൽപ്പെട്ട കഥ ഏവരും കേട്ടിരിക്കും. വലിയ മഞ്ഞുമലയിൽ ഇടിച്ചാണ് ആ ദുരന്തമുണ്ടായത്.

ഉത്തര അറ്റ്ലാന്റിക് സമുദ്രത്തിൽ 1912 ഏപ്രിൽ 15 നായിരുന്നു തീയതിയായിരുന്നു അപകടം. കപ്പലിന്റെ ഒരു വശം കൂറ്റൻ ഐസ്ബർഗുമായി കൂട്ടിയിടിച്ചു. ഇടിയിൽ തകർന്ന കപ്പലിനുള്ളിലേക്ക് വെള്ളം ഇരച്ച് കയറി. രണ്ട് മണിക്കൂർ നാൽപത് മിനിട്ട് കൊണ്ട് കപ്പൽ സമുദ്രത്തിൽ മുങ്ങിത്താണു. കപ്പലിലുണ്ടായിരുന്ന 1500 ഓളം പേരാണ് അന്ന് മുങ്ങിമരിച്ചത്.

മഞ്ഞുമൂടിയ പർവ്വതശിഖരങ്ങളായ ഗ്ലേസിയേഴ്സ് അഥവാ ഹിമാനികളിൽ നിന്നും

പിളർന്ന് വേർപെട്ട മഞ്ഞുകട്ട യുടെ ഭീമാകാരമായ കഷണ ങ്ങളാണ് ഐസ്ബർഗുകൾ. ഗോപുരാകൃതിയിലും, നീള ത്തിലുള്ള പരന്നപാളികളി ലുമായി ഐസ്ബർഗുകൾ പല വലുപ്പത്തിലും ആകൃ തിയിലുമുണ്ടായിരിക്കും. കാറ്റിന്റെ ഗതി അനുസരിച്ച് ചെറിയ ഐസ്ബർഗുകൾ സമുദ്രത്തിൽ ഒഴുകി നടക്കും. വലിയ ഐസ്ബർഗുകൾ സമുദ്രജലപ്രവാഹത്തിൽ പെട്ടാണ് കടലിൽ ഒഴുകി നീങ്ങുന്നത്.

ഇവ ഉപ്പുജലത്തിന്റെ മഞ്ഞുപാളികളല്ല, മറിച്ച് ശുദ്ധജലത്തിന്റെ മഞ്ഞു പാളികളാണ്. ഹിമസാന്ദ്രത ജലത്തിന്റെ സാന്ദ്രതയുടെ 90 ശതമാനം ആയതിനാൽ ഐസ്ബർഗുകളുടെ പത്തിൽ ഒൻപതു ഭാഗവും ജലത്തിനടിയിലാണ്. വെറും ഒരു ഭാഗം മാത്രമാണു നാം മുകളിൽ കാണുന്നത്. ഒരു കുന്നോളം വലുപ്പമുള്ള ഐസ്ബർഗുകൾ. വിശ്വസി ക്കാൻ പ്രയാസമുണ്ട്. അല്ലേ? മെഡിറ്ററേനിയൻ കടലിലെ സിസിലിദ്വീപിനൊപ്പം വലുപ്പം വരുന്ന ഐസ്ബർ ഗുകൾ വരെയുണ്ട്. ദക്ഷിണ ധ്രുവത്തിൽ 25,000 ചതുരശ്ര കിലോമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള കൂറ്റൻ ഐസ്ബർഗുകൾ കാണ പ്പെടാറുണ്ട്. ഗ്രീൻലാൻഡി ലെയും, അലാസ്ക്കയി ലെയും, അന്റാർട്ടിക്കയി ലെയും ഹിമാനികളിൽ നിന്നും വലുപ്പമുള്ള മഞ്ഞു പാളികളിൽ നിന്നും വേർ പെട്ടു വരുന്നവയാണ് മിക്ക ഐസ്ബർഗുകളും. ഉത്തര അത്‌ലാന്റിക് സമുദ്രത്തിലും അന്റാർട്ടിക്കയുടെ ചുറ്റുമുള്ള തണുത്ത കടലിലുമാണ് ലോകത്തേക്കും ഏറ്റവും കൂടുതൽ ഐസ്ബർഗുകൾ കാണപ്പെടുന്നത്. ചെറിയ ഐസ്ബർഗുകൾക്ക് ബെർഗി ബിറ്റ്സ് അല്ലെങ്കിൽ ഗ്രൗളേ ഴ്സ് എന്നാണ് പറയുന്നത്. കണ്ടുപിടിക്കാൻ പ്രയാസമാ യതിനാൽ ചെറിയ ഐസ് ബർഗുകൾ വളരെ അപകട കാരികളാണ്.

ടൈറ്റാനിക് ദുരന്തത്തിനു ശേഷമാണ് ഐസ്ബർഗു കളെ കണ്ടുപിടിക്കാനുള്ള ഐസ്പട്രോൾ ഏർപ്പെടുത്തി യത്. വിമാനങ്ങളും റഡാറു കളും ഉപയോഗിച്ച് കപ്പൽപ്പാ തയിലെ ഐസ്ബർഗുകൾ കണ്ടുപിടിച്ചാണ് അപകടം ഒഴിവാക്കുന്നത്. സാറ്റലൈറ്റ് ചിത്രങ്ങളുപയോഗിച്ചും ഐസ്ബർഗുകൾ കണ്ടുപി ടിക്കാം. അമേരിക്കയിലെ നാഷണൽ ഐസ് സെന്റർ ഉപഗ്രഹവിവരങ്ങളുടെ സഹായത്താൽ അന്റാർട്ടിക്ക യ്ക്ക് ചുറ്റുമുള്ള ഐസ്ബർ ഗുകളെ നിരീക്ഷിക്കുന്നു. ഐസ്ബർഗിന്റെ തണുപ്പു മൂലം അതിനു ചുറ്റിലും മൂടൽമഞ്ഞുണ്ടാകുന്നതി നാൽ അവയുടെ സ്ഥാനം കണ്ടുപിടിക്കുക വലിയ പ്രയാസമുള്ള കാര്യം തന്നെ യാണ്.

ഒരു ഘനകിലോമീറ്റർ വ്യാപ്തിയുള്ള ഒരു ഐസ് ബർഗ് ഉരുകുമ്പോൾ ഒരു ലക്ഷം പേർക്ക് വേണ്ട ശുദ്ധ ജലം കിട്ടുന്നുവെന്നാണ് കണക്ക്. സ്ഫോടകവസ്തു ക്കളുപയോഗിച്ച് ഭീമാകാര മായ ഐസ്ബർഗുകളെ തകർത്ത് തരിപ്പണമാക്കാ റുണ്ട്. ഐസ്ബർഗുകൾ പൊട്ടിത്തകരുമ്പോൾ അതിൽനിന്നും പോഷക ങ്ങൾ ചുറ്റുമുള്ള സമുദ്രഭാ ഗത്തേക്ക് വ്യാപിക്കുന്നു. ഐസ്ബർഗുകൾക്ക് ചുറ്റിലും മത്സ്യങ്ങളും മറ്റ് സമുദ്രജീവികളും കൂടുത ലായി കാണപ്പെടാറുമുണ്ട്. ഐസ്ബർഗുകൾ അറ്റ്ലാ ന്റിക് സമുദ്രത്തിലേക്ക് ഒഴുകിയെത്തുകയും ചൂടേറ്റ് ഉരുകിത്തീരുകയുമാണ് പതിവ്.



# കണിയും കൈനീട്ടവും

എം എൻ കാരശ്ശേരി

വിഷു എന്ന സംസ്കൃതവാക്കിന് 'തുല്യമായത്' എന്നാണ് അർത്ഥം. വിഷുദിവസം രാവും പകലും സമയത്തിൽ തുല്യമാണ് എന്ന താത്പര്യത്തിലാണ് ഈ പ്രയോഗം.

മലയാളികളുടെ സ്വന്തം കാലഗണനയായ 'കൊല്ല വർഷ'ത്തിന്റെ ആരംഭം വിഷുദിനത്തിലാണ്. അതിലെ ആദ്യമാസമായ മേടത്തിലെ ഒന്നാംതീയതിയാണു മിക്കപ്പോഴും വിഷു വരുന്നത്. കൊല്ലവർഷത്തിന് 'മലയാളവർഷം' എന്നും പറയും. ഇംഗ്ലീഷിൽ പണ്ട് അതിന് Malabar Era എന്നു പറഞ്ഞിരുന്നു. ഈ സന്ദർഭത്തിൽ മലബാർ എന്നതിനു കേരളം എന്നുതന്നെ അർത്ഥം. പഴയ ചരിത്രകൃതികളിൽ കേരളം എന്ന താത്പര്യത്തിൽ മലബാർ എന്ന പരാമർശം കാണാം.

വിഷുവിന്റെ ആഘോഷങ്ങളിൽ പ്രധാനം കണിയാണ്. അന്നു രാവിലെ കണ്ണുതുറക്കുമ്പോൾ ശ്രീകൃഷ്ണരൂപം, വെള്ളരി, കണ്ണാടി, സ്വർണം, നാണയം, ചന്ദനം മുതലായ ഐശ്വര്യസൂചകങ്ങളായ വസ്തുക്കൾ ഒരുക്കിവച്ച് കണി കാണണം. ആദ്യത്തെ കാഴ്ചയെയാണ് 'കണി' എന്നു പറയുന്നത്. ഈ വിഷുക്കണി വർഷം മുഴുവൻ ഐശ്വര്യം കൊണ്ടുവരും എന്നാണ് വിശ്വാസം. മംഗളമായത് കണികണ്ടാൽ കാര്യങ്ങൾ ശുഭമായിത്തീരും എന്നു കരുതുന്നവർ ധാരാളമുണ്ട്. പണ്ടുകാലത്തു കണിക്ക് പ്രാധാന്യമുണ്ടായതുകൊണ്ടാണ് രാജാക്കന്മാർ കണി കാണാൻ നിത്യവും മുറ്റത്തു കൊമ്പനാനയെ ഒരുക്കി നിർത്തിയിരുന്നത്.

'വിഷുക്കൈനീട്ടം' മറ്റൊരു പ്രധാന ചടങ്ങാണ്. അന്നു ഗൃഹനാഥൻ വീട്ടുകാർക്കും പരിചാരകർക്കും ആശ്രിതർക്കും വലുതോ



വര: രാജീവ് എൻ ടി

ചെറുതോ ആയ ഒരു സംഖ്യ ദാനം ചെയ്യുന്നതിനെയാണ് 'വിഷുക്കൈനീട്ടം' എന്നു പ റയു
ന്നത്. ആദ്യമായി കിട്ടുന്ന എന്തിനും 'കൈനീട്ടം' എന്നു പറയും. ദിവസം തുടങ്ങുമ്പോൾ ആദ്യമായി സാധനം വാങ്ങിയ ആൾ പീടികക്കാരനു കൊടുക്കുന്ന വില കൈനീട്ടമാണ്. അന്നു കച്ചവടം നന്നായാൽ കൈനീട്ടം നന്ന് എന്നും മോശമായാൽ കൈനീട്ടം ചീത്ത എന്നും പറയും. ചിലരുടെ 'കൈ' നല്ലതായതിനാൽ ഭാഗ്യം വരുമെന്നും ചിലരുടേത് നല്ലതല്ലാത്തതിനാൽ നിർഭാഗ്യം വരുമെന്നും ഉള്ള വെറും വിശ്വാസം മാത്രമാണിത്.

വിഷുവിന്റെ തലേന്നു സാധനങ്ങൾ വാങ്ങാനുള്ള ചന്തയ്ക്കു 'വിഷുച്ചന്ത' എന്നു പറഞ്ഞിരുന്നു. അന്നു രാവിലെ അരി, തേങ്ങ, പാല്, പയറ്, ശർക്കര എന്നിവ ചേർത്തുണ്ടാക്കുന്ന കഞ്ഞിക്ക് 'വിഷുക്കഞ്ഞി' എന്നും.

ഉഷ്ണകാലത്തെ ആഘോഷമാണ് വിഷു. അതിന്റെ വരവറിയിച്ചുകൊണ്ട് ചുട്ടവെയിലിൽ കൊന്നകൾ പൂക്കുന്നു. അതിനു ചിലേടത്ത് 'വിഷുക്കൊന്ന' എന്നു പറയും.

കൊന്നയ്ക്ക് ഇത്ര ഭംഗിയായ സ്വർണനിറം കിട്ടിയതിനെപ്പറ്റി ഒരു കഥയുണ്ട്. ഭക്തയായ ബാലികയിൽ പ്രസാദിച്ച ശ്രീകൃഷ്ണൻ അവൾക്കൊരു സ്വർണച്ചിലങ്ക കൊടുത്തു. അവളുടെ മുത്തശ്ശി എന്തോ കാര്യത്തിനു ചൊടിച്ചപ്പോൾ അതെടുത്ത് തൊടിയിലേക്ക് വലിച്ചെറിഞ്ഞു. അതു ചെന്നു വീണത് കൊന്നമരത്തിലാണ്. ആ മരം ഉടനെ ചിലങ്കയുടെ രൂപത്തിൽ സ്വർണവർണത്തിൽ പൂത്തുലഞ്ഞുവത്രെ.

കൊന്നമരത്തിൽ ചാരിയിരുന്ന് ഐശ്വര്യദേവതയായ മഹാലക്ഷ്മി പുഞ്ചിരിക്കുന്നതാണ് കൊന്നപ്പൂവായിട്ടു നാം കാണുന്നത് എന്നു മറ്റൊരു കഥയും കേട്ടിട്ടുണ്ട്.

ഏതു കാലത്തും മനുഷ്യരുടെ ഭാവനയെ ഉദ്ദീപിക്കുന്ന കാഴ്ചയാണ് കൊന്നുപ്പൂവിന്റേത്. വടക്കൻപാട്ടിൽ ഉണ്ണിയാർച്ചയെ വർണിക്കുമ്പോൾ ആ വടിവിന്റെ നിറപ്പകിട്ട് 'കുന്നത്തു കൊന്നയും പൂത്തപോലെ' എന്ന് ഉപമിക്കപ്പെടുന്നുണ്ട്. ഹുസ്നുൽ ജമാൽ എന്ന നായികയുടെ ആകാരഭംഗി അടയാളപ്പെടുത്തുമ്പോൾ 'കൊന്ന നല്ലോരം പൂത്തപോലെ' എന്നാണു മാപ്പിളപ്പാട്ടുകാരനായ മോയിൻകുട്ടി വൈദ്യർ സങ്കൽപ്പിക്കുന്നത്. അദ്ദേഹത്തിന്റെ പ്രയോഗം 'രാജ പൊൻമരം മുൻകുല പൂത്ത പോലെയോ' എന്നാണ്. പൊന്ന് പൂക്കുന്ന മരം എന്ന അർത്ഥത്തിലാവാം വൈദ്യർ കൊന്നയെ 'പൊൻമരം ' എന്നാണു വിളിക്കുന്നത്.

വിഷുവാഘോഷങ്ങളിൽ വിഷ്ണുവിന്റെ അവതാരമായ ശ്രീകൃഷ്ണനു പ്രാമുഖ്യം കിട്ടക്കാണുന്നതിനു കാരണം അക്രമിയായ നരകാസുരനെ കൃഷ്ണൻ വധിച്ചത് ഈ ദിവസത്തിലാണ് എന്ന ഐതിഹ്യമാവാം. അതിന്റെ ആനന്ദം ആവിഷ്കരിക്കാനുള്ള ബഹളം ഈ ആഘോഷങ്ങളിൽ തെളിയുന്നുണ്ട്. പടക്കം പൊട്ടിച്ചും പൂത്തിരി കത്തിച്ചും കുട്ടികൾ അതു കൊണ്ടാടുന്നു. വെടിക്കെട്ടിലൂടെയും കരിമരുന്നു പ്രയോഗങ്ങളിലൂടെയും മുതിർന്നവർ അതിൽ പങ്കുചേരുന്നു.

വിഷുവുമായി ബന്ധപ്പെട്ട വേറൊരു ഐതിഹ്യത്തിലെ പ്രതിനായകൻ രാവണനാണ്. മഹാപരാക്രമിയായ അദ്ദേഹം ലങ്ക വാഴുന്ന കാലത്തു സൂര്യനും ചന്ദ്രനും വായുവും തന്റെ ദാസന്മാരായിരുന്നുവത്രെ. ഒരിക്കലും സൂര്യനെ കിഴക്കു നിന്ന് ഉദിക്കാൻ അദ്ദേഹം അനുവദിച്ചിരുന്നില്ലപോലും. രാമലക്ഷ്മണന്മാർ ലങ്കാധിപതിയെ വധിച്ച് സീതയെ വീണ്ടെടുത്തപ്പോൾ സൂര്യനും മോചിതനായി. അതിനുശേഷം സൂര്യൻ ആദ്യമായി കിഴക്കു നിന്ന് ഉദിച്ച ദിവസമാണെത്രേ വിഷു വരുന്നത്. രാവണനിഗ്രഹത്തിലുള്ള ആഹ്ലാദമാണ് ശബ്ദത്തിന്റെയും വെളിച്ചത്തിന്റെയും ആഘോഷങ്ങളിൽ പ്രകടമാവുന്നത്.

കർഷകജനതയായ കേരളീയരുടെ ജീവിതത്തിൽ വിഷുവിനുള്ള പ്രസക്തി വേറെ ഒന്നാണ്. വിത്തിറക്കുന്ന സന്ദർഭമാണത്. 'വിത്തും കൈക്കോട്ടും' എന്നാണ് 'വിഷുപ്പക്ഷി' പാടുന്നത്. നമ്മുടെ കാർഷികപാരമ്പര്യത്തിന്റെ രണ്ട് അറ്റമാണ് വിഷുവും ഓണവും. വിഷു വിളവ് ഇറക്കുന്ന കാലമാണ്. ഓണം കൊയ്തെടുക്കുന്ന കാലവും.

ഉത്സവങ്ങളിലൂടെയും പൂരങ്ങളിലൂടെയും നാടുണരുന്ന വേളയാണ് വിഷുവിന്റേത്. പണിക്കിറങ്ങാനുള്ള ഉന്മേഷം നിറയുന്ന കാലം. അന്ന് ഊറ്റവും ഉത്സാഹവും പൊടി പൊടിക്കുന്നു. നാട് വിശ്രമിക്കുന്ന വേളയാണ് ഓണത്തിന്റേത്. കൊയ്ത്തു കഴിഞ്ഞ് കർഷകന്റെ പത്തായം നിറയുന്ന സംതൃപ്തിയുടെ കാലം.



Image: Koshy Koshy

38

# വിസ്മൃതമായ രണ്ട് വിദ്യാലയങ്ങൾ

ഡോ. എം ജി ശശിഭൂഷൺ

കാന്തളൂർ ശാലയും പാർത്ഥിവപുരം ശാലയും. തിരുവിതാംകൂറിലെ രണ്ടു മഹാവിദ്യാലയങ്ങളാണവ. ഇതിൽ ആദ്യമുണ്ടായത് കാന്തളൂർശാലയാണ്. വിഴിഞ്ഞത്തായിരുന്നു കാന്തളൂർ ശാലയുടെ തുടക്കം. പിന്നീട് കുറെക്കൂടി സുരക്ഷിതമായ ഉൾപ്രദേശത്തേക്കും ഒടുവിൽ വലിയശാലയിലേക്കും മാറ്റിയതായാണ് ചരിത്രം.

രാജരാജചോഴന്റെ (985–1016) കാലത്തുണ്ടായ ആക്രമണത്താൽ കാന്തളൂർ ശാല നശിപ്പിക്കപ്പെട്ടു. രാജരാജചോഴന്റെ പിൻഗാമികളായ രാജേന്ദ്രചോഴന്റെയും (1012–1044) കുലോത്തുംഗ ചോഴന്റെയും (1070–1122) കാലങ്ങളിലും അവർ 'കാന്തളൂർ ശാല കലമറുത്തരുളി'യിരുന്നു. പുരാന്തക പാണ്ഡ്യൻ എന്ന പാണ്ഡ്യരാജാവും (765–815) 'കാന്തളൂർശാല കലമറുത്തരുളി'.

കലം, കലമറുപ്പ് എന്നീ വാക്കുകൾ ചരിത്രകാരരെ കുറച്ചൊന്നുമല്ല ആശയക്കുഴപ്പത്തിലാക്കിയത്. കലം എന്നതുകൊണ്ടു മരക്കലത്തെയാണു സൂചിപ്പിക്കുന്നതെന്നും മരക്കലമെന്നാൽ കപ്പൽ എന്നാണ് അർത്ഥമെന്നും ധരിക്കുന്നവരുണ്ട്. കലം എന്നതിന് ഒരളവെന്നും കലമറുപ്പിനു 'ക്രമീകരിച്ചു' എന്നുമാണ് അർത്ഥമെന്നും ദേശവിനായകം പിള്ളയെ പോലുള്ള തമിഴ് പണ്ഡിതർ പറയുന്നതാകണം ശരി. അളവുതൂക്കങ്ങളുടെ നടപ്പിലാക്കൽ ആണെന്നുംവരാം ചോഴൻമാരുടെ കലമറുപ്പ്.

തുടരെത്തുടരെയുണ്ടായ ഈ ചോഴാക്രമണങ്ങളും വിജയികളുടെ ബിരുദസ്വീകരണവും കാന്തളൂർ ഒരു സാധാരണ വിദ്യാലയമായിരുന്നില്ലെന്നു സൂചനനൽകുന്നു. ബ്രാഹ്മണർക്കായിരുന്നു പ്രവേശനമെങ്കിലും കാന്തളൂരിൽ ആയുധാഭ്യാസവും

പരിശീലിപ്പിച്ചിരുന്നുവത്രേ. അതുകൊണ്ടാവണം ചോഴ രാജാക്കൻമാർ 'കലമറുപ്പ് നടത്തി'യതെന്നാണ് ഊഹം. ആദ്യത്തെ കലമറുപ്പ് സി ഇ 988 ന് അടുത്ത് നടന്നുവെന്നും കന്യാകുമാരി ജില്ലയിലെ തലക്കുളത്തും കറകണ്ടേശ്വരത്തും കലമറുത്തതിനു ശേഷമാണ് ചോഴർ കാന്തളൂർ എത്തിയതെന്നുമാണ് ഇളംകുളത്തിന്റെ അഭിപ്രായം.

കരമനയാറിലൂടെ വെള്ളായണി വഴി കച്ചവടക്കാർ മുൻകാലങ്ങളിൽ തിരുവനന്തപുരത്ത് എത്തിയിരുന്നു. എട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'കുവലയമാല' എന്ന ചമ്പുവിൽ* പരാമർശിക്കപ്പെട്ടിരുന്ന വിജയപുരി, വിഴിഞ്ഞമാണെന്നാണ് ചരിത്രകാരർ കരുതുന്നത്.

'കുവലയമാല'യിൽ പ്രതിപാദിക്കുന്ന സർവചട്ടാനംമഠം കാന്തളൂർശാല തന്നെയാണെന്നു വിശ്വസിക്കുന്നവരുണ്ട്. ഇതു ശരിയാണെങ്കിൽ കാന്തളൂർശാല എല്ലാ ശാസ്ത്രങ്ങളും പഠിപ്പിക്കുന്ന ഒരു വിദ്യാലയമായിരുന്നു. അഞ്ചു യുദ്ധമുറകളും ഏഴു ശാസ്ത്രങ്ങളും അതിനു പുറമെ 30 വിദ്യകളും കാന്തളൂർശാലയിൽ പഠിപ്പിച്ചിരുന്നു.

ആദ്യത്തെ കാന്തളൂർ ശാല നിലനിന്നിരുന്ന വിഴിഞ്ഞത്തെ സ്ഥലം എവിടെയാകാം? പ്രതിഷ്ഠകളോ പൂജയോ ഇല്ലാത്തതും അടുത്തകാലത്തായി മതിൽ കെട്ടിയടച്ചതുമായ മുക്കുവത്തുറയിലെ ക്ഷേത്രസമുച്ചയത്തിന് അടുത്താവണം എന്നാണു കരുതുന്നത്. ഒടുവിലത്തെ കാന്തളൂർശാല പ്രവർത്തിച്ചിരുന്ന തിരുവനന്തപുരത്തെ വലിയശാല നഗരത്തിലെ പ്രശസ്തമായ ക്ഷേത്രങ്ങളിലൊന്നാണ്. ആര്യശാലാ, കറകണ്ഠേശ്വരം, ചാല തുടങ്ങിയ സ്ഥലങ്ങളും പഴമയുടെ അടയാളങ്ങളായി വലിയശാലയ്ക്ക് അടുത്തുണ്ട്.

> വേദപാഠശാലയിൽ കർശനമായ അച്ചടക്കംനിലനിർത്തുവാനുള്ള നിയമങ്ങൾ നടപ്പിലാക്കിയിരുന്നു. ബ്രഹ്മചാരിയായ ഒരു വിദ്യാർത്ഥി മറ്റൊരു ബ്രഹ്മചാരിയെ ചീത്തപറഞ്ഞാലും അടികലശലുണ്ടാക്കിയാലും മുറിവേൽപ്പിച്ചാലും ക്ലാസ്സിൽ ആയുധവുമായി പ്രവേശിച്ചാലും ശിക്ഷയായി പിഴ ഈടാക്കിയിരുന്നു.

ദക്ഷിണേന്ത്യയിലെ നളന്ദയായി അറിയപ്പെട്ടിരുന്ന കാന്തളൂർശാലയുടെ ഓർമ പുതുക്കാനായി വിഴിഞ്ഞത്തോ വലിയശാലയിലോ സ്മാരകങ്ങൾ ഒന്നുമില്ല.

## പാർത്ഥിവശേഖരപുരം ശാല

കാന്തളൂർശാലയുടെ സമ്പ്രദായത്തിൽ ആയി രാജാവായ കരുനന്തടക്കൻ സി ഇ 865 ൽ ഇന്നത്തെ കന്യാകുമാരി ജില്ലയിലെ മുഞ്ചിറയിൽ സ്ഥാപിച്ചതാണ് പാർത്ഥിവശേഖരപുരം ശില. നടത്തിപ്പും മറ്റും കാന്തളൂർശാലയുടെ മാതൃകയിൽ ആയിരുന്നെങ്കിലും പഠനവിഷയം ഇവിടെ വേദത്തിന്റെ വിവിധ ശാഖകളായിരുന്നു. 95 വിദ്യാർത്ഥികൾക്കു പഠിക്കുവാനുള്ള സൗകര്യങ്ങളായിരുന്നു ഈ വിദ്യാലയത്തിൽ ഉണ്ടായിരുന്നത്.

ഉഴക്കുടിവിള എന്ന സ്ഥലം മുഞ്ചിറസഭയിൽനിന്ന് ഏറ്റെടുത്ത ശേഷമാണ് അവിടെ ഒരു വിഷ്ണുക്ഷേത്രവും വേദപാഠശിലയും കരുനന്തടക്കൻ (857–885) തുടങ്ങുന്നത്. മതത്തെയും വിജ്ഞാനത്തെയും പ്രോത്സാഹിപ്പിക്കുന്ന ഒരു രാജാവിനെ കരുനന്തടക്കനിൽ കാണാം. ചടയൻ എന്ന ആയ് രാജാവിന്റെ മകനും കരുനന്തൻ, കരുനന്തരുമൻ എന്നിവരുടെ പിൻഗാമിയുമായിരുന്നു കരുനന്തടക്കൻ.

വേദപാഠശാലയിൽ കർശനമായ അച്ചടക്കംനിലനിർത്തുവാനുള്ള നിയമങ്ങൾ കരുനന്തടക്കൻ പാർത്ഥിവശേഖരപുരത്തു നടപ്പിലാക്കിയിരുന്നു. ബ്രഹ്മചാരിയായ ഒരു വിദ്യാർത്ഥി മറ്റൊരു ബ്രഹ്മചാരിയെ ചീത്തപറഞ്ഞാലും അടികലശലുണ്ടാക്കിയാലും മുറിവേൽപ്പിച്ചാലും ക്ലാസ്സിൽ ആയുധവുമായി പ്രവേശിച്ചാലും ശിക്ഷയായി പിഴ ഈടാക്കിയിരുന്നു. വിദ്യാർത്ഥികൾ അവരുടെ താമസസ്ഥലത്ത് ദാസികളെ പ്രവേശിപ്പിച്ചാലും ക്ഷേത്രത്തിൽ ചൂതുകളിച്ചാലും ശിക്ഷ ഉറപ്പായിരുന്നു. ആകെയുണ്ടായിരുന്ന 95 സ്ഥാനങ്ങൾ മൂന്നു വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട വേദപഠിതാക്കൾക്കായി മാറ്റിവച്ചിരുന്നു.

പാർത്ഥിവശേഖരപുരം ശാല വിക്രമാദിത്യവരഗുണന്റെ കാലത്താവാം ചോഴന്മാരാൽ നശിപ്പിക്കപ്പെട്ടത്. ശാലയും ശിലയുടെ അവശിഷ്ടങ്ങളും അപ്രത്യക്ഷമായെങ്കിൽക്കൂടി പാർത്ഥിവശേഖരപുരം വിഷ്ണുക്ഷേത്രം, വിളവൻകോട് താലൂക്കിലെ മുഞ്ചിറയിൽ ഇപ്പോഴും തലയുയർത്തി നിൽക്കുന്നു. മനോഹരമാണ് ക്ഷേത്രവും പരിസരങ്ങളും. കേന്ദ്രപുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളിലൊന്നാണ് ഈ ക്ഷേത്രം.

*ഗദ്യവും പദ്യവും ചേർന്നുള്ള കാവ്യരൂപം

# അദ്വൈതാശ്രമത്തിലെ മാവ്

**ജോസഫ് പനക്കൽ**

ആലുവാപ്പുഴയുടെ തീരത്ത് ശ്രീനാരായണഗുരു സ്ഥാപിച്ച അദ്വൈതാശ്രമം ഏറെ പ്രസിദ്ധമാണ്. ആശ്രമത്തിനു മുന്നിൽ സ്വച്ഛശീതളമായ തണൽ വിരിച്ചു നിൽക്കുന്ന ഒരു മാവുണ്ടായിരുന്നു. സദാ വീശിക്കൊണ്ടിരിക്കുന്ന കുളിർമയേറിയ കാറ്റ്, ശാന്തമായൊഴുകുന്ന പുഴയുടെ നേർത്ത സംഗീതം... ഇതെല്ലാമാസ്വദിച്ചാണ് ആ മാവിന്റെ നിൽപ്പ്.

എല്ലാവർഷവും വേനൽക്കാലത്ത് അദ്വൈതാശ്രമത്തിൽ സുഖവിശ്രമത്തിനായി ശ്രീനാരായണഗുരു എത്തുമായിരുന്നു. പകൽ സമയത്ത് വിശ്രമത്തിനായി അദ്ദേഹം തിരഞ്ഞെടുക്കുന്നത് ആ മാവിൻചുവടു തന്നെ ആയിരിക്കും. പുഴയുടെ ഒഴുക്കുനോക്കി അവിടെയിരിക്കുമ്പോൾ മനസ്സിനും ശരീരത്തിനും ഒരുപോലെ ആശ്വാസവും ശാന്തിയും അനുഭവപ്പെടും. രാവിലെ പലതരം കിളികളുടെ സല്ലാപസാന്നിധ്യവും ആഹ്ലാദകരമായിരുന്നു. സന്ദർശിക്കാനെത്തുന്ന പലർക്കും അദ്ദേഹം ദർശനം നൽകിയിരുന്നതും ആ മാവിൻചുവട്ടിൽ വച്ചായിരുന്നു.

അക്കാലത്ത് അദ്വൈതാശ്രമം ഹൈസ്കൂളിൽ അധ്യാപകനായിരുന്നു സാഹിത്യകാരനും നിരൂപകനും യുക്തിവാദിയുമായിരുന്ന പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപിള്ള. ആദ്യകാലത്ത് അദ്ദേഹത്തിന്റെ വേദാന്ത ചിന്തയെ സമ്പുഷ്ടമാക്കിയത് ശ്രീനാരായണഗുരുവുമായുള്ള ശ്രേഷ്ഠസമ്പർക്കങ്ങളായിരുന്നു. അവർ തമ്മിലുള്ള സംവാദങ്ങൾ മിക്കവാറും നടന്നിരുന്നത് ആ മാവിൻ തണലിൽ വച്ചായിരുന്നു. തന്റെ ചിന്താശേഷിക്ക് ഉന്മേഷത്തിന്റെ നവനാമ്പുകൾ കിളുർപ്പിച്ചത് ആ ശീതളച്ഛായയിലെ ഗുരുസമ്പർക്കമായിരുന്നു എന്ന് കുറ്റിപ്പുഴ പിന്നീട് 'സ്മരണമഞ്ജരി' യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആശ്രമാങ്കണത്തിലെ ആ മാവിനെക്കുറിച്ച് വികാരനിർഭരമായ ഒട്ടേറെ ഓർമകൾ അദ്ദേഹത്തിനുണ്ടായിരുന്നു.

പ്രഭാതത്തിലും സായാഹ്നത്തിലുമായിരുന്നു ആ മാവിന്റെ പ്രശാന്തമോഹനമായ തണലിലിരുന്നുള്ള ഗുരുവിന്റെ വിശ്രമം. ഗുരുവുമായി ബന്ധപ്പെട്ട പല സംഭവങ്ങൾക്കും നിശ്ശബ്ദസാക്ഷ്യം വഹിച്ചിട്ടുള്ള ഒരനുഗൃഹീത വൃക്ഷമായിരുന്നു അത്. അതിന്റെ മഹത്വും വൈശിഷ്ട്യവും മറ്റൊരു മരത്തിനും അവിടെ അവകാശപ്പെടാനില്ലായിരുന്നു. അവിടെയിരിക്കുമ്പോൾ ഗുരുവിന് മറ്റൊരിടത്തുനിന്നും ലഭിക്കാത്ത ആത്മീയമായ ഒരു ശാന്തിയും സുഖവും സിദ്ധിച്ചിരുന്നുവത്രേ.

കണ്വാശ്രമത്തിലെ സഹകാരവൃക്ഷം പോലെയും രാമായണത്തിൽ സീത ചിന്താവിഷ്ടയായിരുന്ന ശിംശികാവൃക്ഷംപോലെയും കാവ്യവർണനയ്ക്കു വിഷയീഭവിക്കാൻ പോന്ന മഹിമയാർന്നതായിരുന്നു ആ ആശ്രമമാവ് എന്ന് കുറ്റിപ്പുഴ അതിനെ വിശേഷിപ്പിച്ചിട്ടുണ്ട്. പക്ഷേ, ശകുന്തള തന്റെ സ്നിഗ്ദമൃദുലമായ കരംകൊണ്ടു വെള്ളമൊഴിച്ചുവളർത്തിയ കണ്വാശ്രമത്തിലെ മാവിനെപ്പോലെയായിരുന്നില്ല അദ്വൈതാശ്രമത്തിലെ മാവു വളർന്നത്. പ്രത്യേക ശ്രദ്ധയോടെ ആരും നട്ടുവളർത്തിയതായിരുന്നില്ല അത്. ഒരു അനാഥബാലനെപ്പോലെ, ആരുടെയും സംരക്ഷണമോ വാത്സല്യമോ ലഭിക്കാതെ, ആരോ തെരുവിലെറിഞ്ഞതോ കാക്കതിന്നിട്ടതോ ആയ വിത്തുമുളച്ച്, മഴയും സൂര്യപ്രകാശവും കാറ്റും ആകാശവും മണ്ണും ചേർന്ന് ഊർജം നൽകി പ്രകൃതി പരിപാലിച്ചു വളർത്തിയ മാവ്.

അങ്ങനെ സന്യാസാശ്രമത്തിന്റെ മുറ്റത്തു വളർന്നതുകൊണ്ടാവണം, ആ മാവും ഒരു ബ്രഹ്മചാരിയെപ്പോലെയായത്. ഏറെ വളർന്നിട്ടും ഒരു മുല്ലവള്ളിയോ ശതാവരിയോ മറ്റേതെങ്കിലും വള്ളിച്ചെടിയോ അതിൽ പടർന്നു കയറിയില്ല. അതു പൂക്കുകയോ കായ്ക്കുകയോ ചെയ്തിരുന്നില്ല. ഒരു നിത്യബ്രഹ്മചാരിയായി ആശ്രമാങ്കണത്തിൽ സന്യാസം സ്വീകരിച്ചമാവ്!



കുറ്റിപ്പുഴ കൃഷ്ണപിള്ള

**വൈക്കം സത്യഗ്രഹവേളയിൽ അവിടേക്കു പുറപ്പെട്ട മഹാത്മാ ഗാന്ധി യാത്രാമധ്യേ ആലുവയി ലിറങ്ങി ശ്രീനാരായണ ഗുരു വിനെ അദ്വൈതാശ്രമത്തിൽ ചെന്നു കാണുകയുണ്ടായി. അപ്പോഴും കുറച്ചു സമയം ഗാന്ധിജിയോടൊത്ത് ഗുരു ആ മാവിൻ തണലിൽ ഇരുന്നു സംസാ രിച്ചുവത്രേ.**

എത്രയോ തവണ കുറ്റി പ്പുഴ കൃഷ്ണപിള്ള അതിന്റെ ശീതളഛായയിലിരുന്ന് ശ്രീനാരായണഗുരുവിന്റെ സ്നിഗ്ദഗംഭീരസ്വരത്തി ലുള്ള മധുരഭാഷണം കേട്ടു ധന്യത നേടിയിട്ടുള്ളതാണ്. അമരകോശവും അഷ്ടാംഗ ഹൃദയവും ഭഗവത്ഗീതയും ബ്രഹ്മസൂത്രഭാഷ്യവുമെല്ലാം സംബന്ധിച്ച് ഗുരുവുമായി ചർച്ചചെയ്തിട്ടുള്ളതാണ്! ഇടയ്ക്കു കാറ്റിൽ മാവിലകൾ എന്തൊക്കെയോ മന്ത്രിച്ചി രുന്നു. ഗഹനമായ സംവാദ ങ്ങളുടെ ഇടവേളകളിൽ മന സ്സിനു സുഖംപകരും വിധം മാവിൻ ചില്ലകൾ തലയാട്ടി നേർത്ത ശ്രുതിയിൽ ഏതോ കീർത്തനമാലപിച്ചിരുന്നു.

ഒരിക്കൽ നാരായണ ഗുരുവും കുറ്റിപ്പുഴയും തമ്മിൽ നടന്ന സംഭാഷണ ത്തിനിടയിൽ 'നാപിതൻ' എന്ന വാക്ക് ചർച്ചാവിഷയ മായി. ആ വാക്കിന്റെ അർത്ഥം ക്ഷുരകൻ എന്നാണെന്ന് കുറ്റിപ്പുഴയ്ക്ക് അറിയാമായി രുന്നു. എന്നാൽ അതെങ്ങനെ വന്നെന്നറിയില്ലായിരുന്നു. ഗുരുസ്വാമിയാണ് അതു വ്യക്തമാക്കിയത്.

''ആപിതനല്ലാത്തവൻ- നാപിതൻ. എന്നു വച്ചാൽ ആളയയ്ക്കാതെ മുറപ്രകാരം തനിയെ വരുന്നവൻ. അങ്ങ നെയായിരുന്നു ക്ഷുരകൻ പണ്ട് ജോലിക്കെത്തിയിരു ന്നത്.''

മറ്റൊരവസരത്തിൽ ശ്രീശ ങ്കരാചാര്യരുടെ ബ്രഹ്മസൂ ത്രത്തിലെ അവശൂദ്രാധീക രണത്തെക്കുറിച്ചായിരുന്നു മാഞ്ചുവട്ടിലെ ചർച്ച. അതിൽ ശങ്കരാചാര്യർക്കു തെറ്റു പറ്റിയെന്നു നാരായണഗുരു നിർവിശങ്കം തറപ്പിച്ചു പറഞ്ഞു. ശൂദ്രജാതിയിൽ ജനിച്ചുപോയി എന്നതിനാൽ ഒരുവനും വേദം പഠിച്ചുകൂ ടായെന്ന് ഏതുഭഗവാൻ പറഞ്ഞാലും അംഗീകരിച്ചു കൊടുക്കാനാവില്ല. അത്ര അനീതി നിറഞ്ഞ ഒരു വ്യവ സ്ഥയാണത് എന്നു ഗുരു അമർഷത്തോടെ പറഞ്ഞ തായി കുറ്റിപ്പുഴ രേഖപ്പെടു ത്തിയിട്ടുണ്ട്.

കേരളത്തിലെ ചരിത്ര പ്രധാനമായ വൈക്കം സത്യ ഗ്രഹവേളയിൽ അവിടേക്കു പുറപ്പെട്ട മഹാത്മാഗാന്ധി യാത്രാമധ്യേ ആലുവയിലി റങ്ങി ശ്രീനാരായണ ഗുരു വിനെ അദ്വൈതാശ്രമത്തിൽ ചെന്നു കാണുകയുണ്ടായി. അപ്പോഴും കുറച്ചു സമയം ഗാന്ധിജിയോടൊത്ത് ഗുരു ആ മാവിൻ തണലിൽ ഇരുന്നു സംസാരിച്ചുവത്രേ. പക്ഷേ ശ്രീനാരായണ ഗുരുവുമായി ബന്ധപ്പെട്ട പല മഹദ്വ്യക്തികളു ടെയും സാന്നിധ്യം അനുഭ വിക്കാനും അവർക്കെല്ലാം തണൽസുഖമേകാനും കഴി ഞ്ഞിട്ടുള്ള ധന്യതയാർന്ന ആ ആശ്രമമാവ് ഇന്നവിടെ യില്ല.

ആശ്രമത്തിനുചുറ്റു മതിൽ കെട്ടിയ അവസ രത്തിൽ ഫലമില്ലാത്ത വൃക്ഷം എന്ന നിലയിൽ ആ മാവ് വെട്ടിക്കളഞ്ഞു.

# ഗോഗ്രഹണവും യുദ്ധവും

ത്രിഗർത്തനും സേനയും ഒരുവശത്തുകൂടിച്ചെന്ന് ഗോശാലകളിൽ കടന്ന് ഗോപാലന്മാരെ ആട്ടിയോടിച്ച് പശുക്കളെ കവർന്നു കൊണ്ടുപോയി. ഭയന്നോടിയ ഗോപാലന്മാർ രാജസന്നിധിയിലെത്തി കരഞ്ഞു കാര്യം പറഞ്ഞപ്പോൾ വിരാടൻ കുപിതനായി എഴുന്നേറ്റു. 'തേരു തയാറാക്കൂ, മത്സ്യസേനയും എന്നോടൊപ്പം വരട്ടെ!' പട കൂട്ടി തിരക്കിട്ടിറങ്ങിയ വിരാടൻ പറഞ്ഞു. 'കുങ്കൻ ബ്രാഹ്മണനെങ്കിലും ശസ്ത്രാഭ്യാസ സിദ്ധിയുള്ളവനാണ്. അയാളും മല്ലനായ ആ വല്ലവനും മിടുക്കന്മാരായ ദാമഗ്രന്ഥിയും തന്ത്രിപാലനുമൊക്കെ യുദ്ധത്തിനു തയാറായി എന്നെ പിന്തുടരട്ടെ.' വിരാടനും സഹോദരന്മാരും തേരുകളേറി ത്രിഗർത്തനെ പിന്തുടർന്നു. രാജകല്പനയനുസരിച്ച് പടച്ചട്ടകളണിഞ്ഞ് ആയുധങ്ങളേന്തി കുങ്കനും വല്ലവനും അനുജന്മാരും അവരെ അനുഗമിച്ചു.

മുമ്പേപോയ മത്സ്യരാജാവിനെയും സഹോദരന്മാരെയും ത്രിഗർത്തന്റെ ശക്തമായ പട നേരിട്ടു. അസ്തമയസമയമാകുന്നു. ഉഗ്രമായ യുദ്ധം ആരംഭിച്ചു. അമ്പുകൾ കൊണ്ട് ആകാശം മൂടി. ഇരുട്ടുപരക്കുന്നതിനാൽ തമ്മിൽ അറിയാതെയാണെങ്കിലും യുദ്ധം തുടർന്നു. അതിനിടയ്ക്ക് ഉദിച്ചുയർന്ന ചന്ദ്രൻ കുറെ വെളിച്ചം നൽകി. നൂറുക്കണക്കിനു പോരാളികൾ അമ്പേറ്റും വെട്ടേറ്റും വീണു. അതിനിടയിൽ ശൂരനായ ത്രിഗർത്തൻ എതിർക്കുന്നവരെയെല്ലാം വെട്ടിവീഴ്ത്തിക്കൊണ്ട് തേരോടിച്ച് വിരാടന്റെ അരികിലെത്തി. അശ്വങ്ങളെയും തേരാളിയെയും കൊന്നുവീഴ്ത്തി. തേരിൽ ഒറ്റപ്പെട്ടുപോയ രാജാവിനെ പിടിച്ചു വലിച്ച് തന്റെ തേരിലിട്ട് ബന്ധിച്ചിട്ട് ത്രിഗർത്തൻ അതിവേഗം കുതിരകളെ ഓടിച്ചുപോയി. മത്സ്യസൈന്യം പിന്തിരിഞ്ഞ് പേടിച്ചോടി വരുന്നതു കണ്ട് പിന്നാലെയെത്തിയ കുങ്കൻ കാരണമാരാഞ്ഞപ്പോൾ അവർ നിലവിളിച്ചു പറഞ്ഞു. 'രാജാവിനെ ത്രിഗർത്ത രാജാവ് പിടിച്ചുകെട്ടി കൊണ്ടുപൊയ്ക്കളഞ്ഞു!'

കുങ്കൻ വല്ലവന്റെ മുഖത്തുനോക്കി 'നമ്മെ സുഖമായി പാർപ്പിച്ചതിനു പ്രതിഫലം നൽകുക.' 'ജ്യേഷ്ഠാ, അങ്ങ് അനുജന്മാരുമായി പടനിലത്തു നിന്നുകൊള്ളുക. ഞാനാ ത്രിഗർത്തന്റെ പിന്നാലെ പോകാം.' എന്നായി വല്ലവൻ. കുങ്കൻ അതിനനുവദിച്ചു. മദിച്ച ആനയെപ്പോലെ ഒരു വൻമരം പിഴുതെടുക്കാൻ നോക്കുന്ന വല്ലവനെ കുങ്കൻ തടഞ്ഞു. 'അരുത്. സാധാരണ മനുഷ്യർ ഉപയോഗിക്കുന്ന ആയുധം വല്ലതും മതി. നിന്നെ ആരും തിരിച്ചറിയാൻ ഇടവരുത്തരുത്.'

ഭീമൻ ത്രിഗർത്തന്റെ പിന്നാലെ തേരേറി പാഞ്ഞു ചെന്ന് 'നിൽക്ക്! നിൽക്ക്!!' എന്നു ഗർജിച്ചപ്പോൾ സേനയോടൊപ്പം ത്രിഗർത്തരാജൻ തിരിഞ്ഞുനിന്നു. കണ്ണടച്ചുമിഴിക്കും മുമ്പേ ത്രിഗർത്തസൈന്യത്തിലധികത്തെയും ഭീമൻ കൊന്നൊടുക്കി. ത്രിഗർത്തനും സഹോദരന്മാരും ആ കാലനെപ്പോലെ വരുന്നവനെ എതിരിട്ടു. യുദ്ധം ഭീകരമായി. ഭീമൻ ത്രിഗർത്തന്റെ കുതിരകളെ വീഴ്ത്തി, സുതനെ കൊന്ന് തേരും തകർത്തപ്പോൾ വിരാടരാജൻ തേരിൽ നിന്നു ചാടിയിറങ്ങി. ഓടിപ്പോകുന്ന ത്രിഗർത്തനെ പിന്നാലെചെന്നു പിടികൂടി നിലത്തടിച്ചു വീഴ്ത്തി കെട്ടിയെടുത്തു തേരിലിട്ട് സിംഹനാദം മുഴുക്കിക്കൊണ്ട് ഭീമൻ ജ്യേഷ്ഠസന്നിധിയിലെത്തി. 'ഇവനെ എന്തു ചെയ്യണമെന്ന്' ചോദ്യത്തിന് 'വിട്ടയച്ചേക്കൂ' എന്നായി യുധിഷ്ഠിരൻ. ശേഷിച്ച ത്രിഗർത്തസൈന്യം ചിതറിയോടിക്കഴിഞ്ഞു. മുറിവേറ്റു പൊടിയണിഞ്ഞ് തലകുനിച്ച് ത്രിഗർത്തരാജൻ പിൻമടങ്ങി.



പടകഴിഞ്ഞ് വിജയികളായ വിരാടനും

പടയും പാണ്ഡവരും അവിടെത്തന്നെ കെട്ടിയുയർത്തപ്പെട്ട കുടീരങ്ങളിൽ ആ രാത്രി വിശ്രമിച്ചു. തന്നെ മോചിപ്പിച്ച വല്ലവനെ വീണ്ടും വീണ്ടും മത്സ്യരാജാവ് അനുമോദിച്ചു. 'നിനക്കു ഞാൻ കൈനിറയെ സമ്മാനങ്ങൾ നൽകുന്നുണ്ട് വല്ലവാ. നിനക്കു മാത്രമല്ല ഊക്കിൽ പോരാടിയ ഈ കുങ്കനും ഗോപാലനും അശ്വപാലനുമെല്ലാം ഞാൻ സമ്മാനങ്ങൾ നൽകുന്നതാണ്.' രാജാവ് സന്തോഷത്തോടെ നഗരത്തിലേക്ക് ആളയച്ചു. 'ഞങ്ങൾ യുദ്ധംജയിച്ചു വരുന്നു. സ്വീകരിക്കാൻ എല്ലാം ഒരുക്കുവിൻ. വാദ്യഘോഷങ്ങളും വിളക്കെടുത്ത കന്യകമാരുമെല്ലാം തയാറാകട്ടെ.'

ഈ തക്കം നോക്കി ദുര്യോധനസേന മറ്റൊരു ഭാഗത്തുകൂടി വന്ന് വിരാടരാജധാനിയെ ആക്രമിച്ചു. രാജധാനിയിൽ രാജാവും സൈന്യവും ഇല്ലെന്നറിഞ്ഞായിരുന്നു ഈ ആക്രമണം. രാജധാനിയിലെ ഗോശാലകളിൽ നിന്ന് പശുക്കളെ കൗരവസേന ആട്ടിത്തെളിച്ചു കൊണ്ടുപോകുന്നതും വലിയൊരു സേന രാജധാനിയോടടുക്കുന്നതും അറിഞ്ഞ് രാജകുമാരൻ ഉത്തരൻ അസ്വസ്ഥനായി. ആരുമില്ല പുരത്തിൽ. എല്ലാവരും രാജാവിനോടൊപ്പം പടയ്ക്കു പോയിരിക്കുന്നു. ശത്രുക്കൾ അടുത്തെത്താറായി. ഗോപാലന്മാർ ഓടിയെത്തി 'തമ്പുരാനേ, ഉടൻ വന്നാലും.' എന്നു മുറവിളി കൂട്ടുന്നു. ഉത്തരൻ അന്തപ്പുരത്തിലെ സ്ത്രീകളോട് ആവലാതി പറഞ്ഞു. 'ഞാൻ പോകാം ശത്രുവിനെ നേരിടാൻ! പക്ഷേ എനിക്കു പറ്റിയ ഒരു തേരാളിയില്ലാതായിപ്പോയല്ലോ. എന്റെ സൂതൻ കഴിഞ്ഞൊരു യുദ്ധത്തിൽ കൊല്ലപ്പെട്ടു. അവനുണ്ടായിരുന്നെങ്കിൽ ഞാനിപ്പോൾ ചെന്ന് കൗരവസൈന്യത്തെ മുച്ചൂടും മുടിച്ചേനെ! ദുര്യോധനനോ ഭീഷ്മരോ കർണനോ ദ്രോണരോ ആരു വന്നാലെന്ത്, ഇന്ദ്രൻ അസുരന്മാരെ വെല്ലും പോലെ ഞാനവരെ വെന്നേനെ! എന്റെ വീര്യം കണ്ട് 'ഇതാര്! അർജുനനോ!' എന്ന് അവർ അമ്പരന്നു പോയേനെ. കഷ്ടം, ഒരു തേരാളിയില്ലാതെ ഞാനെങ്ങനെ യുദ്ധത്തിനു പോകും!'

പടകഴിഞ്ഞ് വിജയികളായ വിരാടനും പടയും പാണ്ഡവരും അവിടെത്തന്നെ കെട്ടിയുയർത്തപ്പെട്ട കുടീരങ്ങളിൽ ആ രാത്രി വിശ്രമിച്ചു. തന്നെ മോചിപ്പിച്ച വല്ലവനെ വീണ്ടും വീണ്ടും മത്സ്യരാജാവ് അനുമോദിച്ചു.

ഈ വീരവാദം കേട്ട സൈരന്ധ്രിക്കു പൊറുത്തില്ല. ഓരോ ദിവസവും കണക്കുകൂട്ടി കാത്തിരുന്ന അവൾ അജ്ഞാതവാസകാലം കഴിഞ്ഞൂ എന്ന് മനസ്സിലാക്കിയിരുന്നതിനാൽ നേരേ ബൃഹന്നളയുടെ അരികിൽച്ചെന്ന് ആവശ്യം അറിയിച്ചു. ബൃഹന്നള പുഞ്ചിരിച്ചു. 'കല്യാണീ, നീ ചെന്ന് ആ പൊങ്ങച്ചക്കാരനോട് പറയൂ, തേരാളിയാവാൻ ഈ ബൃഹന്നളയുണ്ടെന്ന്. മുമ്പ് അർജുനന്റെ തേരുതെളിച്ചിട്ടുള്ള ബൃഹന്നള ഉത്തരന്റെ തേരും തെളിക്കാൻ പ്രാപ്തിയുള്ളവനാണെന്ന്.'

സൈരന്ധ്രി ഉത്തരസമീപം ചെന്നു വന്ദിച്ചുകൊണ്ടു പറഞ്ഞു. 'രാജകുമാരാ,



വര: ജയേന്ദ്രൻ

തേരാളിയില്ലാഞ്ഞ് അങ്ങ് വിഷമിക്കേണ്ട. ആ ബൃഹന്നള തേരോടിക്കാൻ വിദഗ്ധനാണ്. ഇന്ദ്രപ്രസ്ഥത്തിൽ വെച്ച് ഞാനതു കണ്ടിട്ടുണ്ട്. അങ്ങ് ബൃഹന്നളയെ സൂതനാക്കി ശത്രുക്കളോടെതിർത്ത് വിജയിച്ചാലും.'

'അയ്യേ! ആ ഷണ്ഡനോ! അവൾക്കു തേരു തെളിക്കാനറിയാമെന്നോ! എങ്കിലും ഞാനാ ബൃഹന്നളപ്പെണ്ണിനോട് ഇക്കാര്യം എങ്ങനെ ചോദിക്കും? നാണക്കേടല്ലേ അത്!' സൈരന്ധ്രി പറഞ്ഞു. 'ഇതാ അങ്ങയുടെ കൊച്ചനുജത്തി ഉത്തര, ബൃഹന്നളയുടെ ശിഷ്യ, ഇതെല്ലാം കേട്ടുകൊണ്ടു നിൽക്കുന്നുണ്ടല്ലോ. കുമാരി ചെന്നു ബൃഹന്നളയോട് ആവശ്യപ്പെടട്ടെ.' 'ശരി. ബൃഹന്നളയെ വിളിച്ചുകൊണ്ടു വരൂ.' എന്ന് ജ്യേഷ്ഠൻ പറഞ്ഞതുകേട്ട് ഉത്തര ഓടിച്ചെന്ന് നാട്യശാലയിലിരിക്കുന്ന തന്റെ നൃത്തഗുരുവിനെ വിളിച്ചു. 'ബൃഹന്നളേ, കൗരവന്മാർ വന്ന് നമ്മുടെ പശുക്കളെയെല്ലാം ആട്ടിപ്പായിച്ചു കൊണ്ടുപോകുന്നു. അവരെ തോൽപ്പിക്കാൻ എന്റെ ജ്യേഷ്ഠൻ, വില്ലാളിവീരനായ ഉത്തരൻ ഇറങ്ങുകയാണ്. പക്ഷേ നല്ലൊരു തേരാളിയില്ലാതെ ജ്യേഷ്ഠൻ വിഷമിക്കുന്നു. ബൃഹന്നളേ, നിങ്ങൾ അർജുനന്റെ തേരു തെളിച്ചിട്ടുണ്ടെന്ന് സൈരന്ധ്രി പറയുന്നു. വരൂ എന്റെ ജ്യേഷ്ഠനെ സഹായിക്കൂ.'

ഇതുകേട്ട് ബൃഹന്നള കുമാരിയോടൊപ്പം ഉത്തരന്റെ അരികിലേക്കു താളത്തിൽ നടന്നു ചെന്നുവന്ദിച്ചു. 'രാജകുമാരാ, ഇവൾക്ക് പാട്ടും കൊട്ടും ആട്ടവുമൊക്കെ വശമുണ്ടെങ്കിലും തേരു തെളിക്കാനാവുമോ?' എന്ന് ശങ്കയോടെ ചോദിച്ചു. എങ്കിലും ശ്രമിക്കാമെന്ന അവന്റെ വാക്കുകേട്ട് ഉത്തരൻ പോരിനൊരുങ്ങി. ബൃഹന്നളയ്ക്ക് പോർച്ചട്ട നൽകിയപ്പോൾ 'ഇതെങ്ങനെയാണ് ധരിക്കേണ്ടത്? എന്ന ചോദ്യവുമായി അത് എടുത്തു നോക്കുന്നതും മേൽപ്പോട്ടു പൊക്കി, മെയ്യിൽ ഇടാൻ പാടുപെടുന്നതുമൊക്കെക്കണ്ട് അന്തപ്പുരത്തിലെ പെണ്ണുങ്ങൾ പൊട്ടിച്ചിരിച്ചു. പോർച്ചട്ട ധരിക്കാനറിയാതെ പരുങ്ങുന്ന ബൃഹന്നളയെ ഉത്തരൻ തന്നെ ചട്ടകെട്ടിച്ചു!

തേരൊരുങ്ങി, കൊടിയുയർന്നു. തേരിൽ പാടുപെട്ടു പിടിച്ചു കയറുന്ന ബൃഹന്നളയോട് അന്തപ്പുരസ്ത്രീകൾ ചിരിച്ചുകൊണ്ട് പറഞ്ഞു. 'ബൃഹന്നളേ, ജയിച്ചുവരുമ്പോൾ യുദ്ധക്കളത്തിൽ നിന്ന് നല്ല പട്ടുകളും ഭൂഷണങ്ങളുമൊക്കെ എടുത്തുകൊണ്ടു വരണേ.'

'അങ്ങനെയാവട്ടെ' എന്നു പറഞ്ഞ് ബൃഹന്നള തേരു മുന്നോട്ടെടുത്തു. കന്യകമാർ ദീപമുഴിഞ്ഞ് ഉത്തരന് വിജയമംഗളം നേർന്നു.

നഗരംവിട്ടു കുറച്ചു ചെന്നപ്പോൾ ഉത്തരൻ പറഞ്ഞു. 'ബൃഹന്നളേ, വേഗം വിടൂ കുതിരകളെ. കുരുസൈന്യത്തെ മുടിച്ചു വിജയിയായി മടങ്ങിയെത്താൻ എനിക്കു തിടുക്കമായി.'

ഉടനെ ബൃഹന്നള കുതിരകളെ അതിവേഗം പായിച്ചു. രഥവേഗം പൊറുക്കാഞ്ഞ് ഉത്തരൻ 'പതുക്കെ പതുക്കെ' എന്നു പറഞ്ഞു തുടങ്ങി. അപ്പോൾ അതാ അകലത്ത് കടൽ പോലെ പൊടിപൊങ്ങിച്ചുകൊണ്ട് കൗരവസൈന്യം പ്രത്യക്ഷമായി. ആനയും തേരും കാലാളുമൊത്ത ആ വൻപട പൊടിപടലമുയർത്തി നിൽക്കുന്ന നില കണ്ട് ഉത്തരൻ മനസ്സുമങ്ങി കണ്ണുമങ്ങി ബൃഹന്നളയോടു പറഞ്ഞു. 'പിന്തിരിയൂ ബൃഹന്നളേ, വേണ്ട വേണ്ട, മുന്നോട്ടു പോകേണ്ടാ. ശത്രുസൈന്യം അതിവിപുലമാണ്. മഹാവീരന്മാരായ ദുര്യോധനനും കർണനും ദ്രോണരുമൊക്കെ നയിക്കുന്ന ആ പെരുംപടയെ ഞാൻ വെറും ബാലൻ എങ്ങനെ എതിർക്കാനാണ്! മടങ്ങിപ്പോകാം. ബൃഹന്നളേ, എനിക്കു തല കറങ്ങുന്നു.' തേരു നിർത്താതെ മുന്നോട്ടുതന്നെ കുതിക്കുന്നതു കണ്ട് ഉത്തരൻ കരഞ്ഞു തുടങ്ങി. 'എന്റെ അച്ഛൻ ബാലനായ എന്നെ തനിച്ചു വിട്ടിട്ടു പോയില്ലേ! എനിക്കു വയ്യാ, പിന്തിരിക്കൂ ബൃഹന്നളേ, വയ്യെനിക്ക്.'

ബൃഹന്നള പറഞ്ഞു. 'രാജകുമാരാ, ശത്രുമധ്യത്തിൽ എത്തിക്കുവാൻ അങ്ങല്ലേ എന്നോടു കല്പിച്ചത്! ഇപ്പോൾ പേടിയോ! പെണ്ണുങ്ങളുടെ നടുവിൽ വീരത്വം കുറച്ചൊന്നുമല്ലല്ലോ പറഞ്ഞത്. ഇവരെപ്പേടിച്ച് തിരിച്ചോടിച്ചെന്നാൽ അവരെല്ലാം പരിഹസിക്കില്ലേ! ഞാനില്ലാ തേരു തിരിക്കുവാൻ!'

ഉത്തരൻ കരയാൻ തുടങ്ങി. 'ബൃഹന്നളേ, നമ്മുടെ പശുക്കളെ അവർ കൊണ്ടു പൊയ്ക്കോട്ടെ. ആരുവേണമെങ്കിലും പരിഹസിക്കട്ടെ, എനിക്കു യുദ്ധം വേണ്ടാ, എനിക്കു വീട്ടിൽ പോയി അമ്മയെ കാണണം. ഞാൻ പോകുന്നു.' ഉത്തരൻ തേരിൽ നിന്നെടുത്തു ചാടി ഓടിത്തുടങ്ങി. 'ക്ഷത്രിയനായ നീ പേടിച്ചോടുകയോ!' എന്നു ചോദിച്ചുകൊണ്ട് ബൃഹന്നള തേരുവിട്ട് ഉത്തരന്റെ പിന്നാലെ കുതിച്ചെത്തി. പിന്നിയിട്ട നീണ്ട മുടിയും ഉലഞ്ഞ പട്ടുചേലയുമായി ഓടുന്ന ബൃഹന്നളയെ ദൂരെനിന്നു കണ്ട കൗരവസൈനികർ പൊട്ടിച്ചിരിച്ചു. 'ആരെടാ ഇവൻ! അല്ലാ ഇവൾ! മുമ്പേ ഓടുന്നവനാര്? ആണും പെണ്ണുമല്ലാത്ത ആ ദീർഘകായന്റെ ഓട്ടം കണ്ടില്ലേ?' പക്ഷേ ചിരിവരാത്ത പലരുമുണ്ടായിരുന്നു ആ സൈനികരുടെ കൂട്ടത്തിൽ. അവർ തമ്മിൽത്തമ്മിൽ പറഞ്ഞു. 'നോക്കൂ! വേഷം

മാറിയ ഏതോ ദേവനാണവൻ! ചാമ്പൽമൂടിയ അഗ്നിപോലെ അവൻ ശോഭിക്കുന്നു. ആ ദീർഘബാഹുക്കൾ നോക്കൂ, പരിഘം പോലുള്ള ചുമലുകൾ നോക്കൂ! അർജുനന്റെ ഛായയില്ലേ അവന്?'

അവരിങ്ങനെ ചിന്തിച്ചുനിൽക്കവേ ബൃഹന്നള ഓടിച്ചെന്ന് ഉത്തരന്റെ കുടുമക്കെട്ടിൽ പിടിച്ചുനിർത്തി. ഉത്തരൻ ഉച്ചത്തിൽ നിലവിളിച്ചു. 'കല്യാണീ, സുന്ദരി, ബൃഹന്നളേ, നമുക്കു തിരിച്ചുപോകാം. ഞാൻ നിനക്കു നൂറു സ്വർണനാണയം തരുന്നുണ്ട്. എട്ടു രത്നങ്ങളും പൊന്നുകെട്ടിയ തേരും ആനയും നിനക്കുള്ളത്. എന്നെ ജീവിക്കാൻ അനുവദിക്കൂ, എന്നെ വിടൂ ബൃഹന്നളേ.' ഉറക്കെക്കരയുന്ന അവനെ വലിച്ചു തേരിലേറ്റിയിട്ട് ബൃഹന്നള ശാസിച്ചു. 'നാണമില്ലാതെ നിലവിളിക്കുന്നോ? നിർത്ത്! യുദ്ധംചെയ്യാൻ വയ്യെങ്കിൽ വേണ്ടാ; ഈ തേരുതെളിക്ക്. ഞാൻ ചെയ്യാം യുദ്ധം!' വല്ലപാടും ഉത്തരനെ ആശ്വസിപ്പിച്ച് തേരോടിച്ച് വരുന്ന ബൃഹന്നളാവേഷധാരിയെ ദൂരെക്കണ്ട് ആചാര്യ ദ്രോണർ ഇങ്ങനെ പറഞ്ഞു. 'നോക്കുവിൻ! ദുർലക്ഷണങ്ങൾ കാണുന്നുണ്ട്. ആപത്തു വരുന്നു- വ്യൂഹം ഉറപ്പിച്ച് പോരിനൊരുങ്ങി നിൽക്കുവിൻ. ഉഗ്രനായ ശത്രു വരുന്നുണ്ട്. ഇത് മറ്റാരുമല്ല. പ്രച്ഛന്നനായ അർജുനൻ തന്നെ! മഹാവീരനായ പാർഥൻ, വിജയനെന്നു കേൾവിപ്പെട്ടവൻ! കാട്ടാളമൂർത്തിയായി വന്ന പരമശിവനെപ്പോലും യുദ്ധവീര്യത്താൽ പ്രസന്നനാക്കിയവൻ!' ഇതു കേട്ട ദുര്യോധനൻ ആഹ്ലാദിച്ചു. 'കർണാ, അക്കാണുന്നവൻ പാർഥനാണെങ്കിൽ നാം ജയിച്ചു. വാക്കുതന്നതനുസരിച്ച് അവർ വീണ്ടും പന്ത്രണ്ടുവർഷം കാട്ടിൽപ്പോയി വസിക്കേണ്ടതു തന്നെ! അല്ല, മറ്റേതോ ഒരുത്തൻ ഷണ്ഡവേഷത്തിൽ വരുന്നതാണെങ്കിൽ അവനെ ഞാൻ എന്റെ കൂരമ്പുകൾകൊണ്ടു കൊന്നുവീഴ്ത്തും.'

ഇവരിങ്ങനെ പറഞ്ഞു നിൽക്കുന്നതിനിടയിൽ അർജുനൻ തേരോടിച്ച് തങ്ങൾ ആയുധങ്ങൾ ഒളിപ്പിച്ചിരിക്കുന്ന ശമീവൃക്ഷത്തിനരികിൽ കൊണ്ടുചെന്നു നിർത്തി. 'രാജകുമാരാ, ആ മരത്തിൽ കയറി അതിന്റെ വൻപൊത്തിലുള്ള കെട്ടുകൾ എടുക്കുക. പാണ്ഡവന്മാരുടെ വില്ലുകളും അമ്പുകളും വാളുകളും അങ്ങതിൽ കാണും. എനിക്ക് രാജകുമാരന്റെ ഈ വില്ലുകൊണ്ട് യുദ്ധം ചെയ്യാനാവില്ല, എന്റെ ഊക്ക് ഈ വില്ലു താങ്ങുകയില്ല. കയറി എടുത്തുകൊണ്ടു വരൂ ആയുധക്കെട്ടുകൾ.'



ഈ ആജ്ഞകേട്ട് ഉത്തരൻ വിഷമത്തോടെ ചോദിച്ചു. 'ബൃഹന്നളേ, ഈ മരത്തിൽ ഒരു ശവം തൂങ്ങിക്കിടന്നതായി കേട്ടിട്ടുണ്ട്- പിന്നെ ഞാനെങ്ങനെ കയറുമിതിൽ! ഞാനൊരു മന്ത്രശുദ്ധനായ രാജകുമാരനല്ലേ! ഞാൻ ഈ മര

ത്തിൽ തൊട്ടാൽ അശുദ്ധമാവുകില്ലേ?'

ബൃഹന്നള ചിരിച്ചു. 'ഞാൻ നിന്ദ്യമായ ഒരു കാര്യവും മത്സ്യരാജകുമാരനെക്കൊണ്ടു ചെയ്യിക്കുകയില്ല. എടുത്തുകൊണ്ടുവരൂ ആയുധങ്ങൾ!'

ഉത്തരൻ തന്റെ രത്നകുണ്ഡലങ്ങൾ ആടുമാറ് തേരിൽനിന്നു ചാടി പാടുപെട്ടു ശമീവൃക്ഷത്തിൽ കയറി- ഇലകൾ കൊണ്ടു ചുറ്റിമറയ്ക്കപ്പെട്ട വില്ലുകളും അമ്പുകളും വാളുമെല്ലാം താഴെയെത്തിച്ചു. അവയെ നേരെ കണ്ട ഉത്തരൻ നടുങ്ങി അമ്പരന്നു നിന്നുപോയി. മറച്ച ഇലച്ചുറ്റുകൾ മാറ്റിയപ്പോൾ അവയിൽ നിന്നു രശ്മികൾ ചിതറി. പൊന്നിൻ കെട്ടുകളുള്ളവയും സുവർണ ബിന്ദുക്കൾ പതിച്ചവയും മിന്നാമിനുങ്ങുകളുടെയും ശലഭങ്ങളുടെയും സുവർണ ചിത്രങ്ങൾ ആലേഖനം ചെയ്യപ്പെട്ടവയുമായ കൂറ്റൻ പടവില്ലുകൾ ദിവ്യശോഭ ചിന്തുന്നതു കണ്ട് ഉത്തരൻ ഭയത്തോടെ കൈകൂപ്പി നിന്നു. പൊന്നാവനാഴികളിൽ അറ്റം കൂർത്തു വെളുത്തും കഴുകൻ തൂവൽ ചിറകുവെച്ചും അമ്പുകൾ വിളങ്ങി. പുലിയുടെ ചിഹ്നമുള്ളവയും അർധചന്ദ്രാകൃതിയിലുള്ളവയുമായ കൂർത്തുമൂർത്ത അമ്പുകൾകണ്ട് ഉത്തരൻ സ്തബ്ധനായിപ്പോയി. വാളുകളോ? കഠിന ഭാരമുള്ളവയും സൂര്യകാന്തിപ്പൊന്നുറയിൽ ഇട്ടിരിക്കുന്നവയും കാളത്തോലുറയിൽ ഇട്ടിരിക്കുന്നവയുമായ കറുത്തു മിന്നൽപോലെ തിളങ്ങുന്ന പൊന്നുകെട്ടിയ വാളുകളുടെ ദിവ്യത്വം കണ്ട് ഉഴലുന്ന ഉത്തരനോടു ബൃഹന്നള പറഞ്ഞു.

'ഉത്തരാ, എവിടെയാണ് ഇവയുടെ ഉടമകളായ പാണ്ഡവർ എന്നു നീ ശങ്കിക്കുന്നുവല്ലേ? ശങ്ക വേണ്ടാ. ഇതാ ഞാനാണ് അർജുനൻ! നിന്റെ അച്ഛന്റെ സദസ്യനായ കുങ്കനാണ് യുധിഷ്ഠിരമഹാരാജാവ്. നിന്റെ അച്ഛനു പാചകംചെയ്തു നൽകുന്ന വല്ലവനാണ് ഭീമസേനൻ. നകുലൻ അശ്വങ്ങളെ നോക്കുന്ന ദാമഗ്രന്ഥിയാണ്. സഹദേവൻ കാലിക്കൂട്ടത്തിൽ കഴിയുന്ന തന്ത്രീപാലനാണ്, നിന്റെ അമ്മയുടെ സൈരന്ധ്രിയായ മാലിനിയാണ് കേളികേട്ട ദ്രൗപദി.'

ഉത്തരൻ കൈകൂപ്പി നിന്നുകൊണ്ടു കണ്ണുനീരോടെ പറഞ്ഞു. 'അങ്ങ് അർജുനനെങ്കിൽ അങ്ങയുടെ പത്തു നാമങ്ങളും എനിക്കു പറഞ്ഞുതന്നാലും.'

'അർജുനൻ, ഫൽഗുനൻ, പാർഥൻ, കിരീടി, വിജയൻ, ജിഷ്ണു, ശ്വേതാശ്വൻ, ബീഭത്സു, സവ്യസാചി, ധനഞ്ജയൻ,' എന്ന പേരുകൾ മുഴങ്ങിക്കേട്ട് ഉത്തരൻ ബൃഹന്നളാവേഷധാരിയുടെ പാദത്തിൽ വീണു. 'മഹാവീര, മഹാഭുജ, ഹേ, ധനഞ്ജയ, ഞാൻ അറിയാതെ പറഞ്ഞവാക്കുകളെല്ലാം പൊറുക്കണമേ, ഇതാ എന്റെ ഭയമെല്ലാം തീർന്നിരിക്കുന്നു- അങ്ങു കല്പിച്ചാലും- എന്താണു ഞാൻ ചെയ്യേണ്ടത്!'

അർജുനൻ പറഞ്ഞു. 'സന്തോഷമായി ഉത്തരാ, നീ ധൈര്യമായി എന്നോടൊപ്പം വരിക. നിന്റെ പശുക്കളെ ഞാൻ വീണ്ടെടുത്തു തരാം. ആയുധങ്ങളെടുത്ത് നീ തേരിലേറുക.'

ഉത്തരൻ ആയുധഭാണ്ഡങ്ങളെടുത്ത് തേരിൽ കയറി 'മഹാബാഹോ, അങ്ങയ്ക്ക് ഈ ക്ലീബവേഷം ഇണങ്ങുന്നില്ല. നമുക്കു യുദ്ധത്തിനു പോകാം. ഞാൻ അങ്ങയ്ക്കു പ്രിയമാകുംപോലെ തേരു നടത്തിക്കൊള്ളാം. വന്നാലും.'

അർജുനൻ ചിരിച്ചുകൊണ്ടു പറഞ്ഞു. 'കുമാരാ, ഒരു വർഷത്തേക്കാണ് ഞാനീ ഘോരമായ വ്രതം ഏറ്റെടുത്തത്, ആ ഒരു വർഷം ഇന്നു കഴിഞ്ഞിരിക്കുന്നു, കണ്ടുകൊള്ളുക.'

ബൃഹന്നള കൈകളിൽനിന്നു വളകൾ ഊരിയെറിഞ്ഞു. ചുറ്റി ഉടുത്തിരുന്ന പട്ടു ചേലയെടുത്തു കുത്തിയുടുത്തു വിരിഞ്ഞ മാറോടെ നിവർന്നു നിന്നു. തേരിൽനിന്നു പൊന്നണിപ്പടച്ചട്ടയെടുത്തു ചാർത്തി. ചുരുണ്ടിരുണ്ട കേശംചുറ്റി വെള്ളപ്പട്ടുകൊണ്ട് തലപ്പാവുകെട്ടി അതിന്മേൽ സുവർണകിരീടം ധരിച്ചു. എന്നിട്ട് കിഴക്കോട്ടുനോക്കി പ്രാർഥിച്ചു. 'അസ്ത്രദേവതകളേ, ഇതാ സ്വന്തരൂപം നേടിയ അർജുനൻ വീണ്ടും നിങ്ങളെ ആശ്രയിക്കുന്നു. എന്നിൽ പ്രസാദിച്ചാലും.'

അതാ അർജുനൻ നീണ്ടുരുണ്ട കൈയുയർത്തി ഗാണ്ഡീവചാപമെടുത്തു കുലച്ച് ഞാണൊലി മുഴക്കി ദിഗന്തങ്ങളെ ഞെട്ടിക്കുന്നു! ധ്യാനിച്ച മാത്രയിൽ ഉത്തരന്റെ തേരിനു മുകളിൽ പാർഥന്റെ കപിധ്വജം ഉയർന്നു. മത്സ്യരാജാവിന്റെ കൊടിക്കുപകരം പൊൻനിറത്തിൽ സിംഹലാംഗൂലമുള്ളതും ഹനുമാന്റെ രൂപം വിളങ്ങുന്നതുമായ കൊടി പറന്നു. വൻമുഴക്കത്തോടെ തേരു വടക്കോട്ടു നീങ്ങി- ദേവദത്തമെന്ന മഹാശംഖുമെടുത്ത് വിജയൻ അത്യുച്ചത്തിൽ ഊതിയപ്പോൾ ഉത്തരൻ നടുങ്ങി തലചായ്ച്ചുപോയി. കുതിരകൾ പേടിച്ചു മുട്ടുകുത്തിപ്പോയി. അവരെയെല്ലാം ആശ്വസിപ്പിച്ച് വീരപാണ്ഡവൻ മുന്നോട്ടു നീങ്ങി.

ഇടിവെട്ടുംപോലുള്ള ഞാണൊലിയും ശംഖനാദവും രഥചക്രഘോഷവും കേട്ട് ദ്രോണാചാര്യർ പറഞ്ഞു.

'ഇതാ ഭൂമികുലുക്കി ആ വരുന്നവൻ അർജുനൻ തന്നെയെന്നു നിശ്ചയം! നമ്മുടെ കുതിരകൾ ഭയപ്പെടുന്നു, ദുർലക്ഷണങ്ങൾ കാണുന്നു. കുറുനരി സൈന്യമധ്യത്തിൽ വന്ന് ഓരിയിടുന്നു. മഹാഭയം വരുന്നു എന്ന റിയിച്ചുകൊണ്ട് അതാ വാനത്ത് ഇടതുവശത്ത് കൊള്ളിമീൻ ചാടുന്നു! നമ്മുടെ സൈനികർ മുഖംവിളറി ബുദ്ധികെട്ടു നിൽക്കുന്നതു നോക്കൂ, നിങ്ങൾ മത്സ്യന്റെ പശുക്കൂട്ടത്തെ വിട്ടയയ്ക്കുവിൻ. എന്നിട്ട് വ്യൂഹമുറപ്പിച്ച് പോരിനൊരുങ്ങാം.'

ദുര്യോധനൻ കുപിതനായി. 'ആരെയാണ് നിങ്ങൾ ഭയപ്പെടുന്നത്! വരുന്നതു മത്സ്യരാജാവായാലും ശരി, ദേവേന്ദ്രനായാലും ശരി, നാം പോരാടി ജയിക്കും. അല്ല ഇത് അർജുനനാണെങ്കിലോ, അവൻ വാക്കു തെറ്റിച്ചിരിക്കുന്നു. പതിമൂന്നുവർഷം തികയാതെ അവരിലൊരുവൻ വെളിപ്പെട്ടാൽ വീണ്ടും പന്ത്രണ്ടുവർഷം കാട്ടിൽ കഴിയണമെന്നതാണു കരാർ. അവനാണെങ്കിൽ നമുക്കെന്ത്? എന്തിന് അർജുനനെ ഇത്രമേൽ ഗുരു പ്രശംസിക്കുന്നു! ഉണ്ട ചോറിന് ഉചിതം കാണിക്കേണ്ടതല്ലയോ? കുരുസൈന്യങ്ങളെന്തിനു ഭയപ്പെടുന്നു! നാട്ടിൽ ഇടിവെട്ടും, കൊള്ളിമീൻ ചാടും, കുറുനരി ഓരിയിടും, അതിനൊക്കെ വീരക്ഷത്രിയർ പേടിച്ചു പിന്മാറുകയോ!.... വരുവിൻ! വ്യൂഹം ചമയ്ക്കുവിൻ. ശത്രു എത്തിക്കഴിഞ്ഞു.'

ദുര്യോധനനോട് കർണൻ പറഞ്ഞു. 'എന്തിനാണ് എല്ലാവരും ഭയക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ആ വരുന്നതു വിരാടരാജാവാകട്ടെ, പാർഥനാവട്ടെ, എന്റെ മഹാചാപത്തിൽ നിന്നു കൂരമ്പുകൾ പായിച്ച് ഞാനവനെ തകർക്കും. ആരുണ്ടെന്റെ അമ്പുകൾ തടുക്കുവാൻ! പാമ്പിനെ ഗരുഡനെന്നതുപോലെ പാർഥനെ ഞാൻ അടക്കുന്നതാണ്.'

കർണൻ വീരവാദം തുടർന്നു. കൃപരും അശ്വഥാമാവും ഭീഷ്മരുമെല്ലാം ചേർന്ന് ദുര്യോധനനെ സമാധാനിപ്പിച്ചുകൊണ്ട് പോരിനൊരുങ്ങി. ഭീഷ്മർ പറഞ്ഞു. 'ദുര്യോധനാ, വർഷങ്ങളും മാസങ്ങളും ദിവസങ്ങളും മണിക്കൂറുകളും എണ്ണി കാലം ഗണിച്ചു നോക്കാതെ ധർമപുത്രന്റെ അനുജൻ മൂഢത്വമൊന്നും കാട്ടുകയില്ല. പതിമൂന്നു വർഷം കഴിഞ്ഞിരിക്കുന്നു. അതിനാലാണ് അർജുനൻ നേരിട്ടുവരുന്നത്. ഉചിതമായത് ചെയ്യൂ ദുര്യോധനാ, നിന്റെ വാക്കു പാലിക്കൂ.' ദുര്യോധനൻ ചൊടിച്ചു. 'എന്തുവന്നാലും ഞാൻ രാജ്യം മടക്കിക്കൊടുക്കുകയില്ല. നിശ്ചയം, പിതാമഹാ, യുദ്ധത്തിനൊരുങ്ങുക' *(തുടരും)*


## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകങ്ങൾ

**അപ്പൂന്റെ ഘടികാരം**
കെ പി മുരളീധരൻ
180രൂപ

**തൈ നടാനും ചില കാരണങ്ങൾ**
വെങ്കി
130രൂപ

**ഒളിക്കാൻ ഒരിടം**
ടി ആർ രാജേഷ്
110രൂപ

**എവിടെ എന്റെ ഡിപ്പി**
രാജീവ് എൻ ടി
100രൂപ

**കത്തിരിക്കക്കഥകൾ**
ജി എസ് ഉണ്ണികൃഷ്ണൻ നായർ
75രൂപ

**നെല്ലിക്ക**
രാധാകൃഷ്ണൻ എടച്ചേരി
40രൂപ

**ജി ശങ്കരക്കുറുപ്പ്**
ആര്യനാട് സനൽകുമാർ
100രൂപ

**ലണ്ടൻ യാത്ര**
കുസുമം പുന്നപ്ര
35രൂപ

**മീരയും കൂട്ടുകാരും**
ജോസാന്റണി കുരീപ്പുഴ
85രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

സെയിൽസ് വിഭാഗം
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276

email: sales@ksicl.org

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## ഉണങ്ങാത്ത മുറിവ്

**നന്ദ പ്രദീപ്,**
**ക്ലാസ് 9, സി കെ എം എച്ച് എസ് എസ്,**
**കോരുത്തോട്, മുണ്ടക്കയം, കോട്ടയം**



സ്കൂളിൽ ഏതു വിഷയത്തിൽ ക്വിസ് മത്സരം നടത്തിയാലും അമ്മ ഉറപ്പായും എന്റെ പേരു ചേർത്തിരിക്കും. അതുകൊണ്ടാകാം ക്വിസ് മത്സരത്തിനായി പങ്കെടുക്കുന്നത് എനിക്കൊരു ശീലമായി കഴിഞ്ഞിരുന്നു. അതുമാത്രമല്ല അവിടെ അധ്യാപികയായതുകൊണ്ട് പേരുചേർക്കലും വളരെ എളുപ്പമായിരുന്നു.

അതല്ലായിരുന്നു അതിന്റെ രസം. ഞാൻ ഏതു മത്സരങ്ങളിൽ പങ്കെടുത്താലും ഒരുവിധം നല്ല മാർക്കുപോലും കിട്ടാറില്ല. അതിന് എന്റെ സ്കൂളിലെ സംസ്കൃത അധ്യാപകൻ എന്നെ ഇടയ്ക്കിടെ കളിയാക്കുമായിരുന്നു. സ്കൂളിലും ക്ലാസ്സിലും കൂട്ടുകാരുടെ പരിഹാസം എനിക്കു കേൾക്കേണ്ടി വന്നു.

ആയിടയ്ക്കായിരുന്നു കേരളപ്പിറവി എത്തിയത്. ഏകദേശം ഒരാഴ്ചയ്ക്കുമുമ്പ് അതുമായി ബന്ധപ്പെട്ട ക്വിസ് മത്സരത്തെക്കുറിച്ചു ഹെഡ്മിസ്ട്രസ് അറിയിച്ചു. വീണ്ടും പരിഹാസങ്ങൾ ഏറ്റുവാങ്ങാൻ ഞാൻ തയ്യാറായിരുന്നില്ല. ഞാൻ വീട്ടിലേക്കു തിരിച്ചു. കൈയിൽ തൂങ്ങി അനിയൻ ഞെളിപിരികൊള്ളുന്നു. ഒരു വിധത്തിൽ ഞാൻ വീട്ടിലെത്തി. അനിയൻ വീട്ടിലേക്ക് ഓടി. ഞാൻ ബാഗിന്റെ ഒരു ചെറിയ അറയിൽ നിന്നു താക്കോലെടുത്തു തുറന്നു. അവൻ അകത്തേക്കു പാഞ്ഞു. ഞാൻ, രണ്ടു ബാഗുകളുമായി അകത്തേക്കു നീങ്ങി,



വര: ഗോപു പട്ടിത്തറ



അഞ്ജന എസ് രാജ്,
ക്ലാസ്10, ബേക്കർമെമ്മോറി
യൽ ഗേൾസ് ഹൈസ്കൂൾ,
കോട്ടയം 01

രണ്ടും കസേരയിൽ വച്ചശേഷം ഞാൻ ഇരുന്നു. അനിയൻചോദിച്ചു

''മിഠായി കിട്ടിയില്ലെ കൊച്ചേച്ചി?''

''ഇല്ല.'' ഞാൻ പറഞ്ഞു.

''എങ്കിൽ പോ, ഞാൻ മിണ്ടില്ല.'' അവൻ.

''നാളെ തരാം മോനേ.'' ഞാൻ.

മുഖവും വീർപ്പിച്ച് അവൻ അകത്തേക്കു പോയി.

ഞാൻ ആ കസേരയിൽ ആലോചിച്ചുകൊണ്ട് ഇരിക്കുമ്പോൾ അമ്മ വന്നു. അമ്മ വസ്ത്രം മാറി വന്നിട്ടു ചോദിച്ചു. ''നമുക്ക് ഒന്നു ശ്രമിച്ചാലോ?''

''എന്ത്?'' ഞാൻ ചോദിച്ചു.

''കേരള ക്വിസ്..'' അമ്മ.

''എത്ര പഠിച്ചാലും എന്റെ തലയിൽ കയറില്ല.'' ഞാൻ പറഞ്ഞു.

തളർന്ന എന്റെ മനസ്സിൽ അമ്മ ഒരു പുതിയ സൂര്യനെ ഉദിപ്പിച്ചെടുത്തു.

ആത്മവിശ്വാസം പകർന്നുതന്നു. രാത്രിയിലും പകലും വിനോദങ്ങൾ മാറ്റിവച്ച് അധ്വാനിച്ചു.

എല്ലാം പഠിച്ചു. ആവർത്തിച്ചു, മനസ്സിലുറപ്പിച്ചു. അമ്മയുണ്ട് എന്നും കൂടെ. രാത്രിയിൽ ഉറക്കമിളച്ചിരുന്നു പഠിക്കുമ്പോളും അമ്മ കൂടെയുണ്ടായിരുന്നു.

ക്വിസ് മത്സരം എത്തി.

ക്ലാസ്സിൽ നിന്നു പത്തുപേർ ക്വിസ് മത്സരത്തിനെന്നു പറഞ്ഞു. ഞാൻ ഒപ്പം ദൈവത്തെ വിചാരിച്ചുകൊണ്ടു യാത്രയായി. ലൈബ്രറിയുടെ മുന്നിൽ അതാ പ്രതിഷ്ഠിച്ചിരിക്കുന്നു സംസ്കൃത അധ്യാപകനെ. ''നിൽക്ക്.'' ഒരു ക്ലാസ്സിൽ നിന്നു മൂന്നുപേർ മതി.''

എന്റെ ക്ലാസ്സിലെ നന്ദു സോമനോടു ചോദിച്ചു. അവനാണ് ക്വിസ്സിൽ ഒന്നാമൻ. അവൻ പറഞ്ഞു അബിൻ, അജിമോൻ. എന്റെ കണ്ണുകൾ നിറഞ്ഞു. ഞാൻ സാറിനോട് എത്ര അപേക്ഷിച്ചിട്ടും കേട്ടില്ല. വിതുമ്പിക്കൊണ്ടു ഞാൻ ക്ലാസ്സിലേക്ക്. ക്ലാസ്സിൽ എത്തിയപ്പോൾ എല്ലാവരും എന്നെ നോക്കി പൊട്ടിച്ചിരിച്ചു. കണ്ണുനീർത്തുള്ളികൾ എന്റെ കവിളിലൂടെ ഒലിച്ചു. ഞാൻ വിതുമ്പിക്കൊണ്ട് ബഞ്ചിലിരുന്നു. അടുത്ത പിരിഡിൽ ക്വിസ് മത്സരം കഴിഞ്ഞു കുട്ടികൾ എത്തി. ഞാൻ അവരോടു എല്ലാം ചോദ്യങ്ങളും ചോദിച്ചു. അവർ എല്ലാം പറഞ്ഞു.

പെട്ടെന്നായിരുന്നു അവരുടെ വാക്കുകൾ ഒരു കൂർത്ത സൂചിയായി മാറിയതും അതെന്റെ കണ്ണുകളിൽ തറയ്ക്കുകയും എന്റെ കണ്ണിൽ നിന്ന് കണ്ണുനീർ പൊടിഞ്ഞതും. എന്തെന്നാൽ ആ ചോദ്യമാലയിലെ ഓരോ ഉത്തരവും ഞാൻ മനപാഠമാക്കിയത്.

ഈ മുറിവ് ഇന്നുവരെ ഉണങ്ങിയിട്ടില്ല. അതിന്റെ പാടുകൾ അവിടെ മായാതെ കിടക്കുന്നു. ഇതോർക്കുമ്പോൾ ഇന്നും അറിയാതെ കണ്ണുനിറയും.

ഉണ്ടാക്കാം

# ചലിക്കും മനുഷ്യൻ

അരവിന്ദ് ഗുപ്ത
ഡിസൈൻ K V Potdar


കട്ടിക്കടലാസു കൊണ്ട് ചലിക്കും മനുഷ്യനെ നിർമ്മിക്കാം.






**ആവശ്യമുള്ള സാധനങ്ങൾ**

- കട്ടിക്കടലാസ്
- സ്റ്റേപ്ലർ
- കത്രിക



1 മനുഷ്യന്റെ ഉടലും കൈകളും കാലുകളും ചിത്രത്തിലേതുപോലെ കട്ടിക്കടലാസിൽ വരച്ചെടുക്കുക.






2 ഓരോ ഭാഗവും കത്രികയുപയോഗിച്ച് മുറിച്ചെടുക്കുക.



3 കൈയുടെയും കാലിന്റെയും രണ്ടുഭാഗവും അൽപ്പം ഉള്ളിലേക്കു നിൽക്കുന്ന വിധത്തിൽ സ്റ്റേപ്ലർ ഉപയോഗിച്ച് പിൻചെയ്യണം.



4 രണ്ടുഭാഗവും ചലിപ്പിക്കാനാകണം.



5 തയ്യാറാക്കിയ കൈകളും കാലുകളും ഉടലിനോട് ചേർത്ത് സ്റ്റേപ്പിൾ ചെയ്യണം.




5 കൈകളും കാലുകളും യഥേഷ്ടം അനക്കി ഓടുകയും ചാടുകയും നടക്കുകയും നൃത്തം ചെയ്യുകയും ചെയ്യുന്ന മനുഷ്യനെ ഉണ്ടാക്കി നോക്കൂ..

Printed and Published by **Dr. Paul Manalil** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം

**ഭരണിക്കാവ് കൃഷ്ണൻ**

e, H എന്നീ
അക്ഷരങ്ങളാൽ
ഒരു കുട്ടിയെ വരയ്ക്കാം.





## തളിര് വരിക്കാരാവാൻ എന്തു ചെയ്യണം?

160രൂപയാണ് തളിര് മാസികയുടെ വാർഷികവരിസംഖ്യ. ഡിഡി/മണിയോർഡർ ആയി വരിസംഖ്യ അടയ്ക്കാം.

**വിലാസം**
എഡിറ്റർ, തളിര് മാസിക, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, തിരുവനന്തപുരം 34

തളിര് പ്രമോട്ടർമാർ വഴിയും പണമടക്കാവുന്നതാണ്. പ്രമോട്ടർമാരുടെ വിവരങ്ങൾ http://ksicl.org എന്ന വിലാസത്തിൽ ലഭ്യമാണ്.

സ്കൂളുകൾ തളിര് മാസികയ്ക്ക് വരിസംഖ്യ അടയ്ക്കുമ്പോൾ പ്രത്യേക ആനുകൂല്യങ്ങളും ഉണ്ട്. വിശദവിവരത്തിനായി 0471-2327276, 2333790 എന്നീ നമ്പറുകളിൽ 11 മണിക്കും 5 മണിക്കും ഇടയിൽ വിളിക്കുക. thaliru@ksicl.org എന്ന ഇമെയിലിൽ ബന്ധപ്പെട്ടാലും വിശദവിവരം ലഭിക്കുന്നതാണ്.

**എഡിറ്റർ**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 July2016
Regd KL/TV (N)/399/2015-2017 Published on 29-06-2016 Vol:22, Issue:7, ₹15

# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു –
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം

